2025 JUNE 8

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: [illegible]emalayalee.com | Phone: 917 324 4907; 917 66[illegible]



# ട്രംപ്– മസ്ക് കലഹം എത്ര നാൾ ?

## ഇന്ത്യക്ക് പിന്തുണ ഉറപ്പിച്ച് തരൂരും സംഘവും


AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION & SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
At RiverCenter,
10 W Rivercenter Blvd,
Covington, KY 41011
NORTHERN KENTUCKY
CONVENTION CENTER
This conference will host Physicians,Healthcare professionals, and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Confirmed Guests and Dignitaries
Bobby Mukkamala MD
Michael Suk MD
Mario R Capecchi PHD
Satheesh Kathula, MD President, AAPI
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
Sunil Kaza, MD Chairman, AAPI BOT
Register Now at: www.aapiconvention.org | info@aapiusa.org




# ഉന്നതങ്ങളിലെ കലഹം

വാഷിംഗ്ടൺ, ഡിസി: പ്രസിഡന്റ് ട്രംപിന് ലഭിച്ച ഏറ്റവും വലിയ പ്രഹരമായി ഉറ്റ അനുചരൻ എലോൺ മസ്കിന്റെ നിശിത വിമർശനം. 'ഇത്രയും നന്ദികേട്' (such ingratitude) എന്ന് മസ്ക് സ്വന്തം കമ്പനി ' എക്സിൽ എഴുതി. കുട്ടികളെ പീഡിപ്പിച്ചതിന് അറസ്റ്റിലായി ജയിലിൽ ആത്മഹത്യ ചെയ്ത ഫൈനാൻസിയർ ജെഫ്രി എപ്സ്റ്റെയിനുമായി ട്രംപിന് ബന്ധമുണ്ടായിരുന്നുവെന്നും അതിനാലാണ് കേസിന്റെ രേഖകൾ ഒന്നും പുറത്തു വിടാത്തതെന്നു മസ്ക് ആരോപിച്ചു. ഇതോടെ രേഖകൾ പുറത്തു വിടണമെന്ന് ഡെമോക്രാറ്റിക് പാർട്ടിയും ആവശ്യപ്പെട്ടു

മസ്കിന്റെ കമ്പനികൾക്കുള്ള ബില്യൺ കണക്കിന് ഡോളറിന്റെ ഫെഡറൽ കരാറുകളും നികുതി സബ്സിഡികളും വെട്ടിക്കുറയ്ക്കുമെന്ന് പ്രസിഡന്റ് ട്രംപ് ഭീഷണിപ്പെടുത്തി. ഇതോടെ ടെസ്‌ല സ്റ്റോക്കിൽ വലിയ ഇടിവുണ്ടാകുകയും ചെയ്തു.

ചരിത്രം കുറിച്ച ഇലെക്ഷൻ കൂട്ടുകെട്ടിൽ ഏർപ്പെട്ടവർ ഇത്ര പെട്ടെന്ന് പിണങ്ങിപ്പിരിയുമെന്ന് ആരും കരുതിയില്ല. എന്തായാലും ഇരുവരുടെയും പ്രതിച്ഛായക്കും ഇത് മങ്ങലേല്പിച്ചു.

ട്രംപിന്റെ ബജറ്റ് ബില്ലിനെയാണ് ആദ്യം മസ്ക് ചോദ്യം ചെയ്തത്. ട്രംപിന്റെ തിരഞ്ഞെടുപ്പ് വിജയത്തിന് ആർക്കാണ് കൂടുതൽ ക്രെഡിറ്റ് എന്നതും വൈകാതെ ചർച്ചാവിഷയമായി. കണ്ണിനേറ്റ പരുക്ക് മസ്ക് മേക്കപ്പ് ഉപയോഗിച്ച് മറയ്ക്കാത്തത് എന്തുകൊണ്ടാണെന്നു ചോദ്യവും വന്നു. ഇതിനു ശേഷം മസ്കിന്റെ കമ്പനികളുമായുള്ള കരാറുകൾ സർക്കാർ വെട്ടിക്കുറച്ച് സബ്സിഡികൾ നിർത്തണോ എന്നതും വിഷയമായി.

'നമ്മുടെ ബജറ്റിൽ, ബില്യൺ കണക്കിന് ഡോളർ ലാഭിക്കാനുള്ള ഏറ്റവും എളുപ്പ മാർഗം, എലോണിന്റെ സർക്കാർ സബ്സിഡികൾ, കരാറുകൾ എന്നിവ അവസാനിപ്പിക്കുകയാണ്,' ട്രംപ് ട്രൂത്ത് സോഷ്യലിൽ എഴുതി. 'ബൈഡൻ അത് ചെയ്യാത്തതിൽ എനിക്ക് അതിശയമുണ്ട്.'

ജർമ്മനിയുടെ പുതിയ ചാൻസലറായ ഫ്രെഡറിക് മെർസുമായി ഓവൽ ഓഫീസിൽ കൂടിക്കാഴ്ച നടത്തുന്നതിനിടെ, ട്രംപ് ദിവസങ്ങളോളം നീണ്ടുനിന്ന നിശബ്ദത വെടിഞ്ഞ് മസ്കിനെതിരെ ആഞ്ഞടിച്ചു.

'എലോണിൽ ഞാൻ വളരെ നിരാശനാണ്. ഞാൻ എലോണിനെ വളരെയധികം സഹായിച്ചിട്ടുണ്ട്,' ട്രംപ് പറഞ്ഞു.

കയ്യോടെ തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ മസ്ക് പ്രതികരിച്ചു. 'ഞാനില്ലായിരുന്നെങ്കിൽ, ട്രംപ് തിരഞ്ഞെടുപ്പിൽ തോൽക്കുമായിരുന്നു. ഡെമോക്രാറ്റുകൾ കോൺഗ്രസിൽ ഭൂരിപക്ഷം നേടുമായിരുന്നു. റിപ്പബ്ലിക്കൻമാർ സെനറ്റിൽ 51-49 ആയി മാറുമായിരുന്നു. 'ഇത്രയും നന്ദികേട്,' അദ്ദേഹം കൂട്ടിച്ചേർത്തു.

2024 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മസ്ക് 250 മില്യൺ ഡോളറിലധികം ചെലവഴിച്ചുവന്നു കരുതുന്നു.



**പ്രസിഡന്റ് ഡോണൾഡ് ട്രംപിനെ ഇംപീച്ച് ചെയ്യുകയും വൈസ് പ്രസിഡന്റ് ജെ ഡി വാൻസിനെ പ്രസിഡന്റായി നിയമിക്കയും ചെയ്യണമെന്നു ട്രംപിന്റെ ഉറ്റ മിത്രമായിരുന്ന എലോൺ മസ്ക് ആവശ്യപ്പെട്ടു.**

**പ്രായപൂർത്തിയാവാത്ത പെൺകുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഉപയോഗിച്ചു എന്ന കുറ്റം ആരോപിക്കപ്പെട്ട ജെഫ്റി എപ്സ്റ്റീനെ കുറിച്ചുള്ള അന്വേഷണ ഫയലിൽ ട്രംപിന്റെ പേരുണ്ടെന്നും അതു കൊണ്ടാണ് ആ ഫയൽ പൂഴ്ത്തി വച്ചിരിക്കുന്നതെന്നും ശതകോടീശ്വരൻ ആരോപിക്കുന്നു.**

ട്രംപ് വിജയിച്ച ശേഷം, ഫെഡറൽ തൊഴിലാളികളെ വെട്ടിക്കുറയ്ക്കാൻ അദ്ദേഹം മസ്കിന് സ്വതന്ത്ര നിയന്ത്രണം നൽകി. കഴിഞ്ഞ ആഴ്ച, മസ്കിന് പ്രസിഡന്റ് ഓവൽ ഓഫീസിൽ വ്യക്തിപരമായി ഒരു യാത്രയയപ്പ് നൽകി. 'ലോകം ഇതുവരെ സൃഷ്ടിച്ച ഏറ്റവും മികച്ച ബിസിനസ്സ് നേതാക്കളിലും പരിഷ്കർത്താക്കളിലും ഒരാൾ' എന്ന് മസ്കിനെ പ്രശംസിക്കുകയും ചെയ്തു. അതേസമയം മസ്ക് പ്രസിഡന്റിന്റെ സുഹൃത്തും ഉപദേഷ്ടാവുമായി തുടരുമെന്ന് വാഗ്ദാനവും ചെയ്തു.

### ട്രംപിനെ ഇംപീച്ച് ചെയ്തു നീക്കി വാൻസിനെ പ്രസിഡന്റാക്കണമെന്നു എലോൺ മസ്ക്

പ്രസിഡന്റ് ഡോണൾഡ് ട്രംപിനെ ഇംപീച്ച് ചെയ്യുകയും വൈസ് പ്രസിഡന്റ് ജെ ഡി വാൻസിനെ പ്രസിഡന്റായി നിയമിക്കയും ചെയ്യണമെന്നു ട്രംപിന്റെ ഉറ്റ മിത്രമായിരുന്ന എലോൺ മസ്ക് ആവശ്യപ്പെട്ടു.

പ്രായപൂർത്തിയാവാത്ത പെൺകുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഉപയോഗിച്ചു എന്ന കുറ്റം ആരോപിക്കപ്പെട്ട ജെഫ്റി എപ്സ്റ്റീനെ കുറിച്ചുള്ള അന്വേഷണ ഫയലിൽ ട്രംപിന്റെ പേരുണ്ടെന്നും അതു കൊണ്ടാണ് ആ ഫയൽ പൂഴ്ത്തി വച്ചിരിക്കുന്നതെന്നും ശതകോടീശ്വരൻ ആരോപിക്കുന്നു.

രാജ്യത്തിനു സുപ്രധാനമായ തന്റെ സ്പേസ് എക്സ് കമ്പനിയുടെ ഡ്രാഗൺ സ്പെയ്സ്ക്രാഫ്റ്റ് ഉടൻ ഡീക്കമ്മീഷൻ ചെയ്യുന്നു എന്നും മസ്ക് പ്രഖ്യാപിച്ചു. തന്റെ ഗവൺമെന്റ് കോൺട്രാക്കുകൾ റദ്ദാക്കുമെന്നു ട്രംപ് പ്രഖ്യാപിച്ചതു കൊണ്ടാണ് ഈ നടപടിയെന്നും അദ്ദേഹം 'എക്സി'ൽ വ്യക്തമാക്കി.

ഒൻപതു മാസം ബഹിരാകാശത്തു കുടുങ്ങിയ സുനിത വില്യംസ്, ബുച് വിൽമോർ എന്നീ ബഹിരാകാശ യാത്രികരെ ഒടുവിൽ തിരിച്ചു കൊണ്ടുവന്നത് ഡ്രാഗൺ പേടകം ഉപയോഗിച്ചാണ്. മാത്രമല്ല, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കു ആളുകളെയും ചരക്കും കൊണ്ടുപോകുന്നതിനു നാസ ഡ്രാഗൺ ഉപയോഗിക്കാറുണ്ട്.

ഗണ്യമായ തോതിൽ കാർഗോ ഭൂമിയിലേക്ക് കൊണ്ടുവരാൻ കഴിയുന്ന ഏക പേടകം ഡ്രാഗൺ ആണെന്ന് സ്പെയ്സ് എക്സ് പറയുന്നു.

### മാന്ദ്യം വരുന്നുവെന്ന് താക്കീത്

ട്രംപിന്റെ കടുത്ത ഇറക്കുമതി താരിഫ് ഈ വർഷത്തിന്റെ രണ്ടാം പകുതിയിൽ യുഎസ് സമ്പദ് വ്യവസ്ഥയിൽ മാന്ദ്യം കൊണ്ടുവരുമെന്ന് മസ്ക് പറഞ്ഞു. 'അമേരിക്ക പൊളിഞ്ഞാൽ എല്ലാം പൊളിയും' എന്നദ്ദേഹം കൂട്ടിച്ചേർത്തു.

ട്രംപിന്റെ തിരഞ്ഞെടുപ്പ് വിജയം സാധ്യമായത് താൻ നൽകിയ $250 മില്യൺ ഉൾപ്പെടെയുള്ള സംഭാവനകൾ കൊണ്ടാണെന്നും ട്രംപിനു തീരെ നന്ദിയില്ലെന്നും മസ്ക് നേരത്തെ പറഞ്ഞിരുന്നു. 'ട്രംപിന് ഇനി മൂന്നര വർഷമാണ് പ്രസിഡന്റായി ഇരിക്കാൻ കഴിയുന്നത്. എനിക്ക് നാൽപതിലേറെ വര്ഷങ്ങളുണ്ട്.'

### ഞങ്ങളോടൊപ്പം തിരിച്ചു വരണം: വാൻസ്

പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ഏറ്റുമുട്ടുന്നത് എലോൺ മസ്ക് ചെയ്യുന്ന ഏറ്റവും വലിയ തെറ്റാണെന്നു വൈസ് പ്രസിഡന്റ് ജെ ഡി വാൻസ്. 'എലോൺ ഞങ്ങളോടൊപ്പം തിരിച്ചു വരണം,' അദ്ദേഹം പറഞ്ഞു.

കോമഡിയൻ തിയോ വോൺ നടത്തിയ അഭിമുഖത്തിൽ വാൻസ് പറഞ്ഞു: 'എലോണിനു സ്വന്തം അഭിപ്രായം ആവാം. 'ഞാൻ പറയുന്ന എല്ലാ കാര്യങ്ങളോടും അദ്ദേഹം യോജിക്കണമെന്നില്ല. (ബജറ്റ്) ബില്ലിനോട് അദ്ദേഹത്തിന് വിയോജിപ്പുണ്ടാവാം. എന്നാൽ ലോകം കണ്ട ഏറ്റവും മികച്ച സംരംഭകരിൽ ഒരാളായ ഏറ്റവും സമ്പന്നനായ വ്യക്തി ഏറ്റവും കരുത്തനായ വ്യക്തിയുമായി ഏറ്റുമുട്ടുന്നത് വലിയ തെറ്റാണ്. എന്റെ ജീവിതകാലത്തു ഈ രാജ്യം രക്ഷിക്കാൻ ഇത്രയും പരിശ്രമിച്ച ഒരു നേതാവിനെ ഞാൻ കണ്ടിട്ടില്ല.'



വ്യാഴാഴ്ച്ച റെക്കോർഡ് ചെയ്ത പോഡ്കാസ്റ്റ് ശനിയാഴ്ചയാണ് പുറത്തു വരിക.

ട്രംപിനെ ബഹുമാനിക്കണം എന്നു വാൻസ് പറഞ്ഞു. 'എല്ലാ വിഷയത്തിലും യോജിക്കണമെന്നില്ലെന്നു അദ്ദേഹത്തോട് പറയാം. പക്ഷെ ഈ യുദ്ധം രാജ്യത്തിൻറെ താല്പര്യത്തിനു യോജിച്ചതാണോ? എനിക്ക് തോന്നുന്നില്ല.

'എലോൺ അത് മനസിലാക്കും എന്നാണ് എന്റെ പ്രത്യാശ. ഞങ്ങളോടൊപ്പം വീണ്ടും ചേരുക. എലോണിൽ നിന്നു ചില വിമർശനങ്ങൾ ഉണ്ടായപ്പോൾ പ്രസിഡന്റ് കുറച്ചു നിരാശനായെന്നു എനിക്കറിയാം. അതിൽ ചിലതൊക്കെ അന്യായമാണെന്നു അദ്ദേഹത്തിനു തോന്നി.

'പക്ഷെ അതെല്ലാം നിയന്ത്രിച്ചിട്ടുണ്ട്. എലോണുമായി രൂക്ഷമായ ഏറ്റുമുട്ടൽ വേണ്ടെന്നു അദ്ദേഹം ചിന്തിക്കുന്നു. എലോണും ഒന്നു തണുത്തു കഴിയുമ്പോൾ എല്ലാം ശരിയാകും എന്നു എനിക്കു തോന്നുന്നു.'

വ്യാഴാഴ്ച്ച രാത്രി എക്സിൽ വാൻസ് ഇങ്ങിനെ കുറിച്ചു: 'എന്റെ ജീവിതകാലത്തു ഞാൻ കണ്ടിട്ടുള്ളവരിൽ ആരെക്കാളും കൂടുതലായി തന്റെ പ്രസ്ഥാനത്തിന്റെ വിശ്വാസം ആർജിക്കാൻ പരിശ്രമിക്കുന്ന വ്യക്തിയാണ് പ്രസിഡന്റ് ട്രംപ്. അദ്ദേഹത്തോടൊപ്പം നില്ക്കാൻ എനിക്ക് അഭിമാനമുണ്ട്.'

### മസ്ക് ആരോപണം പിൻവലിച്ചു

ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീന്റെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടവരുടെ വിവരങ്ങൾ നൽകുന്ന എപ്സ്റ്റീൻ ഫയലുകളിൽ ട്രംപിന്റെ പേരുണ്ടെന്ന ആരോപണം അതിനിടെ മസ്ക് പിൻവലിച്ചു. ട്രംപിനെതിരെ ഉയർത്തിയ ഏറ്റവും രൂക്ഷമായ ആരോപണം ആയിരുന്നു അത്.

മസ്ക് തണുക്കുന്നു എന്ന സൂചന നൽകുന്നുവെന്ന വ്യാഖ്യാനം ഉയർന്നിട്ടുണ്ട്.



## 'ദ അമേരിക്ക പാർട്ടി'

പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി പരസ്യമായ ഏറ്റുമുട്ടലിലേക്കു നീങ്ങിയ എലോൺ മസ്ക് 'ദ അമേരിക്ക പാർട്ടി' എന്ന പേരിൽ സ്വന്തമായി പാർട്ടിയുണ്ടാക്കുമെന്നു സൂചന നൽകി. ശതകോടീശ്വരൻ നേരിട്ട് പ്രഖ്യാപനമൊന്നും നടത്തിയിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ഉടമയിലുള്ള എക്സ് സോഷ്യൽ മീഡിയയിൽ ചില പോസ്റ്റുകളിൽ അതിന്റെ സൂചന പുറത്തുവന്നു.

ഒരു പോസ്റ്റിൽ, യുഎസിൽ പുതിയൊരു പാർട്ടി ആവശ്യമാണോ എന്ന ചോദ്യം മസ്ക് ഉന്നയിച്ചു. 80% പേർ അതിനെ പിന്തുണച്ചെന്നു മസ്ക് പറയുന്നു.

അദ്ദേഹം കുറിച്ചു: 'ജനം സംസാരിച്ചു. 80% മധ്യവർത്തി അമേരിക്കക്കാരെ പ്രതിനിധീകരിക്കാൻ ഒരു പുതിയ രാഷ്ടീയ പാർട്ടി വേണം. കൃത്യം 80% ആളുകൾ യോജിക്കുന്നു.'

അതേ തുടർന്നാണ് 'അമേരിക്ക പാർട്ടി' എന്ന പേര് ഒരു എക്സ് യുസർ നിർദേശിച്ചത്. 'അത് ഗംഭീരം,' മസ്ക് പ്രതികരിച്ചു. 'അമേരിക്കയെ യഥാർഥത്തിൽ പ്രതിനിധീകരിക്കുന്ന പാർട്ടി.'

പിന്നീട് അദ്ദേഹം 'ദ അമേരിക്ക പാർട്ടി' എന്നു മാത്രമായി ഒരു പോസ്റ്റും ഇട്ടു.

## നാസയ്ക്കും പെന്റഗണിനും ആശങ്ക

പ്രസിഡന്റ് ഡോണാൾഡ് ട്രംപും വിശ്വസ്ത മിത്രം എലോൺ മസ്കും തമ്മിൽ പരസ്യമായ കലഹം ആരംഭിച്ചതോടെ യുഎസ് ബഹിരാകാശ പദ്ധതികൾ അവതാളത്തിലാകും എന്ന ആശങ്കയും ഉയർന്നു. രാഷ്ട്രീയ തിരിച്ചടിക്കു മുൻഗണന നൽകി ട്രംപ് കരാറുകൾ റദ്ദാക്കിയാൽ നാസയ്ക്കും പെന്റഗണും ബുദ്ധിമുട്ടാവും.

സ്പെയ്സ് എക്സിന്റെ $22 ബില്യൺ ഗവൺമെന്റ് കരാറുകൾ റദ്ദാക്കുമെന്നു ട്രംപ് താക്കീതു നൽകിയപ്പോൾ നാസ വ്യാപകമായി ഉപയോഗിക്കുന്ന തന്റെ സ്പെയ്സ് എക്സ് റോക്കറ്റുകൾ പിൻവലിക്കുമെന്നു മസ്ക് തിരിച്ചടിച്ചു. മണിക്കൂറുകൾക്കുള്ളിൽ പക്ഷെ മസ്ക് ആ ഭീഷണി പിൻവലിച്ചു.

സ്പെയ്സ് എക്സ് ഇല്ലെങ്കിൽ നാസ വെട്ടിലാകും എന്നതാണ് സ്ഥിതി. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കു പതിവായി യാത്രികരെയും കാർഗോയും കൊണ്ടുപോവുകയും തിരിച്ചു കൊണ്ടുവരുകയും ചെയ്യുന്ന ഏക വാഹനമാണ് സ്പെയ്സ് എക്സിന്റെ ഡ്രാഗൺ. $100 ബില്യൺ മുടക്കുള്ള ബഹിരാകാശ ലബോറട്ടറിയുമായി ബന്ധം അറ്റുപോയാൽ നാസയുടെ പദ്ധതികളെല്ലാം വെള്ളത്തിലായതു തന്നെ.

സ്പെയ്സ് എക്സിനു ഒട്ടേറെ ഫെഡറൽ പദ്ധതികളുമായി ബന്ധമുണ്ട്. നാസയ്ക്കു പുറമെ പെന്റഗണും ആ സേവനങ്ങൾ ഉപയോഗിക്കുന്നു. സാറ്റലൈറ്റുകൾ വിക്ഷേപിക്കുന്നതിലും യുദ്ധരംഗത്തെ ആശയവിനിമയത്തിനും മറ്റുമായി നിരവധി സേവനങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്.

സ്പെയ്സ് എക്സ് സേവനം തുടർന്നും പ്രയോജനപ്പെടുത്തുമെന്നു നാസ പ്രസ് സെക്രട്ടറി ബഥനി സ്റ്റീവൻസ് അറിയിച്ചു.

## പിണങ്ങിയതിനു പിന്നിൽ വൈറ്റ് ഹൗസ് ജീവനക്കാരൻ

എലോൺ മസ്കിനോട് വ്യക്തിപരമായ വൈരാഗ്യം ഉണ്ടായ വൈറ്റ് ഹൗസ് സ്റ്റാഫ് ആണ് പ്രസിഡന്റ് ട്രംപും ശതകോടീശ്വരനും തമ്മിലുള്ള കലഹം ആളിക്കത്തിച്ചതെന്നു റിപ്പോർട്ട്. മസ്കിന്റെ ടെസ്‌ല കമ്പനി സ്റ്റോക്കുകൾ വീഴ്ത്താനും ട്രംപിന്റെ ഡയറക്റ്റർ ഓഫ് പ്രസിഡൻഷ്യൽ പെഴ്സോനെൽ സെർജിയോ ഗോർ ശ്രമിച്ചെന്നാണ് 'ന്യൂ യോർക്ക് പോസ്റ്റ്' നൽകുന്ന വിവരം.


നാസ അഡ്‌മിനിസ്ട്രേറ്ററായി മസ്കിന്റെ സുഹൃത്ത് ജാറെഡ് ഐസക്മാനെ നോമിനേറ്റ് ചെയ്തത് ശനിയാഴ്ച്ച ട്രംപ് പിൻവലിച്ചതിനു പിന്നിലും ഗോറിന്റെ പക ഉണ്ടായിരുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. ആ നടപടി ഏറ്റവും ചൊടിപ്പിച്ചപ്പോഴാണ് മസ്ക് ട്രംപിന്റെ ബജറ്റ് ബില്ലിനെ അതിരൂക്ഷമായി വിമർശിച്ചത്. അതോടെയാണ് അടി മൂത്തത്.

ഐസക്മാൻ ഡെമോക്രാറ്റുകൾക്കു വമ്പിച്ച സംഭാവനകൾ നൽകി എന്നത് അദ്ദേഹത്തെ അയോഗ്യനാക്കാൻ കാരണമായി ഗോർ കണ്ടെത്തി. മസ്ക് ഡി ഓ ജി ഇ മേധാവി സ്ഥാനം ഒഴിഞ്ഞതിന്റെ പിന്നാലെയാണ് നോമിനേഷൻ ട്രംപ് പിൻവലിച്ചത്.

ഗോർ ഒരു ചെറിയ മൽസ്യമാണെന്നും അയാൾക്ക് മസ്കിനെ വീഴ്ത്താൻ കഴിയുന്ന സ്ഥാനമൊന്നും ഇല്ലെന്നുമാണ് മസ്കിനെ നാടു കടത്തണം എന്നാവശ്യപ്പെട്ട മുൻ വൈറ്റ് ഹൗസ് അഡ്വൈസർ സ്റ്റീവ് ബാനൻ പക്ഷെ പറയുന്നത്. മാസങ്ങളായി മസ്കിന്റെ പ്രവർത്തന രീതിയിൽ ട്രംപ് അതൃപ്തനായിരുന്നു എന്നാണ് അദ്ദേഹം നൽകുന്ന സൂചന. 'മസ്കിന്റെ കാലാവധി നീട്ടാൻ ട്രംപ് തയാറായില്ല. ട്രംപിന്റെ താരിഫുകൾ മസ്കിനു ഇഷ്ടമായില്ല. ചൈനയെ കുറിച്ച് മസ്ക് പെന്റഗണിൽ സംസാരിക്കാനിരുന്നത് ട്രംപ് വിലക്കി. അവർ തമ്മിൽ ആയിരുന്നു പ്രശ്നം.'

മസ്കിന്റെ ലഹരിമരുന്ന് ഉപയോഗത്തെ കുറിച്ചും ട്രംപ് അസ്വസ്ഥനായിരുന്നു എന്നദ്ദേഹം പറയുന്നു. 'അയാൾക്ക് ഏൽപിച്ച ജോലി ചെയ്യാൻ കഴിവില്ല, ചെയ്തതൊന്നും ശരിയായതുമില്ല.'




FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# ഭീകരാക്രമണങ്ങൾക്ക് വില നൽകേണ്ടി വരുമെന്ന് തരൂർ; യു.എസ്. സന്ദർശനത്തിൽ മുന്നറിയിപ്പുമായി ഇന്ത്യൻ പാർലമെന്ററി സംഘം



വാഷിംഗ്ടൺ ഡി.സി.: കോൺഗ്രസ് എം.പി. ശശി തരൂരിന്റെ നേതൃത്വത്തിലുള്ള സർവ്വകക്ഷി ഇന്ത്യൻ പാർലമെന്ററി സംഘം യു.എസ്. സന്ദർശനം തുടരുന്നു. ഭീകരാക്രമണങ്ങൾ നടത്തുന്നവർക്ക് വലിയ വില നൽകേണ്ടി വരുമെന്ന് സംഘം യു.എസിന് മുന്നറിയിപ്പ് നൽകി. ജമ്മു കശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണങ്ങൾ ചൂണ്ടിക്കാട്ടിയാണ്, അതിർത്തി കടന്നെത്തുന്ന ഭീകരരെ വെറുതെ വിടില്ലെന്ന് തരൂർ വ്യക്തമാക്കിയത്.

യു.എസ്. എംബസിയിൽ വിവിധ തിങ്ക് ടാങ്കുകളിലെ അംഗങ്ങളുമായി ഇന്ത്യൻ സംഘം കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ഭീകരവാദത്തിനെതിരായ പോരാട്ടവും, ഇന്ത്യ-യു.എസ്. സഹകരണത്തിന്റെ വിവിധ തലങ്ങളും ചർച്ചകളിൽ പ്രധാന വിഷയമായി. കൂടാതെ, യു.എസ്. വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സാങ്കേതിക സഹകരണം വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകി.

കഴിഞ്ഞ മെയ് 7-ന് ആരംഭിച്ച ഓപ്പറേഷൻ സിന്ദൂറിന് ശേഷമുള്ള ഇന്ത്യയുടെ ആഗോള നയതന്ത്ര നീക്കങ്ങളുടെ ഭാഗമായാണ് ഈ സന്ദർശനം. പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തിന് മറുപടിയായി പാക് അധിനിവേശ കശ്മീരിലെ ഭീകരകേന്ദ്രങ്ങളിൽ ഇന്ത്യ നടത്തിയ പ്രത്യാക്രമണങ്ങളിൽ നൂറിലധികം ഭീകരർ കൊല്ലപ്പെട്ടിരുന്നു.

ഇന്ത്യയിൽ നിന്നുള്ള അഖിലകക്ഷി എംപിമാരുടെ സംഘം വ്യാഴാഴ്ച്ച വാഷിംഗ്ടണിൽ യുഎസ് വൈസ് പ്രസിഡന്റ് ജെ ഡി വാൻസുമായി ചർച്ച നടത്തി. ' മികച്ച കൂടിക്കാഴ്ച്ച' എന്നാണ് സംഘത്തെ നയിക്കുന്ന ശശി തരൂർ അതിനെ വിശേഷിപ്പിച്ചത്.

ഓപ്പറേഷൻ സിന്ദൂർ, മേഖലയിൽ ഇന്ത്യ നേരിടുന്ന ഭീകരതയുടെ വെല്ലുവിളി എന്നീ വിഷയങ്ങളിൽ ഊന്നിയായിരുന്നു ചർച്ച.

ഇന്ത്യ-യുഎസ് സഹകരണം മെച്ചപ്പെടുത്തുന്ന കാര്യവും ചർച്ച ചെയ്തെന്നു ഇന്ത്യൻ എംബസി അറിയിച്ചു.

ഇന്തോ-പാക്ക് വെടിനിർത്തലിനു താനാണ് സഹായിച്ചതെന്ന പ്രസിഡന്റ് ട്രംപിന്റെ അവകാശവാദം വാസ്തവമല്ലെന്ന ഇന്ത്യയുടെ നിലപാട് വാൻസിനോട് വിശദീകരിച്ചെന്നു തരൂർ പറഞ്ഞു. 'വാൻസ് അത് പൂർണമായി മനസിലാക്കി.'

മധ്യസ്ഥത വഹിക്കുമ്പോൾ രണ്ടു കക്ഷികൾക്കും തുല്യത വേണമെന്നു തരൂർ ചൂണ്ടിക്കാട്ടി. ഭീകരതയ്ക്ക് വളമിടുന്ന പാക്കിസ്ഥാനുമായി ഭീകരതയുടെ ഇരയായ ഇന്ത്യയെ തുല്യമായി കാണാൻ കഴിയില്ല.

വാൻസിനെ പോലെ മറ്റു യുഎസ് ഉദ്യോഗസ്ഥരും ഇക്കാര്യം മനസിലാക്കിയെന്നു തരൂർ പറഞ്ഞു.



തരൂർ എക്സിൽ കുറിച്ചു: 'വാഷിംഗ്ടണിൽ ഇന്നു വൈസ് പ്രസിഡന്റ് ജെ ഡി വാൻസുമായി ഞങ്ങളുടെ സംഘം മികച്ച കൂടിക്കാഴ്ച്ച നടത്തി. ഭീകര വിരുദ്ധ പോരാട്ടവും സാങ്കേതിക സഹകരണവും ഉൾപ്പെടെ നിരവധി നിർണായക വിഷയങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി. വിശിഷ്ട മനസുകളുടെ കൂടിക്കാഴ്ചയിൽ തന്ത്രപ്രധാനമായ ഇന്തോ-യുഎസ് സഹകരണം മെച്ചമാക്കാനുള്ള ആശയങ്ങൾ സൃഷ്ടിപരമായും ഫലപ്രദമായും ചർച്ച ചെയ്തു.'

ഏപ്രിൽ 22നു കശ്മീരിലെ പഹൽഗാമിൽ പാക്ക് ഭീകരർ കൂട്ടക്കുരുതി നടത്തിയപ്പോൾ വാൻസ് ഇന്ത്യാ സന്ദർശനം നടത്തുകയായിരുന്നു. അദ്ദേഹം അന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വിളിച്ചു ഐക്യദാർഢ്യം പ്രഖ്യാപിക്കയും ആക്രമണത്തെ അപലപിക്കയും ചെയ്തു.

വ്യാഴാഴ്ച്ച തന്നെ തരൂരും സംഘവും കൗൺസിൽ ഓൺ ഫോറിൻ റിലേഷൻസിൽ അംബാസഡർ കെൻ ജസ്റ്ററെ കണ്ടു.

ബുധനാഴ്ച്ച പ്രവാസി സമൂഹവുമായി ഇടപെട്ട എം പി മാർ ഭീകരതയ്ക്ക് എതിരായ ഇന്ത്യയുടെ ഉറച്ച നിലപാട് വിശദീകരിച്ചു.




AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION &
SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
Convention Center
At River Center, Ohio USA
This conference will host Physicians, Healthcare Professionals and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Satheesh Kathula, MD
President, AAPI
Sunil Kaza, MD
Chairman, AAPI BOT
Guests and Dignitaries
Bobby Mukkamala, MD
Michael Suk, MD
Mario R Capecchi, PHD
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
More Info: www.aapiconvention.org | info@aapiusa.org


JOYFUL
HOME CARE
Caring for your loved ones with a joyful spirit
With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us
Joy Mekkatte
CEO
631-737-1000
SERVING SUFFOLK, NASSAU & QUEENS COUNTY
ഒരു മലയാളി സ്ഥാപനം
MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com
QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423

# ഉൽസവാഘോഷങ്ങൾക്ക് നടുവിൽ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ മെയ്മാസ സംഗമം

ചെറിയാൻ മഠത്തിലേത്ത്




ഹൂസ്റ്റൺ: അമേരിക്ക അവിസ്മരണീയമായ ഉൽസവങ്ങളുടെയും ദേശീയാഘോഷങ്ങളുടെയും ഭൂമികയാണ്. ഒന്നിനു പിറകെ ഒന്നായി ആഘോഷ ദിനങ്ങൾ നമ്മുടെ പൂമുഖപ്പടിയിലെത്തുമ്പോൾ നിത്യജീവിതത്തിലെ പ്രശ്നങ്ങളും പ്രയാസങ്ങളും മാനസിക സമ്മർദങ്ങളും നാം പാടേ മറക്കുന്നു. തികച്ചും പോസിറ്റീവായി ചിന്തിക്കാനും ആത്മവിശ്വാസത്തോടെ ജീവിക്കാനും പാരമ്പര്യത്തിന്റെ നിറവോടെയെത്തുന്ന ആഘോഷങ്ങൾ നമ്മെ പ്രാപ്തമാക്കുന്നുവെന്നകാണ് യാതാർത്ഥ്യം.

അഖിലലോക തൊഴിലാളി ദിനമായ ‘മെയ് ഡേ‘യോടുകൂടിയാണ് മെയ്മാസം പിറക്കുന്നതു തന്നെ. തുടർന്ന് ഫ്ളോറൻസ് നൈറ്റ്ങ്ഗേലിന്റെ പിൻഗാമികളായ ആതുരശുശ്രൂഷയുടെ മാലാഖമാരെ ആദരിക്കുന്ന നേഴ്സസ് ഡേ, അമ്മമാർക്ക് സ്നേഹപ്പൂക്കൾ സമ്മാനിക്കുന്ന മദേഴ്സ് ഡേ, വീരചരമം പ്രാപിച്ച സൈനികർക്ക് സല്യൂട്ട് നൽകുന്ന മെമ്മോറിയൽ ഡേ ഇങ്ങനെ ഓരോന്നായെത്തുന്നു. ഇതിനിടെ സ്പാനീഷ് ഉൽസവമായ ‘സിങ്കോ ഡി മയോ‘, ആർമ്ഡ് ഫോഴ്സ് ഡേ എന്നിവയും പരമ്പരാഗത ഉൽസമത്തിമർപ്പോടെ ആഘോഷിക്കപ്പെടുന്നു.

വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഗ്രാജുവേഷൻ ദിനങ്ങളാൽ നിറഞ്ഞതാണ് മെയ്മാസം. വിദ്യാ സമ്പാദനത്തിന്റെ പുതിയ മേഖലകളിലേയ്ക്കവർ എത്തുന്നു. സ്പ്രിങ് സീസന്റെ അവസാനമാണെങ്കിലും പൂക്കൾ വിരിയും. ഹൂസ്റ്റണിൽ കൊടുങ്കാറ്റുകൾ വീശിയടിക്കാൻ തുടങ്ങും. പിന്നെ ജനങ്ങൾ സമ്മറിന്റെ വസ്ത്രങ്ങിലേയ്ക്ക് ചുവടുമാറ്റുകയും ചെയ്യും. ഇതിനിടെ വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറം അംഗങ്ങൾ സ്റ്റാഫോർഡിലെ കേരള റസ്റ്റോറന്റിൽ പ്രതിമാസ യോഗം ചേർന്നു.

ഇത്തവണത്തെ വിശിഷ്ടാതിഥി ബ്രിഗേഡിയർ ഒ.എ ജെയിംസായിരുന്നു. ജോസഫ് നമ്പിമഠം വിശിഷ്ടാതിഥിയെയും അദ്ദേഹത്തിന്റെ ‘റാങ്ക്സ് ആന്റ് റൊസാരീസ്‘ (ഞമിസെ മിറ ഞീമൃശലെ) എന്ന ആത്മകഥയെയും സദസിന് പരിചയപ്പെടുത്തി. യുദ്ധഭൂമിയിലൂടെയുള്ള ഒരു സൈനികന്റെ സംഭവബഹുലമായ ജീവിതയാത്രയാണിത്. റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് ചെറിയാൻ



മഠത്തിലേത്തിന് പുസ്തകത്തിന്റെ ഒരു കോപ്പി നൽകിക്കൊണ്ട് ജോസഫ് നമ്പിമഠം റാങ്ക്സ് ആന്റ് റൊസാരീസിന്റെ പ്രകാശനം നിർവഹിച്ചു.

രാഷ്ട്രീയത്തിനും മതത്തിനും അതീതമായി നിലകൊള്ളുന്ന ഇന്ത്യൻ സൈന്യത്തിന്റെ അഭിമാനാർഹമായ നിലപാടിനെപ്പറ്റിയും സൈനിക സേവനത്തിലൂടെ തനിക്ക് ലഭിച്ച പോസിറ്റീവ് അനുഭവങ്ങളെപ്പറ്റിയും ബ്രിഗേഡിയർ ഒ.എ ജെയിംസ് സംസാരിച്ചു. അടുത്ത ഇനം പുസ്തക അവലോകനമായിരുന്നു. അഖിൽ പി ധർമജൻ രചിച്ച 'ഞമാ ഇമൃലീള അിമിറശ' എന്ന നോവലിനെപ്പറ്റി സംസാരിച്ച സുരേന്ദ്രൻ നായർ, ഇത് ബെസ്റ്റ് സെല്ലറാണെന്ന് പറഞ്ഞു.

മലയാളത്തിലെ എക്കാലത്തെയും ബെസ്റ്റ് സെല്ലറായ ഈ കൃതിയുടെ കഥ ഒരു മൂവി സ്ക്രിപ്റ്റിന്റെ ചടുലതയോടാണ് പുരോഗമിക്കുന്നത്. അതായത് ഒരു സിനിമാറ്റിക്ക് നോവൽ. സിനിമ കാണുന്നതുപോലെ നോവൽ വായിക്കുക. പ്രണയവും പ്രതികാരവും സൗഹൃദവും യാത്രയും സിനിമയും എല്ലാം ഈ ആഖ്യായികയുടെ ഭാഗമാണ്. മുകളിൽ പറഞ്ഞ രണ്ടു കൃതികളുടെയും പശ്ചാത്തലം വിലയിരുത്തിക്കൊണ്ട് എ.സി. ജോർജ് സംസാരിച്ചു.

ബാബു കുരൂർ അദ്ദേഹത്തിന്റെ 'കാത്തിരുന്ന കാലവർഷം' എന്ന കവിത വായിച്ചു. നാട്ടിലെ ഒരു കാലവർഷക്കാലത്തിനു അനുയോജ്യമായ കവിത.

''വഴി മാറി പിന്നെ വഴിമുട്ടി വീണ്ടും

ഒഴുകുന്നു ജീവിതം...''

റോയ് തോമസും ഒരു കവിത അവതരിപ്പിച്ചു. ''തെയ്യകം താരാ...'' അദ്ദേഹം അത് ഈണത്തിൽ ചൊല്ലി.

'ചക്കര മാവിൻ കൊമ്പത്തിരുന്നേ
ഓടക്കുഴലിനു വിളിക്കുന്നു തേവൻ
തെയ്യകം...തിന്തിമി...തെയ്യകം...താരാ...''

മറ്റൊരു കവിത മാത്യു കുറവയ്ക്കലിന്റെ 'ക മി ചീ ഉീല' ആയിരുന്നു. 80-ാം ജന്മദിനത്തോടനുബന്ധിച്ച് രചിച്ച ഈ കവിത ഒരു സ്വയം അവലേകനമാണ്.

'I an Not Done
I have sunrises
And sunsets to savor,
Moons that shrink
And grow...' ഇങ്ങനെ പുരോഗമിക്കുന്നു പ്രസ്തുത കവിത.

റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് ചെറിയാൻ മഠത്തിലേത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജോൺ മാത്യു സാഹിത്യ ചർച്ചകളുടെ മോഡറേറ്ററായി. പ്രൊഫ. കോശി തലയ്ക്കലിന്റെ ഭാര്യ അച്ചാമ്മ കോശിയുടെ നിര്യാണത്തിൽ യോഗം അനുശോചനമറിയിച്ചു. പബ്ളീഷിങ് കോ-ഓർഡിനേറ്റർ മാത്യു നെല്ലിക്കുന്ന് റിപ്പോർട്ട് അവതരിപ്പിക്കുകയും കേരള റൈറ്റേഴ്സ് ഫോറത്തിന്റെ പുതിയ പുസ്തകത്തിലേയ്ക്കുള്ള രചനകൾ ജൂലൈ 31-ന് മുമ്പായി എത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. കേരള റൈറ്റേഴ്സ് ഫോറം സെക്രട്ടറി മോട്ടി മാത്യുവിന്റെ നന്ദി പ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

***


ഫോട്ടോ: മോട്ടി മാത്യു


















LAWSON travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies



MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# പന്ത്രണ്ടു വർഷം പിന്നിട്ടിട്ടും ജ്വലിക്കുന്ന സ്മരണകളിൽ പാട്രിക് മരുതുംമൂട്ടിൽ




**പി.പി ചെറിയാൻ**

ഡാലസ്: താൻ സ്നേഹിച്ച, തന്നെ സ്നേഹിച്ച ദേവാലയത്തോടു യാത്ര പറഞ്ഞു പന്ത്രണ്ട് വർഷം പിന്നിടുമ്പോഴും അകാലത്തിൽ പൊലിഞ്ഞുപോയ യുവപ്രതിഭ പാട്രിക് മരുതുംമൂട്ടിലിന്റെ തുടിക്കുന്ന സ്മരണകൾ മാർത്തോമാ സഭ ജനങ്ങളിൽ പ്രത്യേകിച്ച് ഡാളസ് സെന്റ് പോൾസ് മാർത്തോമാ ഇടവകജനങ്ങളിൽ അണയാത്ത ജ്വാലയായി അവശേഷിക്കുന്നു.

നോർത്ത് അമേരിക്കാ യൂറോപ്പ് മർത്തോമാ ഭദ്രാസനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു വ്യക്തിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ അംഗീകാരമാണ് പാട്രിക് മരുതുംമൂട്ടിലിനു മാർത്തോമാ സഭ നൽകിയത് എന്നാൽ ആ സ്മരണ നിലനിർത്തുന്നതിനു നോർത്ത് അമേരിക്കാ യൂറോപ്പ് മർത്തോമാ ഭദ്രാസനം പ്രഖ്യാപിച്ച പാട്രിക് മിഷൻ പ്രോജക്റ്റ് ഇന്നും പൂർത്തീകരിക്കാനാകാതെ അനിശ്ചിതത്വത്തിൽ തന്നെ

നോർത്ത് അമേരിക്കാ, യൂറോപ്പ് ഭദ്രാസനം നാറ്റീവ് മിഷന്റെ ആഭിമുഖ്യത്തിൽ ഒക്കലഹോമ ബ്രോക്കൻ ബോയിൽ സംഘടിപ്പിച്ച വെക്കേഷൻ ബൈബിൾ സ്കൂളിനുള്ള ക്രമീകരണങ്ങൾക്കായി കൂട്ടുകാരുമൊത്ത് കാറിൽ യാത്ര ചെയ്യുന്നതിനിടയിലുണ്ടായ അപകടത്തിൽ 2013 ജൂൺ 4 നാണു പാട്രിക്കിനെ മരണം തട്ടിയെടുത്തത്.2004 ൽ ഉപരിപഠനാർത്ഥം അമേരിക്കയിലെത്തി ഇലക്ട്രിക് എൻജിനീയറിങ്ങിൽ ബിരുദാനന്തര ബിരുദം നേടിയ പാട്രിക് ടെക്സസ് ഇൻസ്ട്രുമെന്റിൽ ജോലിയിൽ പ്രവേശിച്ചു അധികം താമസിയാതെയാണ് മരണമടഞ്ഞത്.

മലയാളികളായ ചെറിയാൻ ജെസ്സി ദമ്പതിമാരുടെ ഏക മകനായ പാട്രിക് പഠനത്തിലും സ്പോർട്സിലും ഗിറ്റാർ വായനയിലും അതീവ സമർത്ഥനായിരുന്നു.ക്രൈസ്തവ മൂല്യങ്ങളും, വിശ്വാസങ്ങളും മുറുകെ പിടിക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു എന്നു മാത്രമല്ല, ആധുനിക സംസ്കാരത്തിന്റെ ദൂഷിത വലയത്തിലകപ്പെട്ടു അന്ധകാര ശക്തികൾക്കു അടിമപ്പെട്ടിരുന്ന നിരവധി യുവജനങ്ങളെ സത്യപ്രകാശത്തിലേക്ക് നയിക്കുന്നതിനുള്ള പ്രേരകശക്തി കൂടി ആയിരുന്നു പാട്രിക്ക് മരുതുംമൂട്ടിൽ.

കോളേജ് വിദ്യാഭ്യാസത്തിനിടെ, സീനിയർ ഓറിയന്റേഷൻ ടീം മെന്റർ, യുറ്റി.ഡി. സ്റ്റുഡന്റ് അംബാസിഡർ, ഗോൾഡൻ കിഹന്നർ സൊസൈറ്റി എന്നീ തലങ്ങളിൽ പ്രവർത്തനനിരതനായിരുന്നു.

ഡാലസ് സെന്റ് പോൾസ് മാർത്തോമാ ഇടവകാംഗമായിരുന്ന പാട്രിക്ക് ഡാലസിലെ മാത്രമല്ല, അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ യുവാക്കളെ സംഘടിപ്പിച്ചു ആത്മീയ നേതൃത്വം നൽകുന്നതിൽ മുൻ പന്തിയിലായിരുന്നു. മാർത്തോമ സഭക്കുവേണ്ടി പാട്രിക് ചെയ്ത സേവനങ്ങളെ മാനിച്ചു ഉചിതമായ സ്മാരകം നിർമ്മിക്കുമെന്നും അതു പാട്രിക് മിഷൻ പ്രോജക്റ്റിന്റെ ഭാഗമായിരിക്കുമെന്നും 2014 ൽ ഭദ്രാസന സിൽവർ

ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ കാലം ചെയ്ത ജോസഫ് മാർത്തോമാ മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ അന്നത്തെ ഭദ്രാസന എപ്പിസ്കോപ്പയാണ് പ്രഖ്യാപിച്ചത്.

പാട്രിക്കിന്റെ ഒന്നാം ചരമ വാർഷികദിനമായ 2015 ജൂൺ നാലിന് ഒക്കലഹോമ ബ്രോക്കൻ ബോയിൽ പുതിയ കെട്ടിടത്തിന്റെ കൂദാശ നിർവ്വഹിക്കുന്നതിനുമായിരുന്നു പദ്ധതി തയാറാക്കിയിരുന്നത്.ഇതിന്റെ ചുമതല സൗത്ത് വെസ്റ്റ് റീജിയണൽ ആക്ടിവിറ്റി കമ്മിറ്റിയെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. 2,20,000 ഡോളർ ചില വഴിച്ചു രണ്ടു ഘട്ടങ്ങളിലായി പണിപൂർത്തികരിക്കാനായിരുന്നു തീരുമാനം




ഭദ്രാസന എപ്പിസ്കോപ്പാ റൈറ്റ് റവ. ഡോ. ഗീവർഗീസ് തെയോഡോഷ്യസിന്റെ കാലാവധി പൂർത്തിയാക്കിയിട്ടും പണി ആരംഭിക്കുവാൻ കഴിയാതിരുന്നത് മൂന്നു വർഷങ്ങൾക്കുശേഷം പുതിയ ഭദ്രാസനാധിപനായി ചുമതലയേറ്റ ഐസക്ക് മാർ ഫിലക്സിനോസ് 2016 ഓഗസ്റ്റ് 13 ന് ഗ്രൗണ്ട് ബ്രേക്കിങ്ങ് സെറിമണിയോടെ ആരംഭിച്ചു. ഈ കെട്ടിടത്തിന്റെ ആദ്യഘട്ടം ഒരു ലക്ഷത്തിലധികം ഡോളർ ചിലവഴിച്ചു പൂർത്തിയാക്കിയതിന്റെ കൂദാശാകർമ്മം 2017 ജൂൺ 8 ന് എപ്പിസ്കോപ്പാ നിർവ്വഹിച്ചു. ഇപ്പോൾ എട്ടു വർഷം കൂടി കടന്നു പോയിരിക്കുന്നു.

ഒന്നാം ഘട്ടം പൂർത്തീകരിച്ചിടത്തു തന്നെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടാകുമോ, അതോ പ്രോജക്റ്റിന്റെ പ്രവർത്തനം ഔദ്യോഗികമായി അവസാനിപ്പികുന്നുവെന്നു പ്രഖ്യാപനം ഉണ്ടാകുമോ സഭാ ജനങ്ങളുടെ ആകാംഷയോടെ കാത്തിരിപ്പു ഇന്നും തുടരുകയാണ് .

ഭദ്രാസന സഭാ നേതൃത്വം വളരെ പ്രതീക്ഷയോടെ ഏറ്റെടുത്ത പാട്രിക് മിഷൻ പ്രോജക്റ്റ് പോലെ തന്നെ ,ഇതിനു മുൻപ് തുടങ്ങിയ പല പദ്ധതികളും പൂർണമായും ഫലപ്രാപ്തിയിൽ എത്തിയോ?ഭദ്രാസനനത്തിന്റെ പ്രശസ്തി വാനോളം ഉയർത്തിയ അറ്റ്ലാന്റാ പ്രൊജക്റ്റ് ഉൾപ്പെടെ പുതിയതായി ഏറ്റെടുക്കുന്ന പ്രൊജെക്റ്റുകൾകും ഗതി ഇതുതന്നെയായിരിക്കുമോ എന്ന ന്യായമായ സംശയം അവശേഷിക്കുന്നു.

ഒക്കലഹോമ ബ്രോക്കൻ ബോയിൽ ഇത്രയും തുക ചിലവഴിച്ചു പൂർത്തീകരിച്ച കെട്ടിടം ഇത്രയും വർഷത്തിനുള്ളിൽ എത്ര തവണ ഉപയോഗിക്കേണ്ടിവന്നുവെന്നതും ചിന്തനീയമാണ് .'ഇനിയും രണ്ടാം ഘട്ട നിർമ്മാണത്തിന് പണം ചിലവഴിക്കുന്നതെന്തിന്' ദീർഘ വീക്ഷണമുള്ളവർ ഉന്നയിക്കുന്ന ചോദ്യം.എപ്പിസ്കോപ്പായും ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചത്.പദ്ധതിക്കായി ഇനിയും നീക്കി വച്ചിരിക്കുന്ന ഒരു ലക്ഷത്തിലധികം ഡോളർ പ്രോജക്റ്റിന്റെ ആരംഭത്തിൽ തന്നെ പലരും ചൂണ്ടികാട്ടിയിരുന്നതുപോലെ ഒരു എൻഡോവ്മെന്റ് ഫണ്ടായി മാറ്റി ഇതിൽ നിന്നും ലഭിക്കുന്ന തുക നിർധനരായ വിദ്യാർത്ഥികളുടെ ഉന്നത പഠനത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്ന ആവശ്യം പന്ത്രണ്ടാം വർഷത്തിലും വീണ്ടും സജീവമാണ്. എല്ലാ വർഷവും നിർധന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പാട്രിക്കിന്റെ സ്മരണ നിലനിർത്തുമെന്നും അഭിപ്രായം ശക്തമാണ്. ഭദ്രാസനത്തിൽ അറ്റ്ലാന്റ് പ്രൊജക്റ്റ് ഉൾപ്പെടെ നിരവധി വികസന പ്രവർത്തനങ്ങൾക്കും നേത്രത്വം നല്കി ഫിലീക്സിനോസ് എപ്പിസ്കോപ്പ കേരളത്തിലേക്ക് തിരിച്ചുപോയി. പുതിയതായി ചുമതലയേറ്റെടുത്ത എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ചു ഉചിതമായ തീരുമാനം സ്വീകരിക്കുമൊ എന്നാണ് സാഭാ ജനങ്ങൾ ഇന്നും ഉറ്റുനോക്കുന്നത്.





# സംഗീതസാന്ദ്രമായ രാത്രി മറക്കാത്ത ഓർമ്മയായി; എം.ജി. ശ്രീകുമാറിന്റെ ന്യൂയോർക്കിലെ സംഗീതയാത്ര

അനിൽ പുത്തൻചിറ/
ഫോട്ടോ: അജി കളീക്കൽ

മലയാളിയുടെ സംഗീതമനസ്സുകൾ പൂർണ്ണമായുംകീഴടക്കുന്നമലയാളത്തിൻറെപ്രിയ ഗായകൻ എം.ജി. ശ്രീകുമാർ, ന്യൂയോർക്കിലെ റോക്ക് ലാൻഡിൽ  നടത്തിയ സംഗീതരാവ് ആസ്വാദകരെ  ത്രസിപ്പിച്ചു! മലയാള സിനിമാസംഗീതം ഏറ്റവുമധികം മികവോടെ വേദികളിൽ അവതരിപ്പിക്കുന്ന എം.ജി. ശ്രീകുമാർ, തൻറെ ഹിറ്റ് പാട്ടുകൾ കൊണ്ട് വലിയൊരു വികാരസന്ധ്യ ന്യൂയോർക്കിന് സമ്മാനിക്കുകയായിരുന്നു.

കലാ-സാംസ്കാരിക രംഗത്തെ സൂപ്പർ താരങ്ങളായവർ എം.ജി. ശ്രീകുമാറിനൊപ്പം സ്റ്റേജിൽ തിളങ്ങി:

സ്റ്റീഫൻ ദേവസി അതിശയിപ്പിക്കുന്ന കീബോർഡ് പ്രകടനത്തോടെ സ്റ്റേജിൽ വെടിക്കെട്ടുപോലെ നിറഞ്ഞു; പഴയതും പുതിയതുമായ ഗാനങ്ങൾ ഉൾക്കൊള്ളിച്ച സംഗീതസംവാദം ആരാധകരെ ആവേശത്തിലാഴ്ത്തി.

രമേഷ് പിഷാരടി തൻറെ വിചിത്രവും വിശേഷവുമായ ഹാസ്യപ്രകടനങ്ങളിലൂടെ പ്രേക്ഷകരെ ചിരിപ്പിച്ചു കൊണ്ട് സംഗീതതേജസ്സിന് തിളക്കം കൂട്ടി; അദ്ദേഹത്തിൻറെ സംഭാഷണങ്ങളും ഇൻററാക്ഷനുകളും പരിപാടിയിൽ ആഹ്ലാദം പകരുകയായിരുന്നു.

ശിവ പ്രഭാകരൻ, സംഗീതലോകത്ത് ഉയരങ്ങൾ തേടുന്ന ശബ്ദത്തിൻറെ പേര്; ഭാവം നിറഞ്ഞ പാട്ടുകൾ അവതരിപ്പിച്ച ശിവ, തൻറെ സ്വരസൗന്ദര്യത്തോടെ വേദിയെ മനോഹരമാക്കി.

സംഗീതത്തിൽ ആത്മാവിൻറെ സ്പർശം കൊണ്ട്, വയലിനിസ്റ്റ് ഫ്രാൻസിസ് സേവിയർ പല പാട്ടുകൾക്കും ഗഹനതയും ഭാവപരവശതയും പകർന്നു; പ്രേക്ഷകർ പല തവണ ഹൃദയസ്പർശിയായ വയലിൻ ടോണുകൾക്ക് കൈയ്യടിയുമായി മറുപടി നൽകി.

ഈ പരിപാടി ന്യൂയോർക്കിലേക്ക് എത്തിക്കാൻ ഫൊക്കാന മുൻ പ്രസിഡൻറ് പോൾ കറുകപ്പള്ളി; മലയാളികൾക്കിടയിൽ അഭിമുഖം ആവശ്യമില്ലാത്ത അനിഷേധ്യ നേതാവ് ലീല മാരേട്ട്; Global Collision & Body Works സി.ഇ.ഒ. യുവസംരംഭകൻ നോവ ജോർജ്; IPCNA ജനറൽ സെക്രെട്ടറിയും, ഗുണനിലവാരമുള്ള ഫോട്ടോഗ്രാഫിയുടെ പര്യായവുമായ ഷിജോ പൗലോസ് തുടങ്ങിയവർ



പ്രധാന പങ്ക് വഹിച്ചു. സാംസ്കാരിക പരിപാടികൾ ആസ്വദിക്കുന്ന ന്യൂയോർക്ക് മലയാളികളിൽ വലിയൊരു വിഭാഗം, ഗാനസന്ധ്യക്ക് സാക്ഷിയാകാൻ നേരത്തേ തന്നെ എത്തി.

തിങ്ങി നിറഞ്ഞ ഓഡിറ്റോറിയത്തിന് മുൻപിൽ, ഷോയെ പൂർണമായി ആസ്വദിക്കുന്നതിൻറെ തെളിവായി ന്യൂജേഴ്സിയിൽ നിന്നുള്ള കുഞ്ഞുമോൾ ദിലീപ് വർഗീസ്, സിസ്സി അനിയൻ ജോർജ്, ബൈജു വർഗീസ്, റീന, റൂബി തുടങ്ങി വലിയൊരു കൂട്ടം പ്രേക്ഷകർ കലാകാരന്മാരെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നത് ദൃശ്യമായിരുന്നു.

പ്രധാനമായും ന്യൂയോർക്കിലേയും ന്യൂജേഴ്സിയിലേയും അമേരിക്കൻ മലയാളി സമൂഹം തങ്ങളുടെ കലാസ്നേഹം വീണ്ടും തെളിയിച്ചു എന്നതാണ് സത്യം. ഇതുപോലുള്ള പരിപാടികൾ നിത്യം നടക്കുന്നതല്ല. അമേരിക്കൻ മലയാളികളും സംഗീതപ്രേമികളും ആരാധകരും ആവേശത്തോടെ ഇതുപോലുള്ള കൂടുതൽ പരിപാടികൾക്കായി കാത്തിരിക്കുന്നു.














MALABAR PALACE




Aji
Media




Paul
Karukappallil
Noah
George

# Blue Ocean
## Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies


MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ചിന്താവിഷ്ടനായ ശ്രീരാമൻ

**(നിരൂപണം: സുധീർ പണിക്കവീട്ടിൽ)**




ഈ നിരൂപണം തയ്യാറാക്കിയിരിക്കുന്നത് അമേരിക്കൻ മലയാളിയും സാഹിത്യകാരനുമായ ശ്രീ രാജു തോമസിന്റെ ഇനിയും പുസ്തകമാകാത്ത ചിന്താവിഷ്ടനായ ശ്രീരാമൻ എന്ന ഖണ്ഡകാവ്യത്തെ ആസ്പദമാക്കിയാണ്.

സീതയെ ഉപേക്ഷിച്ചു കഴിഞ്ഞ ശ്രീരാമന്റെ മനസ്സിൽ സമ്മിശ്രവികാരങ്ങളുടെ വേലിയേറ്റം നടന്നുകൊണ്ടിരുന്നു. ഒരു രാജാവ് എന്ന നിലക്ക് തന്റെ വ്യക്തിപരമായ ആനന്ദത്തേക്കാൾ പ്രജകളുടെ ക്ഷേമം പ്രധാനമെന്നു അദ്ദേഹം തീരുമാനിച്ചു. പ്രജകളോടുള്ള തന്റെ ധാർമ്മിക ഉത്തരവാദിത്വവും വാത്സല്യവും നിറഞ്ഞുനിന്നെങ്കിലും ദുഃഖവും, കുറ്റബോധവും അദ്ദേഹത്തെ സദാസമയം അലട്ടിയിരുന്നു. ശ്രീ രാജു തോമസിന്റെ ഈ കൃതി സീതാപരിത്യാഗത്തിനുശേഷം രാമൻ അനുഭവിക്കുന്ന മനോവ്യഥകളുടെ വിവരണമാണ്. ഭരണകർത്താവായ രാമനു നല്ല ഭർത്താവാകാൻ കഴിഞ്ഞില്ലെന്നു ആശാൻ ചിന്താവിഷ്ടയായ സീതയിൽ പറയുമ്പോൾ ഒരു രാജാവെന്നതിനേക്കാൾ ഒരു സാധാരണ മനുഷ്യൻ, ഭർത്താവ് എന്നീ നിലകളിൽ രാമനെ നോക്കി കാണുകയാണ് ശ്രീ രാജു തോമസ്.

ശ്രീരാമൻ സീതയെ ഭ്രാന്തമായി സ്നേഹിച്ചിരുന്നു. കാട്ടിൽ വച്ച് സീതയെ കാണാനില്ലെന്ന വിവരം അറിഞ്ഞു ശ്രീരാമൻ മരങ്ങളോടും മൃഗങ്ങളോടും സീതയെ കണ്ടോ എന്ന് ചോദിച്ച് കരഞ്ഞുകൊണ്ട് അവിടെമെല്ലാം അലഞ്ഞു നടന്നു. സീതയെ കണ്ടുപിടിച്ചതിനു ശേഷം ശ്രീലങ്കയിലേക്ക് കടക്കാൻ തനിക്കും തന്റെ സേനക്കും വേണ്ടി അദ്ദേഹം കടലിനു മീതെ പാലം പണിയിപ്പിച്ചു. സീതയോടുള്ള സ്നേഹത്തിന്റെ സ്മാരകമായി അത് 1480 അ.ഉ വരെ നില നിന്നു. എന്നിട്ടും പ്രജകളിൽ ഒരാളുടെ വാക്ക് കേട്ട് അയോദ്ധ്യാപതി തന്റെ ഗർഭിണിയായ ധർമ്മപത്നിയെ നിഷ്ക്കരുണം കാട്ടിലേക്കയച്ചതിനു പലരും പല പല വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും പ്രജാക്ഷേമതാൽപ്പര്യം കയ്യിലെടുത്ത് അദ്ദേഹം അങ്ങനെ ചെയ്തുവെന്നു വിശ്വസിച്ചു പോരുന്നു.

അമേരിക്കൻ മലയാളിയായ കവി ശ്രീ രാജു തോമസ് എഴുതിയ ഖണ്ഡകാവ്യത്തിന് ചിന്താവിഷ്ടനായ ശ്രീരാമൻ എന്നാണു പേര് നൽകിയത്. സീതക്ക് മാത്രമല്ല ചിന്താവിഷ്ടനാകാൻ ശ്രീരാമനും അവകാശമില്ലേ എന്ന് കവി ചിന്തിക്കുകയാണ്. മഹാകവി കുമാരനാശാന്റെ ചിന്താവിഷ്ടയായ സീത ഏറെ പഠനങ്ങൾക്ക് വിധേയമായ കൃതിയാണ്. മലയാളി വായനക്കാർക്ക് പരിചിതമാണ്.

രവി പോയ് മറഞ്ഞ ഒരു സന്ധ്യയിൽ ഒറ്റക്കിരുന്നു സീത തന്റെ പൂർവ്വാനുഭവങ്ങളെയും ആസന്നമായ ഭാവിയെയും പറ്റി ചെയ്യുന്ന ചിന്തകളാണ് ചിന്താവിഷ്ടയായ സീത എന്ന കാവ്യത്തിൽ കുമാരനാശാൻ വിവരിക്കുന്നത്.

ആശാന്റെ ചിന്താവിഷ്ടയായ സീത എന്ന കാവ്യത്തിൽ രാമായണത്തിലെ ഒരു കഥാസന്ദർഭത്തെ സീതയുടെ കാഴ്ചപ്പാടിലൂടെ പുനരവതരിപ്പിക്കുകയാണു.രാമായണത്തിൽ നിന്നും വ്യത്യസ്തമായി ഒരു സ്ത്രീയുടെ ചിന്തകളും സങ്കടങ്ങളും നിസ്സഹായതകളും മാറി മാറി വരുന്ന നിലയ്ക്കാണു കവിത അവതരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത് ചിന്താവിഷ്ടയായ സീതയുടെ അനുകരണമല്ല. ചിന്താവിഷ്ടയായ സീതയിൽ പതിയാൽ പരിത്യജിക്കപ്പെട്ട ഒരു സാധു സ്ത്രീയുടെ വിലാപങ്ങളല്ല ആശാൻ എഴുതുന്നത് അവരുടെ ഗതകാല അനുഭവങ്ങളും അജ്ഞതമായ ഭാവിയെപ്പറ്റിയുള്ള ആശങ്കകളും പിന്നെ പുരുഷോത്തമനായ തന്റെ ഭർത്താവിന്റെ തീരുമാനങ്ങളിലെ ധർമ്മാധർമ്മങ്ങളെയും വിശദമായി വിവരിക്കുന്നുണ്ട്. ‘‘യം സീതാ മമ സുതാ സഹധർമ്മചാരി തവ’ - എൻറെ മകളായ സീതയെ രാമാ നിന്നോടുകൂടെ ധർമ്മാചരണത്തിനായി നൽകുന്നുവെന്ന് പറഞ്ഞാണ് ജനക മഹാരാജാവ് പാണിഗ്രഹണം നടത്തുന്നത്. മക്കൾ വാത്മീകിയോടൊത്ത് അയോധ്യയിൽ പോയിരുന്ന ഒരു സന്ധ്യയിലാണ് സീത ആലോചനാമഗ്നനായിരിക്കുന്നത്.ആശാൻ അവിടെ നിന്ന് തന്റെ കാവ്യം ആരംഭിക്കുന്നു.

സുതർ മാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്തവഹിച്ചു സീതപോയ്
സ്ഥിതിചെയ്താളുടജാന്തവാടിയിൽ.’

ഇങ്ങനെയാണ് ചിന്താവിഷ്ടയായ സീത ആരംഭിക്കുന്നത്. ചിന്തയിലാണ്ട സീത സൂര്യനസ്തമിച്ചതോ ചുറ്റും നിലാവ് വന്നു നിറഞ്ഞതോ അറിഞ്ഞതേ ഇല്ലെന്നു കവി പറയുന്നുണ്ട്.

രവി പോയി മറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല, പോ-
ന്നവിടെത്താൻ തനിയേയിരിപ്പതും.

ശ്രീ രാജു തോമസ് അദ്ദേഹത്തിന്റെ കാവ്യം ആരംഭിക്കുന്നത് സൂര്യനെപ്പോലെ

തിളങ്ങുന്ന രഘുരാമൻ ഭാവി കാര്യങ്ങളെപ്പറ്റി ആശങ്കപ്പെടാതെ വളരെ കൃപയോട് കൂടി ജനങ്ങളെ വളരെ കാലം പോറ്റി എന്നാണു. ഭരിച്ചു എന്നല്ല. രാമനെപ്പറ്റി പറയുമ്പോൾ ഭരിച്ചുവെന്നു പറയാൻ കവിക്ക് കഴിയുന്നില്ല. രാമൻ പ്രജകളെ പോറ്റുകയായിരുന്നു. സീതാവിരഹനായി കഴിയുന്ന രാമൻ പശ്ചാത്താപവിവശനായി ധാരാളം യാഗങ്ങൾ കഴിച്ചു ചക്രവർത്തിയായി തന്റെ അയനം തുടരവേ വളരെ ദുഃഖിതനായി പറഞ്ഞുപോയി.

നിലയറ്റു പറഞ്ഞുപോയി സ്വയം
പലവട്ടം മനു വംശ മൗലിയും
ശരിയാവുകയില്ല ജീവിതം
വെറുതെ ജീവിതമെന്തുകർമ്മമോ?

ഒരു കർമ്മം പോലെ ജീവിതം തുടരുന്നതിൽ എന്തർത്ഥം എന്ന് ചിന്തിക്കുന്നത് ഒരു ചക്രവർത്തിയാണ്. അവരുടെ ജീവിതം സുഖഭോഗങ്ങളാൽ സമൃദ്ധമെന്നു പൊതുവെ വിശ്വസിച്ചുവരുമ്പോൾ ശ്രീരാമനെ സംബന്ധിച്ച് അങ്ങനെയല്ലായിരുന്നു എന്ന് രാമായണത്തിൽ പറയുന്നുണ്ട്. അദ്ദേഹം അതീവ ദുഖിതനായിരുന്നു. അദ്ദേഹം സുഖഭോഗനിഷേധിയായി കുശ പുല്ലുകൊണ്ടു ഉണ്ടാക്കിയ പായയിൽ കിടന്നു, പഴങ്ങൾ ഭക്ഷിച്ച് വൃതാനുഷ്ഠാനങ്ങളോടെ അതേസമയം പ്രജകളെ സംരക്ഷിച്ചും ജീവിതം തുടർന്നിരുന്നു. അങ്ങനെ സ്വയം തിരഞ്ഞെടുത്ത ആ ജീവിതവും അദ്ദേഹത്തിന് മടുപ്പു നല്കിയിരിക്കാം. കവി ശ്രീരാമനെക്കൊണ്ട് അദ്ദേഹത്തിന്റെ അവതാരത്തിനു കാരണമായ ഒരു ശാപത്തെപ്പറ്റി പറയുന്നുണ്ട്. സപ്തർഷികളിൽ ഒരാളായ ഭൃഗു മഹാവിഷ്ണുവിന്റെ അടുത്ത് ചെന്നപ്പോൾ വിഷ്ണു ലക്ഷ്മീദേവിയുടെ മടിയിൽ തലവച്ചു വിശ്രമിക്കുകയായിരുന്നു. ഭൃഗുവിനെ കണ്ടതായി ഭാവിച്ചില്ല, ഭൃഗു വിഷ്ണുവിന്റെ നെഞ്ചിൽ ചവുട്ടി ഉണർത്തി.മനുഷ്യനായി അനേകം അവതാരങ്ങൾ എടുക്കുകയും വിരഹ ദുഃഖം അനുഭവിക്കയും വേണമെന്ന ശാപവും കൊടുത്തു. ഇത് പക്ഷെ ശ്രീരാമ/കൃഷ്ണാവതാരങ്ങൾക്ക് മാത്രമേ ബാധകമായുള്ളു.

കണ്മുന്നിൽ കാണുംവിധം ശ്രീരാമന്റെ അവസ്ഥ കവി പരാമർശിക്കുന്നത് വളരെ ലളിതമായും അതേസമയം നമുക്ക് ബോധ്യമാകും വിധവുമാണ്.

പലനാഴിക മെത്തയിൽക്കിട-
ന്നലസം നിദ്ര വരാതെ ഭഗവാൻ
അഴലാർന്നുമിടം വലംതിരി -
ഞ്ഞുഴറി ,ഹാ, ഒരു ചിന്തഹേതുവാൽ.

ഒരു ചിന്ത രാജാവിനെ അലട്ടുന്നുണ്ട്. താൻ ചെയ്തത് ശരിയോ തെറ്റോ എന്ന ചിന്ത. രാമൻ ക്രൂരനായ ഒരു രാജാവായിരുന്നില്ല. ബഹുഭാര്യത്വം സ്വീകരിച്ച് സുഖഭോഗങ്ങളിൽ മുഴുകി കഴിയുന്ന ഒരു രാജാവിനാണെങ്കിൽ അത്തരം ചിന്ത ഉണ്ടാകുമായിരുന്നില്ല. രാമൻ പുരുഷോത്തമനാണ്. അദ്ദേഹത്തിന്റെ മനസ്സാക്ഷി അദ്ദേഹത്തെ ചോദ്യം ചെയ്യുന്നു. അതുകൊണ്ട് രാമൻ ചെയ്തത് പൂർണ്ണമായി ശരിയല്ലെന്ന് രാമന്റെ കഥയറിയുന്നവർ ചിന്തിക്കുന്നതിൽ അപാകതയില്ല.

വർഷങ്ങളായി താൻ അനുഭവിക്കുന്ന വേദനയുടെ മുറിവ് ഒലിച്ചുകൊണ്ടിരിക്കയാണ്. അത് തന്റെ ഉറക്കം കെടുത്തുന്നു. അടുത്ത് തന്നെ താൻ അലങ്കരിച്ച് പൂജിക്കുന്ന ഒരു വിഗ്രഹമുണ്ട്. ശ്രീരാമൻ ശങ്കിക്കുന്നു താൻ ഒരു വരം ചോദിച്ചാൽ അവൾ എന്ത് തരും? അങ്ങനെ ഉറക്കം വരാതെ ചിന്തിച്ചവശനായി രാമൻ ചിന്തിക്കുന്നു പൂർണമായി ഒരു ജന്മമില്ല ഭൂമിയിൽ. മനുഷ്യദുഖത്തിന്റെ കയ്പ്പ് ഇനി മതി ഇതിനേക്കാൾ മൃതി അഭികാമ്യം. വാസ്തവത്തിൽ രാമന് ഈ അവസ്ഥ ഉണ്ടാക്കിയത് ഭൃഗുവിന്റെ ശാപമെന്ന സമാധാനിക്കാനാണ് ഇഷ്ടം. അതെ സമയം തനിക്ക് കിട്ടിയ ഒരു രത്നം താൻ കാട്ടിൽ കളഞ്ഞു. സീത അമൂല്യനിധിയെന്നറിഞ്ഞിട്ടും അതിനെ കൈവെടിഞ്ഞില്ലേ കഷ്ടം എന്ന് കവി ആശ്ചര്യപ്പെടുന്നു.

അവസാന പുനർസമാഗമ വേളയിലും അപമാനം ഏറ്റുവാങ്ങേണ്ടിവന്നവൾ അവൾ പക്ഷെ വിശ്വസിച്ചില്ല താൻ കാഞ്ചനസീതയുടെ രൂപം പ്രതിഷ്ഠിച്ചിരിക്ക യായിരുന്നുവെന്നു ശ്രീരാമൻ സമാധാനപ്പെടുന്നുണ്ട്. ഇതിൽ നിന്നും ഈ കാവ്യത്തിൽ പറയുന്നത് സീത ഭൂമിദേവിയുടെ മാറിലേക്ക് ഇറങ്ങിപോയശേഷമുള്ള ശ്രീരാമന്റെ ചിന്തകളായിരിക്കുമെന്നു ഊഹിക്കാം. തന്റെ ദീനതരക്കങ്ങൾ കാവൽക്കാർ കേൾക്കരുത് കാരണം എന്തെങ്കിലും കേൾക്കുന്നത് പറഞ്ഞു നടക്കുന്നവർക്ക് എന്റെ ധർമ്മസങ്കടം എങ്ങനെ അറിയാൻ. എനിക്ക് സാധാരണ മനുഷ്യരെപ്പോലെ കരഞ്ഞുനിലവിളിക്കാനും കണ്ണീരൊഴുക്കാനും സാധിക്കില്ല പക്ഷെ മനസ്സും മിഴികളും നിറഞ്ഞു തുളുമ്പുമ്പോൾ കരയാതിരിക്കുന്നത് എങ്ങനെ. ഹൃദയത്തിൽ നിന്നൊഴുകുന്ന നദി മതി മന്നവനും മാനവനും പെട്ടെന്ന് അവരുടെ ദുഖഃതാപമകറ്റി അവരെ ജനനമരണങ്ങളിൽ നിന്ന് രക്ഷിക്കാൻ. കരിയാത്ത വൃണങ്ങളിലൂടെ അമൃത് കറയായി ഒഴുകുന്നു അരുതാത്ത വിധിതീർപ്പു നടപ്പാക്കിയതിൽ മനസ്സും ശരീരവും തളർന്നു പോയിരിക്കുന്നു.

ദിനചക്രങ്ങൾ ക്രമമായി ഉരുളുന്നു. പക്ഷെ തന്റെ മ്ലാനത കാരണം തനിക്കു ചുറ്റും ഇരുട്ടാണ്. ജീവിതം ഒരു പുഴയാണ് അതൊരു മഹാസമുദ്രമാണ് അതിനപ്പുറമെത്തണമെങ്കിൽ അനവധി ജന്മം അലയേണ്ടി വരുമെന്ന് ശ്രീരാമൻ ഒരു തത്വജ്ഞാനിയെപോലെ മനസ്സിലാക്കുന്നു. ത്രിമൂർത്തികളുടെ കർമ്മം സൃഷ്ടി, സ്ഥിതി, സംഹാരമാണ്. അതിൽ സ്ഥിതിയാണ് വിഷ്ണുവിന്റെ കർത്തവ്യം. പക്ഷെ ഭൂമിയിലാകയാൽ അത് നടപ്പിലാക്കുവാൻ താൻ അശക്തനാണെന്നു തിരിച്ചറിവും രാമനുണ്ടാകുന്നു. രാമന്റെ ചിന്തകൾ ജീവിതത്തിലെ വ്യർത്ഥ ചിന്തകളിലേക്കാണ്. യശസ്സും അധികാരവും അശ്വമേധത്തിൽ നിന്നും ലഭിക്കുന്ന പുണ്യവും ശനിദശ വിട്ടുമാറിയ ആയുസ്സും മനുഷ്യകഥ പറയുക എളുപ്പമല്ലെന്ന് അദ്ദേഹം നിരൂപിക്കുന്നു. ചെയ്തുപോയ തെറ്റുകൾക്കുള്ള ശിക്ഷ ശനിദോഷ കാലത്ത് അനുഭവിക്കേണ്ടി വരുമെന്നാണ് വിശ്വാസം.

സീതയെ ഉപേക്ഷിച്ചതിൽ ദുഖവും കുറ്റബോധവും ശ്രീരാമാനുണ്ടെന്നു കവി സമർത്ഥിക്കുന്നത് ഇങ്ങനെയാണ്. സൂര്യനും, ചന്ദ്രനും നക്ഷത്രങ്ങളും തന്നെ നോക്കി ചിരിക്കയാണോ, ചെറിയപുല്ലുകൾ കാറ്റിലാടി താൻ ആർജിച്ച ശ്രേഷ്ഠതയെ ഇല്ലാതാക്കുന്നുവോ? പുല്ലുകൾ കാറ്റിൽ ആടുകയാണ് അവ കാറ്റിനെ എതിർക്കാതെ കുനിഞ്ഞു ആടുകയാണ്. അതായത് അവ സാഹചര്യങ്ങൾക്ക് വഴങ്ങുന്നു. കളത്രനിന്ദ അറിഞ്ഞ രാമൻ അതിനെതിരായി പ്രതികരിച്ചത് ശരിയായില്ലെന്ന ബോധം രാമന്റെ ഉള്ളിൽ ഉണ്ട് അതുകൊണ്ടാണ് ആ മനസ്സ് ശങ്കാ കലുഷമാകുന്നത്.

കവി ചെറുപുല്ലുകളെക്കുറിച്ചുള്ള പരാമർശം പറയുമ്പോൾ നമ്മൾ ആലോചിക്കേണ്ടത് ചൈനീസ് തത്വചിന്തകനായ കൺഫ്യൂഷ്യസ് പറഞ്ഞതാണ്, അദ്ദേഹം പറഞ്ഞത് നമ്മൾ സാഹചര്യത്തിനൊത്ത പൊരുത്തപ്പെടണമെന്നാണ്. ഭാര്യ പരിശുദ്ധയാണെന്നറിഞ്ഞിട്ടും അപവാദം കേട്ടപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ അവിവേകം പ്രവർത്തിച്ചുവെന്നു രാമന് തോന്നുന്നുണ്ട്. അല്ലെങ്കിൽ പിന്നെ ചിന്താവിഷ്ടനാകേണ്ട കാര്യമില്ല. രാമന്റെ മനസ്സിലെ സംഘർഷങ്ങളെ കവി വളരെ സുതാര്യമായി പറയുന്നു.

അതിപാവനമാം വിവാഹമേ!
ശ്രുതിമന്ദാരമനോജ്ഞപുഷ്പമായ്
ക്ഷിതിയിൽ സുഖമേകി നിന്ന നിൻ
ഗതികാൺകെത്രയധഃപതിച്ചു നീ!

സീത വിവാഹത്തെ വിവരിക്കുന്നത് ഇങ്ങനെയാണ്. പരിപാവനമായ ഈ വിവാഹം പക്ഷെ ഭൂമിയിൽ അധഃപതിക്കുന്നത് പതിപത്നിമാർ തമ്മിലുള്ള വിശ്വാസക്കുറവുകൊണ്ടാണ്. ശ്രീരാമൻ പറയുന്നത് പരിശുദ്ധമായ വിവാഹത്തെപ്പറ്റി ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്എന്നാണു.

പരിശുദ്ധിയെഴും വിവാഹമേ
പരിശോധിപ്പിഹ നീ ശരിക്കുമേ
കനലിന് കൊടുചൂടിലേവരും
കനകം, ചാരവുമൊക്കയായിടും

ഉരുക്കിയുണ്ടാക്കുന്ന കനകം പോലും ചിലപ്പോൾ ചാരമായിപോകും. തന്റെ ഏകപത്നീവ്രതത്തെ പോലും ജനം ഓർക്കുകയില്ലെന്നു രാമൻ സംശയിക്കുന്നുണ്ട്. ഇവിടെയും ജനങ്ങൾ സീതക്കൊപ്പം എന്ന ചിന്ത രാമനെ അലട്ടുന്നു.

കുടുംബമല്ല രാജ്യമാണ് ഒരു രാജാവിന് പ്രധാനം എന്ന ആശയത്തിൽ ഉറച്ചു നിന്ന് പ്രജകളിൽ ഒരുവൻ ആരോപിച്ച കുറ്റം അന്വേഷിക്കപോലും ചെയ്യാതെ സ്വന്തം സഹധർമ്മിണിയെ വനത്തിൽ ഉപേക്ഷിച്ച രാജാവെന്ന നിലക്ക് രാമൻ അതീവ ദുഖിതനാണെന്നു കവി വിശദീകരിക്കുന്നുണ്ട്. മനുഷ്യർക്ക് ദുഃഖം വരുമ്പോൾ അവൻ തത്വജ്ഞാനിയാകുന്നു.

പെരുകും രുജ സാന്ദ്രമാകവേ
പരദുഃഖത്തിലതാണ്ടുപോയതോ
ജനസൗഖ്യമതേ പ്രധാന,മീ
ജനിദുഖം തൃണവല്ഗണിച്ചിടാം

രാമൻ പറയുന്നു കൂട്ടത്തോടെ വരുന്ന കഷ്ടപ്പാടുകൾ ഒരാൾക്ക് ജീവിതത്തിൽ കയ്പ്പ് നൽകുന്നു. ജീവിതം മധുരതരമെങ്കിലും. ജനനമരണംദുഖം പുല്ലുപോലെ അവഗണിക്കാം. ജനങ്ങളുടെ സൗഖ്യമാണ് തനിക്ക് പ്രധാനമെന്ന് സ്വയം ആശ്വസിക്കുന്നു.

കവിപുംഗവനാരചിച്ചിതേ
ഹൃദയവർജ്ജകമായിയെൻ കഥ,
നളിനാസന നന്ദനൻ നന്നേ
വെളിവാക്കി മമധർമ്മസംഹിത

എന്റെ ആദർശത്തെപ്പറ്റി നാരദൻ പറഞ്ഞത് കവിപ്രമുഖൻ എഴുതി വച്ചു. ആ കാവ്യത്തിൽ മുനി വേടനെ ശപിക്കുന്ന വാക്കുകളുടെ

മുനയിൽ ഞാനാണ് ഇപ്പോൾ പിടയുന്നത് അതെന്റെ ചെവി പിളരുന്നു. വീണ്ടും രാമന്റെ മനസ്സിൽ ദുഷ്ചിന്തകളുടെ വേലിയേറ്റം നടക്കുന്നുണ്ട്. വളരേ നാൾ അസുരന്റെ മായാജാലത്തിൽ ജീവിച്ചവൾ പ്രലോഭനത്തിൽ പെട്ടുപോയിട്ടുണ്ടാകുമോ? അവൾ അസുരന്റെ കുഞ്ഞിനെ പ്രസവിച്ച് രാമന് ശിക്ഷയാകുമോ? ഈ വരികൾ സൂചിപ്പിക്കുന്നത് കൃപണോക്തികളിൽ രാമനും വിശ്വസിക്കുന്നുവെന്നു തന്നെയാണ്. പരശുരാമന്റെ പിതാവും, അഹല്യയുടെ മാമുനിയും ഭാര്യമാരെ ശങ്കിച്ച് അവരെ ശിക്ഷിച്ചിട്ടുണ്ട്. രാമന്റെ മനസ്സ് ഒരു പെൻഡുലം പോലെ ആടുന്നത് കവി ഭംഗിയായി വിവരിക്കുന്നത് നോക്കുക.

ശ്രുതരാം ജമദഗ്നി, ഗൗതമൻ
ഇതരാസക്തി ഭയന്നു തൽക്ഷണം
ദ്രുത ശങ്ക യതാൽ സ്വപത്നിമാർ
ക്കതി ഘോരാന്തമിയറ്റി ക്രുദ്ധരായ്

രാമൻ പറയുന്നു സംശയം എനിക്ക് ചേർന്നതല്ല. എന്റെ സീത സ്വീകാര്യയാണ്. താമരയുടെ പൂർണ്ണ വളർച്ചക്കും പൂവ്വിട്ടു നിൽക്കാനും ധാരാളം സൂര്യപ്രകാശം ആവശ്യമുള്ളപ്പോൾ സൂര്യരശ്മികളെ തടഞ്ഞു വണ്ടുകളാൽ മൂടപ്പെട്ടിരിക്കാൻ അത് ആഗ്രഹിക്കയില്ല. സീത ഒരിക്കലും കളങ്കിതയാകാൻ ചിന്തിക്കില്ലെന്നു രാമന് ഉറച്ച വിശ്വാസമുണ്ട്. അഗ്നിക്ക് പോലും അവളെ തൊടാൻ കഴിഞ്ഞില്ല. സ്ത്രീകളെ കളങ്കികളാക്കി വിചാരണ ചെയ്യുന്ന സ്മാർത്തൻ അവരെ സാധനം എന്ന് വിളിക്കുന്നു. ഇവിടെയും ഒരു മണ്ണാൻ സ്മാർത്തവിചാരവുമായി വരുന്നു. ധാർമ്മിക രോഷത്താൽ ശ്രീ ലക്ഷ്മണൻ പോലും തന്റെ ധർമ്മം എന്ത് കുന്തമാണെന്നു ചോദ്യം ചെയ്തത് രാമൻ ഓർക്കുന്നു, പക്വതയുള്ള ഗുരുക്കന്മാരുടെ വിധിയിൽ പോലും അനീതി കാണാം അതുപോലെ തന്റെ അവതാരമാണോ തന്നെ അപരാധിയാക്കിയത്. എന്റെ അപരാധം സീതക്ക് നരകതുല്യമായ അനുഭവം നൽകി എന്നാൽ ഈ അനീതിക്കെതിരെ പൊരുതാൻ ഞാൻ വെറും മനുഷ്യനല്ലേ എന്ന നിസ്സഹായത രാമൻ മനസിലാക്കുന്നു.

ഉപേക്ഷിക്കപ്പെട്ട വേദനപേറി കാട്ടിൽ ഒറ്റക്ക് കഴിയുന്ന സീത ഗർഭിണി കൂടിയാണ്. അതിന്റെ യാതന അനുഭവിക്കുന്ന സീത തനിക്ക് ശരണം ഭൂമിയിലില്ല മരണം തന്നെ ഗതിയെന്നു ചിന്തിക്കുന്നുവെന്നു രാമൻ കരുതുന്നു. വാസ്തവത്തിൽ. ഭുമൌസ്ഖലിത പാദാനാം ഭൂമിരേവാ വലംബനമ്(സൗന്ദര്യ ലഹരി) ഭൂമിയിൽ കാൽ വഴുതി വീഴുന്ന മക്കൾക്ക് അഭയം ഭൂമി മാതാവ് തന്നെ. ഇത് പിന്നീട് സീതക്ക് സഹായമായി വരുന്നുണ്ടു.

സീത തന്റെ കുഞ്ഞുങ്ങളെ പ്രസവിച്ചതും അവരെ മുനിയുടെ സഹായത്താൽ വളർത്തി വലുതാക്കിയതുമെല്ലാം ശ്രീരാമൻ ഗൂഢമായി അറിയുന്നുണ്ട്. അശ്വമേധയാഗം ലവ് കുശന്മാരെ പുത്രസന്നിധിയിലേക്ക് നയിച്ചപ്പോൾ സീതക്കും വരേണ്ടി വന്നുവെന്നു ശ്രീരാമൻ ആലോചിക്കുന്നെങ്കിലും തന്റെ ഉപബോധമനസ്സിൽ അവളെ സ്വീകരിക്കുന്ന രംഗം കണ്ടുകൊണ്ടിരുന്നപ്പോൾ അത് സഫലമായില്ലെന്നു രാമൻ തിരിച്ചറിയുന്നു. സീതയെ വരവേറ്റു തന്റെ പട്ടമഹിഷി സ്ഥാനമലങ്കരിക്കാൻ പ്രിയേ വരിക നീ പൊറുക്കുകിൽ എന്നാണു പറയുന്നത്. രാമന്റെ മനസ്സിൽ കുറ്റബോധം നിറയുന്നത് കവി വ്യക്തമായി പ്രകടിപ്പിക്കുന്നു. വീണ്ടും സംശയം തീരുന്നില്ല രാജാവിന്. സീതയോട് പറയുന്നു ജനങ്ങളുടെ ശങ്കയകറ്റാൻ കരിയാതെ അഗ്നിയിലൂടെ കേറി വരിക എന്നാണു. രാമൻ തന്റെ ചിന്തയിൽ കാണുന്ന പുണ്യമൊന്നും അനുഭവിക്കാൻ തന്റെ നിയമങ്ങളിലെ നയങ്ങൾ അനുവദിക്കുന്നില്ല എന്ന് മനസ്സിലാക്കുന്നുണ്ട്. പണ്ടും ഇങ്ങനെ അവൾക്ക് വിധിച്ചിരുന്നു വീണ്ടും അത് തന്നെ വിധിക്കാൻ തന്റെ അവതാരയോഗം കാരണമെന്ന് രാമൻ ആശ്വസിക്കുന്നു

രാമൻ എപ്പോഴും ആത്മപരിശോധന നടത്തുന്നതായിട്ടാണ് ശ്രീ രാജു അവതരിപ്പിക്കുന്നത്. ഷെയ്ക്സ്ഫിയരുടെ ഹാംലെറ്റിനെ പോലെ സ്വയം ചോദ്യങ്ങൾ ചോദിക്കുന്നു സ്വയം ഉത്തരങ്ങൾ കണ്ടെത്തുമ്പോഴും സമാധാനം കിട്ടുന്നില്ല.

നിരന്തരം സീതക്ക് കാവലായി നിൽക്കുന്ന അഗ്നി അവളെ ഹനിക്കയില്ല ആ ദിവ്യരഹസ്യം അറിയുന്ന ദേവി അഗ്നിയിൽ വിളങ്ങുമെന്നു രാമൻ വിശ്വസിക്കുന്നു.

അനിശം ഭവതിക്ക് കാവലാ-
ളനലൻ തന്നെ ഹനിക്കയോ പിന്നെ
അത് ദിവ്യരഹസ്യമെന്നറി-
ഞ്ഞത്തിനാൽ ദേവി വിളങ്ങിയഗ്നിയിൽ

സീത രാമനെ എല്ലാറ്റിലും ഉപരി സ്നേഹിക്കുന്നു എന്ന് അറിയുന്ന രാമന്റെ മനസ്സിൽ അവളെ ശങ്കിച്ചതിനുള്ള വേദന തിങ്ങി നിറയുന്നതും പിന്നെ സീതയുടെ ദുഃഖം കണ്ടു ഭൂമി മാതാവിന്റെ മാർവിടം പിളർന്നു അവളെ ഭൂമി തന്നിലേക്കടുപ്പിക്കുന്നതും കവി വിവരിക്കുന്നുണ്ട്. അപവാദിത എന്ന കളങ്കം താൻ ചാർത്തികൊടുത്തിട്ടും തന്നെക്കുറിച്ച് ഒരക്ഷരം മോശമായി അവൾ പറഞ്ഞില്ലെന്നു രാമൻ ഓർക്കുന്നു. സീതയുടെ അന്തർദ്ധാനം കണ്ടു നിന്ന സദസ്യർ കണ്ണീർപൊഴിച്ചപ്പോൾ ദേവകൾ മുകളിൽ നിന്നും പുഷ്പവൃഷ്ടി നടത്തി. ദേവി പോയപ്പോൾ സമയം നിശ്ചലമായ പോലെ രാമന് തോന്നുന്നുണ്ട്. രാമന്റെ മനസ്സിലെ സംഘർഷങ്ങൾ അതിന്റെ തീവ്രത വിടാതെ അവതരിപ്പിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്.

കാലചക്രം തിരിഞ്ഞു വിഭാര്യനായ രാമൻ പടുവൃദ്ധനായി പക്ഷെ രാജാധികാരം ഉണ്ടായിട്ടും ബഹുഭാര്യത്വം അനുവദനീയമായിട്ടും പുനർവിവാഹം ചെയ്തില്ല. പഴയകാല ചിന്തകളിൽ മുഴുകി നിരാശനായി രാമൻ കഴിഞ്ഞു. തന്റെ അവതാരലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് രാമൻ ആശ്വസിക്കുന്നുണ്ട്.രഘുവംശം ശബളാഭമാക്കി രാവണനെ കൊന്നു മുക്തി നേടിക്കൊടുത്തു അതേപോലെ ബാലി, ജംബൂകൻ എന്നിവരെയുംകാലപുരിക്കയച്ചു തന്റെ ദൗത്യം നിറവേറ്റി. പിന്നെയും രാമൻ പറയുന്നു. ഇനിയും മനുഷ്യനായി ജനിച്ച് പരിപാലനവും നിഗ്രഹവും നടത്തി പൂർണ്ണതയോടെ സത്യവും നീതിയും പുലർത്തിടും.

ഇനിയും നരനായിയീശ്വരൻ
ജനനം പൂണ്ടിവിടെബ്ഭുയോ ഭൂയഃ
പരിപാലന നിഗ്രഹാ ദിയാൽ
പരിപാകം നിജനീതി ചെയ്തിടും.

രാമന്റെ അവസാന നാളുകൾ കവി വർണ്ണിക്കുമ്പോൾ സീതയെക്കുറിച്ചുള്ള ചിന്ത മാറി ഭരണം ഒഴിയുന്ന ഒരു രാജാവിന്റെ മനസ്സ് രാമന് കൈവരുന്നതായി കാണാം. തന്റെ ദൗത്യം പൂർത്തിയാക്കി പോകാനുള്ള നേരമായി എന്ന് സഹോദരരോട് പറയുമ്പോൾ അവരെല്ലാം മൂകരായ് കണ്ണീർ വാർക്കുന്നു. രാമൻ അയോദ്ധ്യയെ വിഭജിച്ച് മക്കൾക്ക് നൽകി.

കഥകളുടെ പോക്കുകണ്ടു അത് കഷ്ടമെന്നു നിനച്ച് സൂര്യൻ തന്റെ പ്രഭ നഷ്ടപ്പെട്ടു മടങ്ങിയെങ്കിലും വീണ്ടും ആഗ്രഹത്തോടെ ദുഃഖങ്ങൾ തിങ്ങുന്ന കാലത്തിന്റെ സാക്ഷിയായി വീണ്ടും വന്നു. അപ്പോൾ രാമൻ സരയു നദിയിൽ ജലസമാധിയടഞ്ഞു. ആയിരക്കണക്കിന് ആളുകൾ ജയ് ശ്രീ രാം ഉരുവിട്ടുകൊണ്ട് ജീവിതത്തിന്റെ സ്ഥിരമായ ലക്ഷ്യം (സത്പദം) നേടി. ഹാ ഇതെല്ലാം മായയുടെ വൈഭവം എന്നാണു കവി സൂചിപ്പിക്കുന്നത്. ഇതിനെ പല കാഴ്ചപ്പാടിലൂടെയും വ്യാഖ്യാനിക്കാം. മായ എന്നാൽ ഇല്ലാത്തത് എന്ന നിഷേധരൂപമായ അർത്ഥമുണ്ട്. അപ്പോൾ രാമന്റെ കഥ ഇല്ലാത്തതു എന്ന് അർഥം വരും. അതേസമയം ഭഗവത് ഗീതയിലും വേദാന്തങ്ങളിലും മായയെ വിശദമായി വിവരിക്കുന്നുണ്ട്. ഭഗവത് ഗീത ഏഴാം അദ്ധ്യായം -

ശ്ലോകം 14 ഇൽ ഇങ്ങനെ പറയുന്നു. ത്രിഗുണങ്ങൾ ഉള്ള (സത്വം, രജസ്സ്, തമസ്സ് ) എന്റെ മായയെ അതിജീവിക്കാൻ എളുപ്പമല്ല. എന്നാൽ എന്നെത്തന്നെ ശരണം പ്രാപിക്കുന്നവന് മായയെ തരണം ചെയ്യാൻ സാധിക്കും. നമ്മൾ എല്ലാവരും മായാവലയത്തിലാണ്. നമുക്ക് ചുറ്റും നാം കാണുന്നതൊന്നും സ്ഥിരമോ സത്യമോ ആയ ഒന്നുമല്ല. ഉദാഹരണം ഒരു തിരശീലയിലൂടെ നീങ്ങുന്ന ചിത്രങ്ങൾ പോലെ. ചിത്രങ്ങൾ മാഞ്ഞുപോകുന്നു. തിരശീല അവിടെയുണ്ടാകും. തിരശീല ഇല്ലെങ്കിൽ ചിത്രങ്ങൾ ഇല്ല. ആ വിഷയം ഇവിടെ പ്രതിപാദിക്കുന്നില്ല. കവിയുടെ സൂചനയിൽ നിന്നും ശ്രീരാമന്റെ കഥയും വെറും മായ. അത് നടന്നെങ്കിൽ തന്നെ ഒരു മായ പോലെ നമുക്ക് അത് അനുഭവപ്പെടുന്നു എന്ന് മനസ്സിലേക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ രാമന്റെ ജീവിതത്തിൽ നടന്നതെല്ലാം വെറും മായയായിരുന്നു എന്നും ചിന്തിക്കാം.. മായാസീതയെ ആണ് രാവണൻ കട്ടു കൊണ്ടുപോയത്, സീത അഗ്നിയുടെ കരങ്ങളിൽ സുരക്ഷിതയായിരുന്നുവെന്നും പരാമർശങ്ങൾ ഉണ്ട്. ശ്രീ രാജുവിന്റെ ഉദ്യമം സീതയെ ഉപേക്ഷിച്ച/ സീത പിരിഞ്ഞുപോയ അയോധ്യാപതിയുടെ മാനസികവികാരങ്ങൾ പകർത്തുക എന്നാണു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളിലൂടെ അദ്ദേഹം അതിൽ വിജയിച്ചുവെന്ന് മനസ്സിലാക്കാം.

ലോകത്തിൽ അത്യാശ്ചര്യകരമായ സംഗതിയെന്താണെന്നു പണ്ടു യുധിഷ്ഠിരമഹാരാജാവിനോടു ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു; ''എവിടെ നോക്കിയാലും ജീവികൾ മരിക്കുന്നതു നിത്യവും കാണാം. എന്നിട്ടും തങ്ങൾക്കു മരണമില്ലെന്നാണ് മനുഷ്യർ വിചാരിക്കുന്നത്. ഇതിലധികം ആശ്ചര്യകരമായിട്ടെന്തുണ്ട്? ഇതും മായയാകുന്നു.



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# സുധീറിന്റെ അമേരിക്കൻ മലയാള സാഹിത്യ നിരൂപണങ്ങൾ ഒരു അവലോകനം: ഡോ: പി.സി. നായർ







ശ്രീ സുധീർ പണിക്കവീട്ടിലിന്റെ സാഹിത്യനിരൂപണങ്ങൾ (മൂന്നാം ഭാഗം) എന്ന ഗ്രൻഥം അദ്ദേഹം പലപ്പോഴായി എഴുതി പ്രസിദ്ധീകരിച്ച നാല്പത്തിയാറു കൃതികളുടെ പഠനമോ നിരൂപണങ്ങളോ ആണ്. ഒന്നാമതായി ഞാനിവിടെ പറയാനാഗ്രഹിക്കുന്നത് നിരൂപണങ്ങളും, ആസ്വാദനങ്ങളും , പുസ്തകാഭിപ്രായങ്ങളും തമ്മിലുള്ള വേർതിരിവിലേക്ക് കടക്കുന്നില്ലെന്നതാണ്. എന്റെ ഈ കുറിപ്പ് ഇതിലേതെങ്കിലുമൊന്നായി വായനക്കാർക്ക് ഇഷ്ടം പോലെ വ്യാഖ്യാനിക്കാം. രണ്ടാമതായി ഈ സമാഹാരത്തിൽ നിരൂപണത്തിനു വിഷയമാക്കിയിട്ടുള്ള മൂലകൃതികളിൽ മിക്കവയും ഞാൻ വായിച്ചിട്ടില്ല. അതുകൊണ്ട് അതിനെക്കുറിച്ച് എന്തെങ്കിലും പറയുന്നത് ഉചിതമാവില്ലെന്നതാണ്. ഞാൻ വായിച്ചിട്ടുള്ള കൃതികൾ മാത്രമെടുത്ത് സുധീർ അതിനെ എങ്ങനെ നിരൂപണം ചെയ്തിരിക്കുന്നു എന്ന് ചുരുക്കത്തിൽ പ്രതിപാദിക്കാനാണ് ഞാനിവിടെ ശ്രമിക്കുന്നത്.

ആദ്യമായി മഹാകവി കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയെപ്പറ്റി സുധീർ എഴുതിയ ലഘുപഠനവും സംഗ്രഹവും നോക്കാം. ഇരുപത്തിയേഴ് പേജുകളിലായി ഈ മഹത്തായ കൃതിയുടെ സംഗ്രഹവും അതിനെക്കുറിച്ചുള്ള പഠനവും ഓരോ പദ്യങ്ങൾ ഉദ്ധരിച്ച് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. ഓർമ്മകളോരോന്നായി സീതയുടെ മനസ്സിലേക്ക് കടന്നുവരുന്നത് സ്വാഭാവികമായി പകർത്തിയിട്ടുണ്ട്.

അഴലിന്നു മൃഗാദി ജന്തുവിൽ
പഴുതേറീടിലു,മെത്തിയാൽ ദ്രുതം
കഴിയാമതു മാനഹേതുവാ-
ലൊഴിയാത്താർത്തി മനുഷ്യനേ വരു.

സീതയുടെ മനസ്സിൽ അടക്കിയാലും അടക്കാനാവാത്ത വിധത്തിൽ ശേഷിച്ചിട്ടുള്ള ഒന്നാണ് അവമാനശല്യം. ഈ അവമാനബോധമാണ് നീണ്ടു നീണ്ടു പോകുന്ന ചിന്തകൾക്കെല്ലാം മുഖ്യധാരയായി തീർന്നിട്ടുള്ളത്. ഭാര്യത്വം പ്രാപിക്കുന്ന സ്ത്രീ ഭർതുഹിതത്തിന്നടിമപ്പെട്ടിരിക്കണം എന്നാണല്ലോ പരമ്പരാഗതമായ നീതി ശാസ്ത്രമനുശാസിക്കുന്നത്.

പിതാരക്ഷിത കൗമാരേ,
ഭർത്താ രക്ഷിത യൗവനേ,
പുത്രോരക്ഷതി വാർദ്ധ ക്യേ
ന സ്ത്രീ സ്വാതന്ത്ര്യമർഹതി

സ്ത്രീയുടെ ഈ അസ്വാതന്ത്ര്യത്തിനെതിരായി ശബ്ദമുയർത്തണമെന്നു ആശാന് തോന്നിയിരിക്കണം. ഇതദ്ദേഹം സീതയുടെ ചിന്തയിലൂടെയാണ് സാധിച്ചിരിക്കുന്നത്. ഈ വിഷയം വളരെ ലളിതമായ ഭാഷയിൽ പലയിടത്തായി അനുവാചകന് എളുപ്പം മനസ്സിലാകുന്ന ഭാഷയിൽ സുധീർ പറഞ്ഞിട്ടുണ്ട്. പഠനം തുടങ്ങുന്നത് തന്നെ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ കാഹളം മുഴക്കുകയാണ് ആശാൻ ഈ കാവ്യത്തിലൂടെയെന്നു പ്രസ്താവിച്ചുകൊണ്ടാണ്. ഏതാണ്ട് നൂറു വർഷങ്ങൾക്ക് മുമ്പ് എഴുതിയ ഈ ഖണ്ഡകാവ്യത്തിന്റെ പ്രസക്തി ഈ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നതിനെപ്പറ്റിയും എഴുതിയിരിക്കുന്നത് വളരെ പ്രസക്തമാണ്. പഠനത്തിൽ സീതയെപ്പറ്റി സ്വാമി വിവേകാനന്ദൻ പറഞ്ഞതും ഇതിലെ അവസാന ശ്ലോകം ഏറ്റവും സുന്ദരമാണെന്ന പ്രൊഫസ്സർ എം.എൻ വിജയൻറെ അഭിപ്രായവും ഉദ്ധരിച്ചിരിക്കുന്നതിൽ നിന്ന് ഈ കാവ്യത്തെപ്പറ്റി സുധീർ ഗാഢമായി ചിന്തിച്ച് പഠിച്ചിട്ടുണ്ടെന്നതിന്റെ തെളിവാണെന്ന് നിസ്സംശയം പറയാം.


ശ്രീമതി രമ പിഷാരടിയുടെ കവിതകളെക്കുറിച്ച് പറയുന്ന ഭാഗം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഒന്നാമതായി നിരൂപകൻ ചൂണ്ടിക്കാണിക്കുന്നത് അവരുടെ ലയനമധുരമായ കാവ്യശൈലിയെക്കുറിച്ചാണ്. അതുപോലെ അവരുടെ കാവ്യഭൂതലം വളരെ വിശാലവും സൗന്ദര്യാത്മകവുമാണെന്ന സുധീറിന്റെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു.

സ്വന്തം അനുഭൂതികളെ ഭാവനയിൽ നിന്ന് പൊട്ടിവിരിയുന്ന സരളകൽപ്പനകളിലൂടെ ആവിഷ്കരിക്കുന്നതിനുള്ള ശ്രീമതി പിഷാരടിയുടെ കഴിവ് പ്രശംസനീയം തന്നെ. അങ്ങനെ ചെയ്യുമ്പോൾ അതാത് സന്ദർഭത്തിൽ നിന്ന് സ്വാഭാവികമായി ധ്വനിക്കുന്ന ചിന്താശകലങ്ങളാണ് അവരുടെ കവിതകളെ

ആലോചനാമൃതമാക്കുന്നത്. സംഗീതം പഠിക്കുകയും വീണ വായനയിൽ നൈപുണ്യമുള്ള കവയിത്രി കർണ്ണാട്ടിക് രാഗങ്ങളെ ശ്രുതിലയ താളങ്ങളോടെ കവിതയിൽ കൊണ്ടുവരുന്നത് ഒരു നിരൂപകന്റെ സൂക്ഷ്മദൃഷ്ടിയോടെ സുധീർ ഇവിടെ പകർത്തിയിട്ടുണ്ട്. പിന്നെ ഒന്ന് പറയാനുള്ളത് ഏതു നിരൂപണവും ഗുണദോഷവിവേചനത്തിൽ സമ്പൂർണ്ണ മാകുകയുള്ളു. ഒരു കാവ്യമായാലും ആഖ്യായികയായാലും ഒന്നിലധികം വീക്ഷണഗതിയിലൂടെ കണ്ടാൽ മാത്രമേ അതിന്റെ ആസ്വാദനം സമ്പൂർണ്ണമാകുകയുള്ളു. ശ്രീ സുധീർ പണിക്കവീട്ടിൽ അതിനു ശ്രമിച്ചിട്ടുണ്ടെന്നുള്ളത് പ്രശംസാർഹമാണ്.

അനുഭവങ്ങളുടെ ആവിഷ്കാരമാണ് ശ്രീ സന്തോഷ് പാലായുടെ മിക്ക കവിതകളിലെയും സാരമായ പ്രമേയം. സന്തോഷ് പാലായുടെ കവിതകളെക്കുറിച്ച് പരാമർശിക്കുമ്പോൾ സുധീർ നിരൂപണത്തിന്റെ എല്ലാ നിർവചനങ്ങളും കണക്കിലെടുത്തിട്ടുണ്ടെന്നു കാണാം. ഉദാഹരണമായി പൗരാണികവും **(classic)** നവീനവും **(modern)** ഉൾക്കൊള്ളുന്ന രണ്ടു രീതിയും സമന്വയിപ്പിച്ച് അതിൽ നിന്ന് സ്വന്തമായൊരു ശൈലി രൂപപ്പെടുത്തിയാണ് നിരൂപണം ചെയ്യുന്നത്. സന്തോഷിന്റെ കവിതകളിൽ വികാരങ്ങൾ നൈസ്സർഗികമായി കരകവിഞ്ഞൊഴുകുന്നുവെന്നും കവിക്ക് ഭാവനയുടെ ലോകത്ത് ഉറച്ച് നിൽക്കാനാണ് താല്പര്യമെന്നുമുള്ള സുധീറിന്റെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നിരൂപണസാഹിത്യമേഖലയിൽ ശ്രീ സുധീർ പണിക്കവീട്ടിലിന്റെ അമേരിക്കൻ മലയാള സാഹിത്യനിരൂപണങ്ങൾ (മൂന്നാം ഭാഗം) ഒരു പ്രധാനസ്ഥാനത്തിനർഹമാണ്. സുധീറിന്റെ മലയാള ഭാഷയോടും, സാഹിത്യത്തിലുമുള്ള അപരിമേയമായ സ്നേഹം ഇവിടെ ഞാൻ രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതിവേഗം കടന്നുപോകുന്ന അമേരിക്കൻ ജീവിതത്തിനിടയിൽ മറ്റുള്ളവരുടെ കൃതികൾ സശ്രദ്ധം പഠിച്ച് പ്രോത്സാഹജനകമായ രീതിയിൽ അവയെ നിരൂപണം ചെയ്യാൻ സന്മനസ്സ് കാണിക്കുന്ന ശ്രീ സുധീർ പണിക്കവീട്ടിലിനെ സഹൃദയർ എല്ലാ കാലത്തും സ്നേഹാദരങ്ങളോടെ ഓർമ്മിക്കുമെന്നുള്ളതിനു സംശയമില്ല.

ശ്രീ സുധീർ പണിക്കവീട്ടിലിനു എല്ലാ ഭാവുകങ്ങളും നേരുന്നു!



അമേരിക്കയിലെ പല കോളേജുകളിലും ധനതത്ത്വശാസ്ത്ര പ്രൊഫസറായിരുന്ന ശ്രീ. പി.സി. നായർ തിരുവല്ല സ്വദേശിയാണ്. 1959-ൽ യൂണിവേഴ്സിറ്റി കോളേജില്നിന്നും എക്കണോമിക്സിൽ ബി.എ. ഓണേഴ്സ് പ്രശംസാർഹമായി പാസ്സായി. ലോക പ്രസിദ്ധ ധനതത്ത്വശാസ്ത്രജ്ഞനായ ഡോ. ഇ.എ.ജെ. ജോൺസന്റെ കൂടെ കുറച്ചുകാലം ഡൽഹിയിൽ ജോലി നോക്കി. തുടർന്ന് ഉപരിപഠനാർത്ഥം അമേരിക്കയിലേക്കു പോയി.

ന്യൂയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നി.ന്ന് എം.എ. ബിരുദം നേടി. പിന്നീട് ധനതത്ത്വശാസ്ത്രത്തിൽ പി.എച്ച്.ഡി ബിരുദവും സമ്പാദിച്ചു. ഹെർമ്മൻ ഹെസ്സെയുടെ വിഖ്യാതമായ 'സിദ്ധാർത്ഥദയും ഇബ്സന്റെ Master Builder ഉം (ശ്രേഷ്ഠശില്പി) മലയാളത്തിലേക്കു തർജ്ജമ ചെയ്തിട്ടുണ്ട്. 1985ൽ വാഷിങ്ടണിൽ നടന്ന ലോക മലയാള സമ്മേളനത്തിന്റെ ജനറൽ കൺവീനറായിരുന്നു. 2014ലെ പ്രശസ്തമായ വള്ളത്തോൾ പുരസ്കാരത്തിന് അർഹനായി. വെർജീനിയയിൽ സ്ഥിരതാമസം. അമേരിക്കൻ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതാറുണ്ട്





Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# സണ്ണിയും സഹായികളും തുടങ്ങി ഓപ്പറേഷൻ നിലമ്പുർ



**സുനിൽ വല്ലാത്തറ**
**ഫ്ലോറിഡാ**

നിലമ്പൂരിൽ ആര്യടാൻ ഷൗക്കത്തിനെ വിജയിപ്പിച്ചെടുക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം നിലമ്പൂർ ബ്രാൻഡ് അൻവറെ മൂലയ്കിരുത്തിയ പ്രതിപക്ഷ നേതാവ് വി ഡി സതീശന് ആണെങ്കിലും പുതിയ കെ പി സി സി പ്രസിഡന്റ് സണ്ണി ജോസഫ് നും നാലു സഹായികൾക്കും നിലമ്പുർ ഉപതെരെഞ്ഞെടുപ്പ് വെല്ലുവിളി ആണ്

കെ സുധാകരന്റെ തട്ടകമായ കണ്ണൂരിൽ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത അനുയായി ആയി കണ്ണൂർ രാഷ്ട്രീയത്തിൽ പയറ്റി തെളിഞ്ഞ സണ്ണിക്കു വർഷങ്ങൾക്കു മുൻപ് ഡി സി സി പ്രസിഡന്റ് ആയ കാലം മുതൽ നേരിട്ട് രാഷ്ട്രീയ പോരാട്ടം നടത്തേണ്ടി വന്നത് പിണറായിയുടെയും കോടിയേരിയുടെയും ജയരാജന്മാരുടെയും സി പി എം നോട് ആയിരുന്നു

രണ്ടായിരത്തി പതിനൊന്നു മുതൽ പേരാവൂർ എം എൽ എ ആയ സണ്ണി ജോസഫ് കണ്ണൂർ ജില്ലയുടെ പരിധി വിട്ട് പുറത്തേയ്ക്കു കുറച്ചെങ്കിലും അറിയപ്പെടുവാൻ തുടങ്ങിയത് ഏഷ്യാനെറ്റ് ഉൾപ്പെടെയുള്ള ചാനലുകളിലെ അന്തി ചർച്ചയിൽ കൂടി ആണ്

ഇടതുപക്ഷ തരംഗത്തിൽ യൂ ഡി എഫ് നെ നിഷ്പ്രഭം ആക്കിയ രണ്ടായിരത്തി പതിനാറിലെ നിയമസഭ തെരഞ്ഞെടുപ്പിലും പിണറായി തരംഗത്തിൽ യൂ ഡി എഫ് ഉം ഒപ്പം കോൺഗ്രസും തകർന്നു തരിപ്പണമായ ഇരുപത്തി ഒന്നിലെ പൊതു തെരഞ്ഞെടുപ്പിലും സി പി എം ശക്തി കേന്ദ്രമായ കണ്ണൂരിന്റെ ഭാഗമായ പേരാവൂരിൽ വിജയക്കൊടി നാട്ടിയത് കുടിയേറ്റക്കാരനായ സണ്ണി ജോസഫ് എന്ന സൗമ്യനും ശാന്തനുമായ കോൺഗ്രസ് നേതാവ് ആയിരുന്നു

പുതിയ സണ്ണി ടീമിലെ രണ്ടാമനായ യൂ ഡി എഫ് കൺവീനർ അടൂർ പ്രകാശ് ഏറ്റെടുക്കുന്ന വെല്ലുവിളികൾ വിജയിപ്പിച്ച ചരിത്രം മാത്രം ഉള്ള കോൺഗ്രസ് നേതാവ് ആണ്

കോൺഗ്രസിനു ബാലികേറാമല ആയിരുന്ന പത്തനംതിട്ട ജില്ലയിലെ കോന്നി നിയമസഭ മണ്ഡലം തൊണ്ണൂറ്റി ആറിൽ സി പി എമ്മിൽ നിന്നും പിടിച്ചെടുത്ത അടൂർ പ്രകാശ് ഏതാണ്ട് ഇരുപത്തി മൂന്നു വർഷം കൊന്നിയുടെ എം എൽ എ ആയിരുന്നു. ഇതിനിടയിൽ രണ്ടു പ്രാവശ്യം ഉമ്മൻചാണ്ടി മന്ത്രിസഭയിൽ മന്ത്രിയും ആയിരുന്ന പ്രകാശ് തന്റെ ഭരണ പ്രാഗൽഭ്യം അധികാരത്തിൽ ഇരുന്ന രണ്ടു തവണയും തെളിയിച്ചു

രണ്ടായിരത്തി പത്തൊൻപതിൽ രാഹുൽ ഗാന്ധി പ്രധാന മന്ത്രിയാകും എന്നു പരസ്യ പ്രചരണം നടത്തിയ കോൺഗ്രസ് അതിന് ബലമേകൻ കേരളത്തിൽ നിന്നും മുഴുവൻ സീറ്റിലും കോൺഗ്രസ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ തന്ത്രം മെനഞ്ഞപ്പോൾ ഏറ്റവും വെല്ലുവിളി ആയിരുന്നത് ആറ്റിങ്ങൽ ലോക്സഭ മണ്ഡലത്തിലെ സ്ഥാനാർഥി ആരാകും എന്നതായിരുന്നു

പഴയ ചിറയിൻകീഴ് മാറി ആറ്റിങ്ങലായപ്പോഴും തലേകുന്നിൽ ബഷീറിന് ശേഷം ഒരു കോൺഗ്രസ് സ്ഥാനാർഥി പോലും ജയിച്ചിട്ടില്ലാത്ത ആറ്റിങ്ങലിൽ സി പി എം ന്റെ കരുത്തനായ സിറ്റിങ് എം പി സമ്പത്തിനെ നേരിടുവാൻ നറുക്ക് വീണത് കുരുക്ഷേത്ര യുദ്ധത്തിൽ വിജയം നേടിയ അർജ്ജുനനെ രാഷ്ട്രീയ പോരാട്ടത്തിൽ അനുകരിക്കുന്ന അടുർ പ്രകാശിനായിരുന്നു

ഇരുപത്തി മൂന്നു വർഷം തന്നെ സ്നേഹിച്ച കോന്നിയിലെ ജനങ്ങളെ വിട്ടു പിരിയുവാൻ വളരെ വിഷമം ഉണ്ടായിരുന്നു എങ്കിലും കോൺഗ്രസ് പാർട്ടി ഏൽപ്പിച്ച ആറ്റിങ്ങൽ ധൗത്യം ചങ്കൂറ്റത്തോടെ ഏറ്റെടുത്ത പ്രകാശ് ആറ്റിങ്ങലിൽ പുതിയ ചരിത്രം എഴുതി നെഞ്ചു വിരിച്ചു ആദ്യമായി ഇന്ത്യൻ പാർലമെന്റിന്റെ പടികൾ ചാടി കയറി

കഴിഞ്ഞ വർഷം നടന്ന ലോക്സഭ തെര

ഞ്ഞെടുപ്പിലും സിറ്റിംഗ് എം പി ആയി ആറ്റിങ്ങലിൽ ജനവിധി തേടിയ പ്രകാശ് സി പി എം ന്റെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയും ജനകീയനുമായ വി ജോയിയെ രാഹുൽ തരംഗം ഇല്ലാഞ്ഞിട്ടു കൂടി അവസാന റൗണ്ടിൽ മറികടന്നു കോൺഗ്രസിന്റെ മാനം കാത്തു ഇലക്ഷൻ എഞ്ചിനീയറിങ്ങിൽ താൻ ഉസ്താദ് ആണെന്ന് വീണ്ടും തെളിയിച്ചു. കെ പി സി സി യുടെ പുതിയ വർക്കിംഗ് പ്രസിഡന്റ് മാരിൽ ഏറ്റവും ജൂനിയർ ഷാഫി പറമ്പിൽ ആണെങ്കിലും വർത്തമാന കേരള രാഷ്ട്രീയത്തിൽ ഏറ്റവും കൂടുതൽ വാർത്തകളിൽ നിറയുന്നത് ഷാഫിയാണ്. പാലക്കാട് എം എൽ എ ആയി ഒതുങ്ങി പ്രവർത്തിച്ചിരുന്ന ഷാഫി ശ്രേദ്ധേയൻ ആകുവാൻ തുടങ്ങിയത് രണ്ടായിരത്തി ഇരുപത്തി ഒന്നിലെ നിയമസഭ തെരെഞ്ഞെടുപ്പോടു കൂടിയാണ്.

ബി ജെ പി യുടെ എ ക്ലാസ്സ് മണ്ഡലമായ പാലക്കാട് മണ്ഡലം ഏതു വിധേനയും പിടിച്ചെടുക്കണം എന്ന കേന്ദ്ര നേതൃത്വത്തിന്റെ നിർദ്ദേശനുസരണം ബി ജെ പി മെട്രോമാൻ ഇ ശ്രീധരനെ രംഗത്തു ഇറക്കിയപ്പോൾ ശ്രീധരനോട് ഇഞ്ചോട് ഇഞ്ച് പൊരുതിയ ഷാഫി മൂവായിരത്തിൽ പരം വോട്ടുകൾക്ക് മെട്രോമാനെ പരാജയപ്പെടുത്തി കോൺഗ്രസിന്റെ ഹീറോ ആയി ഒപ്പം കേരള രാഷ്ട്രീയത്തിലെ യുവ തലമുറയുടെ മുൻനിരയിൽ എത്തി.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ



വടകരയിൽ സി പി എം ന്റെ ഇന്ന് കേരളത്തിലെ ഏറ്റവും പ്രതിഛായ ഉള്ള നേതാവും മുൻ മന്ത്രിയും ആയ കെ കെ ശൈലജ ടീച്ചറെ നേരിടുവാൻ തയ്യാറാകാതെ കെ മുരളീധരൻ രായ്ക്കു രാമാനം വടകരയിൽ നിന്നും മുങ്ങിയപ്പോൾ ടി പി ചന്ദ്രശേഖരന്റെ കൊലപാതകത്തോടെ ദേശീയ അന്തർദേശീയ ശ്രദ്ധ ആകർഷിച്ച വടകര മണ്ഡലം നിലനിർത്താൻ കോൺഗ്രസ് കേന്ദ്ര നേതൃത്വം ത്തിനു ഷാഫിയുടെ അല്ലാതെ മറ്റൊരു പേര് ആലോചിക്കുവാൻ ഇല്ലായിരുന്നു.

പാലക്കാട് നിന്നും അഗ്രെഹാരത്തിലെ വയോധികരുടെ അനുഗ്രഹം വാങ്ങി പാലക്കാടൻ ചൂടുകാറ്റിൽ തുഴഞ്ഞു കടത്തനാടൻ മണ്ണിൽ കാലുകുത്തി വടകരയിൽ ശൈലജ ടീച്ചറെ വൻ ഭൂരിഭക്ഷത്തിൽ കടപുഴക്കി എറിഞ്ഞ ഷാഫി വടകരയിൽ കോൺഗ്രസിന്റെ മാനം കാത്തതോടു ഒപ്പം കേരളത്തിലെ കോൺഗ്രസിൽ ഉമ്മൻ ചാണ്ടിയുടെ യഥാർത്ഥ പിൻഗാമി ആണെന്ന് തെളിയിച്ചു.

ഏതാനും മാസങ്ങൾക്ക് മുൻപ് നടന്ന പാലക്കാട് ഉപ തെരഞ്ഞെടുപ്പിൽ കെ മുരളീധരൻ എന്ന അതികയാനുമായി പോരാടി സ്വന്തം സുഹൃത്ത് രാഹുൽ മാൻകൂട്ടത്തിലിനെ കോൺഗ്രസ് സ്ഥാനാർത്ഥിയാക്കി വിജയിപ്പിച്ചെടുത്ത ഷാഫി ഇലക്ഷൻ തന്ത്രൻങ്ങളിൽ താൻ ആരുടെയും പിന്നിൽ അല്ല എന്നു വീണ്ടും തെളിയിച്ചു.

ഏറെ നാളുകൾ ആയി എം എൽ എ മാർ ആയ പി സി വിഷ്ണുനാഥും എ പി അനിൽകുമാറും സണ്ണി ടീമിൽ അംഗങ്ങൾ ആയതോടെ അടുത്ത വർഷത്തെ നിയമസഭ പൊതു തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടു എ ഐ സി സി നിയോഗിച്ച പുതിയ കെ പി സി സി ടീം സെമി ഫൈനൽ ആയ നിലമ്പൂരിൽ ക്യാമ്പ് തുടങ്ങി.

മുതിർന്ന കോൺഗ്രസ് നേതാക്കൾ എല്ലാം നിഷേധിച്ചെങ്കിലും കഴിഞ്ഞ ദിവസം പാതിരാത്രിയിൽ രാഹുൽ മാൻകൂട്ടത്തിൽ പി വി അൻവറുടെ വീടിന്റെ മതിൽ ചാടി കടന്നു തലയിൽ മുണ്ടിട്ടു പോയി കോളിങ് ബെൽ അടിച്ചപ്പോൾ അൻവറിന്റെ വളർത്തു പട്ടികൾ മാൻകൂട്ടത്തിലിന്റെ പിന്നാലെ കുരച്ചു കൊണ്ടു ചാടിയത് സണ്ണി ടീമിന്റെ ആദ്യത്തെ നിലമ്പൂർ ഓപ്പറേഷൻ ആകാനാണ് സാധ്യത.



# വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയന്റെ ആഭിമുഖ്യത്തിൽ രമേശ് ചെന്നിത്തലയ്ക്ക് സ്വീകരണവും പുതിയ സ്ലോഗൻ പ്രകാശനവും



**ശ്രീകുമാർ ഉണ്ണിത്താൻ**

അമേരിക്കൻ മലയാളി സംഘടനകളുടെ സംഘടനായ 'ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക' (ഫൊക്കന) യുടെ 'ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന് നേതൃത്വം നൽകാൻ മുൻ പ്രസിഡന്റ് ജോജി വർഗീസിനെ ചുമതലപ്പെടുത്തിയതായി ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസും പ്രസിഡന്റ് സജിമോൻ ആന്റണിയും അറിയിച്ചു.

കേരളാ സംസ്ഥാനത്തെ സർവകലാശാലകളിലെ മലയാളത്തിലെ ഏറ്റവും മികച്ച പിഎച്ച്ഡി പ്രബന്ധത്തിനു കേരള സർവകലാശാലയും ഫൊക്കാന യുമായി ചേർന്ന് നൽകുന്ന അവാർഡ് ആണ് ഭാഷയ്ക്കൊരു ഡോളർ. നാശോന്മുഖമായ അവസ്ഥയിൽ നിന്ന് ഭാഷയേയും സംസ്കാരത്തേയും സംരക്ഷിക്കുക എന്നത് ഇനിയും മാനവികത നഷ്ട്ടപെട്ടിട്ടില്ലാത്ത സമൂഹത്തിൻറെ കടമയാണെന്ന ബോധം ഉൾക്കൊണ്ടാണ് ഫോക്കാനാ ഭാഷയ്ക്കൊരു ഡോളർ പദ്ധതിക്ക് തുടക്കം കുറിച്ചത്. കേരളാ സർവകലാശാലയാണ് ഈ അവാർഡ് നിർണ്ണയത്തിന് നേതൃത്വം നൽകുന്നത്. 50000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് ഈ അവാർഡ്.

ഒരു സർക്കാർ സംവിധാനം ഒരു പ്രവാസി സംഘടനയ്ക്ക് വേണ്ടി വലിയ ഒരു പദ്ധതി ഏറ്റെടുത്തു ചെയ്യുന്നത് കേരളത്തിൽ ആദ്യമായിട്ടാണ്. വർഷങ്ങളായി ഇന്നും ഇതു മുടങ്ങാതെ കേരളാ യൂണിവേഴ്സിറ്റിയാണ് ഇതിന്റെ നേതൃത്വം നൽകുന്നതും അവാർഡിന് അർഹരായവരെ അനൗൺസ് ചെയ്യുന്നതും. മലയാള സാഹിത്യമേഖലയിൽ ഏറെ അറിയപ്പെടുന്ന ഒരു പ്രോഗ്രാം ആണ് ഭാഷക്ക് ഒരു ഡോളർ.

ഏതൊരു ജനതയുടെയും സാമൂഹികവും സാംസ്കാരികവുമായ വികസനം സാധ്യമാകുന്നത് മാതൃഭാഷാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെയാണ്, അതുകൊണ്ടുതന്നെ അമേരിക്കൻ മലയാളികൾക്കിടയിൽ രൂപം കൊണ്ട ആദ്യ സംഘടന എന്ന നിലയിൽ ഫൊക്കാനയ്ക്ക് മലയാള ഭാഷയുടെ വികസനത്തിനും മലയാളി ഉള്ളിടത്തെല്ലാം മലയാള ഭാഷ എത്തണമെന്ന ആഗ്രഹവും മലയാളിയുടെ പുതിയ തലമുറ മലയാള ഭാഷയിൽ അഭിമാനം കൊള്ളണമെന്ന് നിർബന്ധവും ഫൊക്കാനയ്ക്ക് അന്നും ഇന്നുമുണ്ട്. ഫൊക്കാന മലയാള സാഹിത്യത്തിന് അതുല്യമായ സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന സംഘടനയാണ്.

ഫൊക്കാന അഭിമാന പൂർവം ഇന്നലകളിൽ അവതരിപ്പിച്ച ഒരു നല്ല നേതാവ് ജോർജി വർഗീസ്. സൗമ്യനായ ഒരു നേതാവ്. ഭാഷക്ക് ഒരു ഡോളർ ജനകിയമാക്കുന്നതിലും അദ്ദേഹം മുഖ്യ പങ്ക് വഹിച്ചു. ഫൊക്കാനയുടെ മുഖപത്രമായ 'ഫൊക്കാന റ്റുഡേ'യ്ക്കു പുതിയ

മുഖചരായയുമായി രംഗപ്രവേശം ചെയ്ത ജോർജി വർഗീസ് ഫൊക്കാനയിൽ നിരവധി പദവികൾ വഹിച്ചിട്ടുണ്ട്. ഏത് പദവികൾ ഏറ്റെടുത്തലും നൂറു ശതമാനനവും ആത്മാർത്ഥതയോട് പ്രവർത്തിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രവർത്തന രീതി.

വിദ്യാർഥി രാഷ്ട്രീയത്തിലൂടെ സാമൂഹ്യ പ്രവർത്തനം ആരംഭിച്ച അദ്ദേഹം, തിരുവല്ല മാർ തോമാ കോളേജിൽ നിന്നും BSc ബിരുദത്തിനു ശേഷം MSW ന് ഇൻഡോർ യൂണിവേസിറ്റിയിൽ പഠനം നടത്തുമ്പോൾ ഇൻഡോർ യൂണിവേഴ്സിറ്റിയുടെ കോളേജ് യൂണിയൻ സെക്രട്ടറി ആയതു വലിയ തെരഞ്ഞെടുപ്പിനെ നേരിട്ട് കൊണ്ടായിരുന്നു. യൂണിവേഴ്സിറ്റി റാങ്ക് ജേതാവ് കൂടിയാണ് അദ്ദേഹം.

മൾട്ടി നാഷണൽ കമ്പനിയായ ഹാരിസൺ ആൻഡ് ക്രോസ്സ് ഫീൽഡിന്റെ ലേബർ ഓഫീസർ ആയി ജോലി നോക്കുമ്പോൾ നിർണായകമായ ആയ പല തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ നേതൃത്വം നൽകി. കവിയുർ YMCA സെക്രെട്ടറിയയും, പല പ്രാദേശിക YMCA കളെ കോർത്തിണക്കിയ സബ് റീജണൽ YMCA യുടെ ചെയർമാനായും സേവനം ചെയ്തു.

OICC ഫ്ലോറിഡ ചാപ്റ്ററിന്റെ മുൻ പ്രസിഡന്റ് കൂടിയാണ്. മാർത്തോമാ സഭ നോർത്ത് അമേരിക്കൻ ഡയോസിസിന്റെ കൗൺസിൽ മെംബേർ ആയും പ്രവർത്തിച്ച അദ്ദേഹം സൗത്ത് ഫ്ലോറിഡ ചർച്ച് സെക്രട്ടറി, വൈസ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. കൗണ്ടി ഹ്യൂമൻ സർവീസസിലെ സീനിയർ മാനേജറായി ജോലി ചെയ്യുന്നു.




ജോർജി വർഗീസ് വഹിച്ച പദവികൾ എല്ലാം പരസ്പരവിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു പ്രവർത്തനത്തിലൂടെ അമേരിക്കൻ മലയാളികളുടെയും ഫൊക്കാനക്കാരുടെയും മനസ്സ് കവർന്ന് എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ജോർജി വർഗീസ് പ്രസിഡന്റ് ആയിരുന്നു സമയത്താണ് ഫൊക്കാനയുടെ പ്രവർത്തനം അടിമുടി മാറ്റുകയും ഫൊക്കാനയെ ജനകിയമാക്കുകയും , ചരിത്രപരമായ ഫൊക്കാന ഫ്ലോറിഡ കൺവെൻഷന്റെ ചുക്കാൻ പിടിക്കുകയും ചെയ്തു. അമേരിക്കയിലെയും കനഡയിലെയും മിക്ക അസ്സോസിയേഷനുകളുമായി നേരിട്ടു ബന്ധം പുലർത്തുന്ന വ്യക്തികൂടിയാണ്. ഭാര്യ ഡോ. ഷീല വർഗീസ്.

മലയാളത്തിലെ വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോട് നാപ്പാക്കിയ ഭാഷക്ക് ഒരു ഡോളർ ഇന്ന് അത് മലയാള ഭാഷയുടെ ഒരു തിലകക്കുറിയായി മാറിയിക്കുന്നു എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

പ്രശസ്തരായ എഴുത്തുകാരേയും വളര്ന്നു വരുന്ന സാഹിത്യകാരന്മാരെയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യുക എന്നത് ഫൊക്കനയുടെ പ്രധമ ലക്ഷ്യമാണ്. ഭാഷക്ക് ഒരു ഡോളർ പോലുള്ള പദ്ധിതികൾ ഫൊക്കാനയുടെ മുഖമുദ്രയാണ്.

മലയാളത്തെയും, മലയാള സാഹിത്യത്തെയും ഫൊക്കാനയോളം സ്നേഹിക്കുകയും തലോടുകയും ചെയ്ത ഒരു പ്രവാസി സംഘടനയും ഇല്ല എന്ന് തന്നെ പറയാം. ഈ അവാർഡിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന ജോർജി വർഗീസിന് ട്രസ്റ്റീ ബോർഡിന്റെ എല്ലാ ആശംസകളും നേരുന്നതായി ട്രസ്റ്റീ ബോർഡ് ചെയർ ജോജി വർഗീസ്, ട്രസ്റ്റീ ബോർഡ് വൈസ് ചെയർ സതീശൻ നായർ, ട്രസ്റ്റീ ബോർഡ് സെക്രട്ടറി ബിജു ജോൺ, മാമ്മൻ സി ജേക്കബ്, ലീല മാരേട്ട്, തോമസ് തോമസ് , ജെയ്ബു മാത്യു , ടോണി കല്ലുവാങ്കൽ എന്നിവർ അറിയിച്ചു.



# കെ .വി .മോഹൻകുമാർ ഐ എ എസ് (റിട്ടയേർഡ്) ഫൊക്കാന കേരള സാഹിത്യ സമ്മേളനത്തിന്റെ ചെയർമാൻ

## ശ്രീകുമാർ ഉണ്ണിത്താൻ , ഫൊക്കാന ജനറൽ സെക്രട്ടറി

കേരളത്തിലെ സാഹിത്യ സാംസ്കാരിക മേഖലകളിൽ നിറഞ്ഞു നിൽക്കുന്ന കെ വി മോഹൻ കുമാറിനെ ഫൊക്കാന കേരള സാഹിത്യ സമ്മേളനത്തിന്റെ ചെയർമാൻ ആയി നിയമിച്ചതായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.


ഫൊക്കാന കേരളാ കൺവെൻഷൻ 2025 ഓഗസ്റ്റ് ഒന്ന്, രണ്ട്, മുന്ന് തീയതികളിൽ കോട്ടയത്തെ കുമരകത്തുള്ള ഗോകുലം ഗ്രാന്റ് ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുബോൾ അതിലെ പ്രധാനപ്പെട്ട ഒന്നാണ് സാഹിത്യ സമ്മേളനവും സാഹിത്യ പുരസ്കര വിതരണങ്ങളും. നാം ജനിക്കുമ്പോഴേ നമുക്കൊപ്പം നീങ്ങുന്നതാണ് മാതൃഭാഷയും ഒപ്പമുള്ള സംസ്കാരവും . മാതൃഭാഷയിലൂടെയാണ് ഒരുവൻ ലോകത്തിലേക്ക് നടന്നുകയറുന്നത്. നമ്മുടെ ഭാഷക്കൊപ്പം നമ്മുടെ ജീവിതവും സംസ്കാരവും ചിട്ടപെട്ട് വരുന്നു. അതുകൊണ്ട് തന്നെ നാം നമ്മുടെ മാതൃഭാഷയോട് എന്നും കടപ്പെട്ടിരിക്കുന്നു. മലയാളഭാഷ ഉള്ളടത്തെല്ലാം സാഹിത്യാഭിരുചിയും വായനയും പരിപോഷിപ്പിക്കുവാൻ ഫൊക്കാന എന്നും പ്രതിജ്ഞാബദ്ധമാണ്.

കെ.വി. മോഹൻകുമാർ, പത്തു നോവലുകളും പന്ത്രണ്ട് കഥാസമാഹാരവും ഉൾപ്പെടെ 37 കൃതികളുടെ രചയിതാവാണ്. 'ഉല'യാണ് ഏറ്റവും പുതിയ നോവൽ. 'ഉഷ്ണരാശി' എന്ന നോവലിന് 2018-ലെ വയലാർ അവാർഡും കേരള സാഹിത്യ അക്കാദമി അവാർഡും ഉൾപ്പെടെ പതിനഞ്ച് പുരസ്കാരങ്ങൾ ലഭിച്ചു. കേരള കൗമുദി, മലയാള മനോരമ ദിനപ്പത്രങ്ങളിൽ ജില്ലാ ലേഖകനായും സബ് എഡിറ്ററായും പന്ത്രണ്ട് വർഷത്തെ പത്ര പ്രവർത്തനം.സാഹിത്യ മേഘലയിലും അഡ്മിനിസ്ട്രേറ്റീവ് മേഘലയിലും, പത്ര പ്രവർത്തനത്തിലും തനതായ വ്യക്തിമുദ്ര പതപ്പിച്ച വ്യക്തിത്വമാണ് അദ്ദേഹം.

1993-ൽ സംസ്ഥാന സിവിൽ സർവ്വീസിൽ ഡെപ്യൂട്ടി കലക്ടറായി നിയമിതനായി. ഖാദി ബോർഡ് സെക്രട്ടറി, സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി, ടൂറിസം വകുപ്പിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ, സുനാമി പുനരധിവാസ പദ്ധതി ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. 2004 ബാച്ചിൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.പാലക്കാട്ടും കോഴിക്കോട്ടും ജില്ലാ കലക്ടറായിരുന്നു.നോർക്ക റൂട്ട്സ് സി.ഇ.ഒ, ഗ്രാമ വികസന കമ്മീഷണർ, ഹയർ സെക്കൻഡറി ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറി എന്നീ പദവികൾ വഹിച്ചു.പാലക്കാട് ജില്ലാ കലക്ടറായിരിക്കെ 'ഖസാക്കിന്റെ ഇതിഹാസ'ത്തിന്റെ ഭൂമികയായ തസ്രാക്ക് സാംസ്കാരിക കേന്ദ്രമായി വികസിപ്പിക്കുന്നതിനും 'ഇതിഹാസ' കഥാപാത്രങ്ങളെ കരിങ്കല്ലിൽ ആവിഷ്കരിക്കുന്നതിനും പദ്ധതി നടപ്പാക്കി.പാലക്കാട് കോട്ടമൈതാനത്ത് കേരളത്തിലെ ആദ്യത്തെ കരിങ്കൽ ശിൽപ ഉദ്യാനമായ 'ശിലാവാടിക' സ്ഥാപിച്ചു.പാലക്കാട് ജില്ലാ കലക്ടരായിരിക്കെ മികച്ച സേവനത്തിന് രാഷ്ട്രപതിയുടെ കീർത്തിമുദ്രയും പ്രശംസാപത്രവും ലഭിച്ചു. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രഥമ ചെയർമാനായിരുന്നു.2023 ൽ സർവീസിൽ നിന്നു വിരമിച്ചു.

പ്രണയത്തിന്റെ മൂന്നാം കണ്ണ് , എടലാക്കുടി പ്രണയ രേഖകൾ, മാഴൂർ തമ്പാൻ രണ്ടാം വരവ്, ജാരനും പൂച്ചയും, ഹേ രാമ, ഏഴാമിന്ദ്രിയം,ശ്രാദ്ധശേഷം എന്നിവയാണ് ഇതര നോവലുകൾ. കാളിയമ്പ് ,സമ്പൂർണ്ണ കഥകൾ(1983 2020), പേപ്പർ വെയ്റ്റ്, സൗന്ദര്യ ബിലഹരി തുടങ്ങിയ 13 കഥാസമാഹാരങ്ങൾ.കൂടാതെ യാത്രാവിവരണം, ഓർമ്മ, ബാലസാഹിത്യം, ലേഖനങ്ങൾ ...'ഉഷണരാശി'അതേ പേരിൽ തമിഴിലും 'ങമി ഔിറ ' എന്ന പേരിൽ ഇംഗ്ലീഷിലും 'പ്രണയത്തിന്റെ മൂന്നാം കണ്ണ് ' 'The Third Eye of Love 'എന്ന പേരിൽ ഇംഗ്ലീഷിലും 'പ്രണയ് കീ തീസരീ ആംക്' എന്ന പേരിൽ ഹിന്ദിയിലും 'ശ്രാദ്ധശേഷം' 'End of A Journey' എന്ന പേരിൽ ഇംഗ്ലീഷിലും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത 25 കഥകൾ 'ജൽ രാശി 'എന്ന പേരിൽ ഹിന്ദിയിലേക്ക് മൊഴിമാറ്റിയിട്ടുണ്ട്. കുട്ടികളുടെ മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ 'കേശു','ക്ലിന്റ്' ,'ആരോ ഒരാൾ 'എന്നീ ചിത്രങ്ങൾക്ക് തിരക്കഥയെഴുതി. ആദ്യ നോവലായ 'ശ്രാദ്ധശേഷം' ചലച്ചിത്രമായി.ആലപ്പുഴ സ്വദേശിആണ്.

ഫൊക്കാന സാഹിത്യ കോർഡിനേറ്റർ ആയ ഗീത ജോർജ് , കോ- കോർഡിനേറ്റേഴ്സ് ആയ അബ്ദുൽ പുന്നിയൂർ കുളം, സരോജാ വർഗീസ് , കെ . കെ . ജോൺസൺ എന്നിവർ കെ.വി. മോഹൻകുമാറിനു ആശംസകൾ നേർന്നു.




GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ഇന്ത്യൻ ഓവർസീസ് കോൺഗ്രസിനെ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിൻറെ ആവശ്യം



**എ.സി.ജോർജ്**

ഹ്യൂസ്റ്റൻ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (I.O.C.) ഹ്യൂസ്റ്റൻ ചാപ്റ്റർ മെയ് 30നു വൈകുന്നേരം അപ്പനാബസാർ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ ചാപ്റ്റർ പ്രസിഡൻറ് തോമസ് ഓലിയാൻകുന്നേൽ അധ്യക്ഷത വഹിച്ചു. ഫോമാ സ്ഥാപക പ്രസിഡണ്ടും മുതിർന്ന പ്രവർത്തകനുമായ ശശിധരൻ നായർ യോഗം ഉൽഘാടനം ചെയ്തു. തദവസരത്തിൽ കേരളത്തിൽ നിന്നും സന്ദർശനത്തിനെത്തിയ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ഘടകം കോർഡിനേറ്റർ ആയ മഹാദേവൻ വാഴശ്ശേരിലിന് ഹൃദ്യമായ ഒരു സ്വീകരണം നൽകി. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തരികയും, ഇന്ത്യയെ പടുത്തുയുർത്തുകയും ചെയ്ത ഇന്ത്യൻ നാഷണൽ കോൺഗ്രസ് പല ദിശകളിൽ നിന്നും അനേകം വെല്ലുവിളികൾ നേരിടുന്ന ഈ അവസരത്തിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിൻറെ ഒരു ആവശ്യമാണെന്ന് യോഗത്തെ അഭിസംബോധന ചെയ്ത് അദ്ദേഹം സംസാരിച്ചു. ഇന്ത്യയെയും, ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐ ഒ സി) ഭാരവാഹികളും പ്രവർത്തകരും ഒറ്റക്കെട്ടായി നിന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിൻറെ, ജനസേവന പ്രവർത്തികളെ പിന്തുണക്കണമെന്നും, ജനാധിപത്യപരമായ ആശയങ്ങളെ ഉയർത്തിപ്പിടിക്കണമെന്നും അദ്ദഹം കൂട്ടിച്ചേർത്തു.

യോഗത്തിൽ, സ്റ്റാഫ്ഫോർഡ് മേയർ കെൻ മാത്യു, ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, മാത്യു നൈനാൻ (ഐഒസി, ഡാളസ്, പ്രസിഡണ്ട്), സന്തോഷ് കാപ്പിൽ (ഐഒസി, ഡാളസ്, ചെയർമാൻ) ജോയി സാമുവേൽ, എ.സി.ജോർജ്, ജോസ് പുന്നൂസ്, രാജേഷ് മാത്യു, എസ്.കെ.ചെറിയാൻ, ജോജി ജോസഫ്, ലീലാ മാത്യു തുടങ്ങിയവർ സംസാരിച്ചു.

സന്നിഹിതരായ എല്ലാവരും പൊതു ചർച്ചയിൽ വളരെ സജീവമായി പങ്കെടുത്തു.

അഭിപ്രായസ്വാതന്ത്ര്യത്തിലും ജനാധിപത്യ പ്രക്രിയയിലും ഉറച്ചു വിശ്വസിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിനുള്ളിൽ അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. അതെല്ലാം ചർച്ചയിലൂടെയും സഹകരണത്തിലൂടെയും പരസ്പര വിട്ടുവീഴ്ച



യിലൂടേയും എപ്പോഴും രമ്യമായി പരിഹരിച്ചുകൊണ്ട് പാർട്ടി എപ്പോഴും രാജ്യത്തിന്റെയും ജനത്തിന്റെയും പൊതു നന്മയും താത്പര്യവും മനസ്സിലാക്കി ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും ചർച്ചയിൽ പങ്കെടുത്ത ഏവരും അഭിപ്രായപ്പെട്ടു. പുതിയ കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫിനും എല്ലാവരും അഭിനന്ദനം അറിയിച്ചു. അതുപോലെ നിലമ്പൂർ അസംബ്ലി മണ്ഡലത്തിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലും കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിനും വിജയാശംസകൾ നേർന്നു.





# ഫോമാ ബൈലോകമ്മിറ്റി അംഗസംഘടനകളിൽ നിന്നും ഭേദഗതികൾ ക്ഷണിക്കുന്നു

**ഷോളി കുമ്പിളുവേലി,**
**പി.ആർ.ഓ ഫോമ**

ന്യൂയോർക്ക്: ഫോമയുടെ ഭരണഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുവാൻ വേണ്ടി, ജോൺസി വർഗീസ് ചെയർമാനായി പുനഃസംഘടിപ്പിച്ച ബൈലോകമ്മിറ്റി, ഫോമാ അംഗസംഘടനകളിൽ നിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. നിലവിൽ ഉള്ള ബൈലോയിൽ വരുത്തേണ്ടഭേദഗതികൾ ഈമാസം 30നു മുൻപായി ബൈലോ കമ്മിറ്റിയെ അറിയിക്കണമെന്ന് ചെയർമാൻ ജോൺ സി വർഗീസ് (സലിം)



അഭ്യർത്ഥിച്ചു.

സജി എബ്രഹാം (വൈസ്ചെയർമാൻ-ന്യൂയോർക്ക്), ജെ മാത്യു (ന്യൂയോർക്ക്), മാത്യു വൈരമൻ (ഹ്യൂസ്റ്റൺ), സിജോ ജയിംസ് (ടെക്സാസ് ), ബബ്ലു ചാക്കോ (സെക്രട്ടറി/ കോർഡിനേറ്റർ) എന്നിവരാണ് ബൈലോ കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.

ഇക്കാര്യത്തിൽ എല്ലാ അംഗസംഘടനകളുടെയും സഹകരണങ്ങൾ ബൈലോകമ്മിറ്റിക്കു ഉണ്ടാകണമെന്നു ഫോമപ്രസിഡന്റ് ബേബിമണക്കുന്നേൽ, ജനറൽസെക്രട്ടറി ബൈജുവർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ്പ്രസിഡന്റ് ഷാലുപുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾജോസ്, ജോയിൻറ് ട്രഷറർ അനുപമകൃഷ്ണൻ എന്നിവർ അഭ്യർത്ഥിച്ചു. താഴെ കൊടുത്തിരിക്കുന്ന ഇമെയിൽ ഐഡിയിൽ നിങ്ങളുടെ നിർദ്ദേശങ്ങൾ അയക്കാവുന്നതാണ് :

Fomaabylaw2025@gmail.com


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# പ്രചോദനത്തിന്റെ ഊർജ്ജം പരത്തിക്കൊണ്ട് ഐനാനിനഴ്സസ് വീക്ക് ആഘോഷിച്ചു



**പോൾഡി. പനക്കൽ**

ന്യൂയോർക്കിലെ ആയിരക്കണക്കിന് ഇന്ത്യൻനഴ്സുമാരുടെ സ്വരമായ ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക് (ഐനാനി) അർത്ഥപൂർണ്ണവും വർണ്ണശബളവുമായ പരിപാടികളോടെ ഈവർഷത്തെ നഴ്സസ്ദിനം ആഘോഷിച്ചു. ആധുനിക നഴ്സിംഗ് പ്രൊഫെഷനു വഴിയൊരുക്കിയ, 'ദി ലേഡി ദി ലാംപ്' എന്ന ഇരട്ടപ്പേരിൽ അറിയപ്പെടുന്ന ഫ്ലോറെൻസ് നൈറ്റിൻഗേലിന്റെ ജന്മദിനവാരത്തിൽ ഫ്ലോറൽ പാർക്ക് ജെയിംസ് ജെ അംബ്രോസ്സ് കൂൾ ഹാളിൽ നടന്ന ആഘോഷം നഴ്സുമാർ തങ്ങളുടെ അസാമാന്യമായ സമർപ്പണത്തെ അഭിമാനത്തോടെ പ്രതിഫലിപ്പിക്കുന്നതായിരുന്നു.

പോയവർഷത്തെ ഐനാനി പ്രെസിഡെന്റും ഇപ്പോഴത്തെ അഡ്വൈസറി ബോർഡ് ചെയറുമായ ഡോ. അന്നാജോർജിന്റെയും എ.പി.ആർ.എൻ. ചെയർ രുപീന്ദർ കൗറിന്റെയും പരിചയപ്പെടുത്തലോടെ ആരംഭംകുറിച്ച ആഘോഷത്തിന് സെക്രട്ടറി ഡോ. ശബ്നംപ്രീത്കൗർ സ്വാഗതം ആശംസിച്ചു. ഒരു ആഘോഷത്തെക്കാൾ നഴ്സുമാരുടെ ഓരോ ആരോഗ്യപരിപാലന സ്ഥാപനത്തിലും നഴ്സുമാർ അർപ്പിക്കുന്ന തളരാത്ത സേവനത്തിന്റെ അംഗീകാരമാണ് ഈ ദിനത്തിലെന്ന് ഡോ. കൗർ വിശേഷിപ്പിച്ചു. ഐനാനി പ്രസിഡന്റ് ഡോ. ഷൈലാ റോഷിനെ വൈസ്പ്രസിഡന്റ് ഡോ. എസ്തർ ദേവദാസ് പരിചയപ്പെടുത്തി സ്വാഗതം ചെയ്തു. അമേരിക്കയിലുടനീളം ഇന്ത്യൻനഴ്സുമാർ ആരോഗ്യമേഖലയിലെ എല്ലാതുറകളിലും മറ്റുള്ളവരുടെ ആരോഗ്യത്തിനായി നടത്തുന്ന അചഞ്ചലമായ പ്രതിബദ്ധതയെ വിശദീകരിച്ചു പുകഴ്ത്തികൊണ്ട് തന്റെ അധ്യക്ഷപ്രസംഗം തുടങ്ങി. അസോസിയേഷന്റെ സംസ്ഥാപനം മുതൽ അതിന്റെ നേതൃത്വം നടത്തിയ അനുകമ്പയും നിർഭയത്വവും നിസ്വാർത്ഥതയും നിറഞ്ഞ പ്രവർത്തനങ്ങൾവഴി ഐനാനി സമൂഹത്തിന്റെ പ്രകീർത്തിയും ബഹുമാനവും നേടിക്കഴിഞ്ഞു. മികവുകൾനിറഞ്ഞ ഒരു നഴ്സിംഗ് സമൂഹത്തെ വിജയപൂർവ്വം സൃഷ്ടിക്കുവാൻ ഐനാനിക്ക് കഴിഞ്ഞതിന്റെ ഫലമാണ് സമൂഹത്തിന്റെ വിവിധകോണുകളിൽ കമ്മ്യൂണിറ്റിയുടെ പ്രാദേശികാവശ്യങ്ങൾക്ക് അനുസരിച്ചുള്ള സേവന പ്രവർത്തനങ്ങൾ. സാമൂഹികാടിസ്ഥാനത്തിലും ഉന്നത വിദ്യാഭ്യാസത്തിലും തുടർ വിദ്യാഭ്യാസത്തിലും ഊന്നിയുള്ള ഐനാനിയുടെ ലക്ഷ്യങ്ങൾ നിർവഹിക്കുന്നതിന് അതിന്റെ അംഗങ്ങൾ സ്വമേധയാ മുന്നോട്ടു വരുന്നതും പരസ്പരബഹുമാനത്തോടെ ടീം





വർക്ക് വഴി പദ്ധതികൾ വിജയകാരമായി പൂർത്തീകരിക്കുന്നതും കെട്ടിപ്പടുത്ത കമ്മ്യൂണിറ്റിയുടെ ഫലമാണ് ഡോ. റോഷിൻ ചൂണ്ടിക്കാട്ടി.

മോലോ യൂണിവേഴ്സിറ്റി നഴ്സിംഗ് ഡയറക്റ്ററും പ്രൊഫെസ്സറുമായ ഡോ. ജെന്നിഫർ എമിലി മന്നിനോ മുഖ്യപ്രഭാഷണം നടത്തി. ന്യൂയോർക്ക് അസ്സെംബ്ലിമാൻ എഡ്വേർഡ് ബ്രൗൺസ്റ്റീൻ, അസ്സെംബ്ളി വുമൻ മിഷേൽ സോളാജെസ്, നാസോകൗണ്ടിലെ ജിസ്ലേറ്റർകാരിസോളാജെസ്, റോക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററും വൈസ്ചെയറുമായ ഐനാനി ഫൗണ്ടിങ് പ്രസിഡന്റ് ഡോ. ആനിപോൾ, ന്യൂയോർക്ക്സിറ്റി കൗൺസിൽ വുമൻ ലിൻഡലീ, എന്നിവർ അഭിനന്ദനപ്രസംഗങ്ങൾ നടത്തി. ആരോഗ്യരംഗത്ത് നഴ്സുമാരുടെ അസാമാനമായ സംഭാവനകളെ പ്രാസംഗികർ ഊന്നിപ്പറഞ്ഞു.

എല്ലാവർഷത്തെയും പോലെ പങ്കെടുത്ത നഴ്സുമാർ നഴ്സിംഗ് പ്രതിജ്ഞയിലൂടെ തങ്ങളുടെ രോഗികളോടുള്ള പ്രതിബദ്ധത ആവർത്തിച്ചു. മധുരമായ ഗാനങ്ങൾ, മനോഹരമായ നൃത്തങ്ങൾ എന്നിവയിലൂടെ പലനഴ്സുമാരും തങ്ങളുടെ കലാപടവാങ്ങൽ പ്രദർശിപ്പിച്ചു.

നഴ്സുമാർ വിശാലമായ ആരോഗ്യമേഖലയിൽ ഏതെല്ലാം നിലകളിൽ ഇന്ത്യൻനഴ്സുമാർ കർമ്മവ്യാപൃതരാണ് എന്ന് പരോക്ഷമായി വ്യക്തമാക്കുന്ന ഒരവസരംകൂടിയായിരുന്നു നഴ്സസ്‌വീക്ക് ആഘോഷത്തിനുള്ള ഒത്തുകൂടൽ. ഹോസ്പിറ്റലുകളിലും ക്ലിനിക്കുകളും രോഗികൾക്ക് നേരിട്ട് ശുശ്രൂഷ നൽകുന്ന പ്രാഥമികനഴ്സുമാരോടൊപ്പം അഡ്മിനിസ്ട്രേഷനിലും മാനേജ്മെന്റിലും യൂണിവേഴ്സിറ്റി അധ്യാപനരംഗത്തും ഗവേഷണത്തിലും കമ്മ്യൂണിറ്റിയുടെ ആരോഗ്യത്തിലും വിവിധ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നവർ ഒത്തു ചേർന്നപ്പോൾ തങ്ങൾ നഴ്സുമാരാണെന്ന അഭിമാനം നിറഞ്ഞ കൂട്ടായ്മയാണ് ദൃശ്യമായത്. മോലോ യൂണിവേഴ്സിറ്റി പ്രൊഫെസ്സർ ഡോ. അന്നാ ജോർജ്, ഹോഫ്സ്ട്ര-നോർത്വെൽസ്കൂൾ ഓഫ് നഴ്സിംഗ് ആൻഡ് ഫിസിഷ്യൻ അസിസ്റ്റന്റ് സ്റ്റഡീസ് ചെയർ ഡോ. ട്രീസ സ്കറിയ, വിഎനോർത് പോർട്ട് ചീഫ് നഴ്സിംഗ് ഓഫീസർ ഡോ. ആനി ജോർജ്, സൗത്ത്ബ്രൂക്ലിൻ (ന്യൂയോർക്ക് സിറ്റി ഹെൽത്ത് ആൻഡ് ഹോസ്പിറ്റൽസ് കോർപറേഷൻ) ചീഫ് നഴ്സിംഗ് ഓഫീസർ ഡോ. മൻജിൻഡർ കൗർ, ന്യൂയോർക്ക് സിറ്റി ഹെൽത്ത് ആൻഡ് ഹോസ്പിറ്റൽസ് ജെക്കോബി ആൻഡ് നോർത്ത് സെൻട്രൽ ഒക്ക്യൂപേശാനാൽ ഹെൽത്ത് സർവീസസ് ഡയറക്റ്റർ ഡോ. സോളിമോൾ കുരുവിള, സൗത്ത് ബീച്ച് സൈക്കയാട്രിക് സെന്റർ ചീഫ് നഴ്സിംഗ് ഓഫീസറായ ഐനാനിപ്രസിഡന്റ് ഡോ. ഷൈലറോഷിൻ, ജെക്കോബി മെഡിക്കൽ സെന്ററിലെ എജുക്കേറ്റർ ഡോ. എസ്ഥേർ ദേവദാസ്, മൌണ്ട് സൈനായ് ഹെൽത്ത് സിസ്റ്റം വൈസ് പ്രസിഡന്റ് ഡോ. പ്രിസില്ല സാമുവേൽ തുടങ്ങിയവർ ഐനാനിയെന്ന പ്രൊഫെഷണൽ നഴ്സിംഗ് സംഘടനയ്ക്ക് ബലം കൊടുക്കുന്നതിനോടൊപ്പം മുഖ്യധാരാ ആരോഗ്യ പരിപാലനത്തിൽ ഇന്ത്യക്കാരുടെ സ്വാധീനത്തെയും കാണിക്കുന്നു.








Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy



# അൻവർ അനാഥൻ
# സതീശോ ശോ

സുനിൽ വല്ലാത്തറ ഫ്ലോറിഡാ

കേരള രാഷ്ട്രീയത്തിലെ എല്ലാ കാലഘട്ടങ്ങളിലും കേരളത്തിലെ സി പി എം മലപ്പുറത്തെ മല്ലന്മാരായ മുസ്ലീംലീഗിനെ തളയ്ക്കാൻ അവരുടെ പാർട്ടിയിൽ നിന്നോ അതല്ലെങ്കിൽ യൂ ഡി ഫ് മുന്നണിയിൽ നിന്നോ ഒരു പ്രബലനായ മലപ്പുറം നേതാവിനെ വളച്ചു സി പി എം പാളയത്തിൽ എത്തിക്കാറുണ്ട്

പിണറായി വിജയൻ പാർട്ടി സെക്രട്ടറി ആയി ചുമതലയേറ്റ തൊണ്ണൂറ്റി എട്ടുമുതൽ അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യം ബംഗാളിൽ ജ്യോതിബസു ഇരുപത്തിയഞ്ചു വർഷം തുടർച്ചയായി സി പി എം നെ അധികാരത്തിൽ ഏറ്റി മുഖ്യമന്ത്രി ആയി ഇരുന്നപോലെ കേരളത്തിൽ കുറഞ്ഞത് തുടർച്ചയായി പതിനഞ്ചു വർഷമെങ്കിലും സി പി എം നെ അധികാരത്തിൽ കയറ്റി ഏറ്റവും കരുത്തനായ മുഖ്യമന്ത്രി ആകണം എന്നുള്ളതായിരുന്നു

ഇതിന്റെ ഭാഗമായി മലപ്പുറം സമ്മേളനത്തോടെ അച്ചുദാനന്ദ വിഗ്രഹം നടത്തി പാർട്ടി പിടിച്ചെടുത്ത പിണറായി രണ്ടായിരത്തി ആറിലെ നിയമസഭ തെരഞ്ഞെടുപ്പിൽ മത്സരിക്കാതെ മാറി നിന്നു സി പി എം അധികാരത്തിൽ കയറിയപ്പോൾ അച്ചുദാനന്ദനെ അധികാരം ഇല്ലാത്ത മുഖ്യമന്ത്രി ആക്കി അഞ്ചു വർഷം തനിക്കു ഇഷ്ടപ്പെട്ടവരെ മന്ത്രിമാർ ആക്കി പാർട്ടി സെക്രട്ടറി ഭരണം ആണ് നടപ്പിലാക്കിയത്

രണ്ടായിരത്തി പതിനൊന്നിൽ ഉമ്മൻചാണ്ടി കേവലം രണ്ടു എം എൽ എ മാരുടെ മാത്രം ഭൂരിപക്ഷത്തിൽ അധികാരത്തിൽ കയറി മുഖ്യമന്ത്രി ആയപ്പോൾ ഘടക കക്ഷി പാർട്ടികളുടെ ഒരുപാട് സമ്മർദ്ദങ്ങൾക്ക് അടിമപ്പെടേണ്ടി വന്നു അതിന്റ ഭാഗമായി മുസ്ലിംലീഗിന് അഞ്ചാം മന്ത്രി സ്ഥാനം നൽകേണ്ടി വന്നു

ലീഗ് അഞ്ചാം മന്ത്രിയെ നേടിയെടുത്തപ്പോൾ ചങ്ങനാശ്ശേരിയിലെ എൻ എസ് എസ് ആസ്ഥാനത്തു നിന്നും കണിച്ചുകുളങ്ങരയിലെ എസ് എൻ ഡി പി ആസ്ഥാനത്തുനിന്നും വന്ന ക്രൂരമ്പുകളെ പ്രതിരോധിക്കാൻ ഉമ്മൻചാണ്ടി നന്നേ വിഷമിച്ചു. പക്ഷേ നല്ല മെയ് വഴക്കം ഉള്ള രാഷ്ട്രീയ അഭ്യാസിയായ ഉമ്മൻചാണ്ടി തന്റെ മന്ത്രി സഭയിലെ അംഗമായ തിരുവഞ്ചൂർ രാധാകൃഷ്ണന് ആഭ്യന്തര വകുപ്പ് കൊടുത്തു ചങ്ങനാശ്ശേരിയിൽ നിന്നുള്ള ആക്രമണത്തെ താൽക്കാലികമായി തടഞ്ഞു

രണ്ടായിരത്തി പതിനാറു മുതൽ തുടർച്ചയായി പതിനഞ്ചു വർഷം അതായതു തനിക്കു പരിപൂർണ ആരോഗ്യത്തോടെ രാഷ്ട്രീയത്തിൽ നിൽക്കാവുന്ന കാലം മുഖ്യമന്ത്രി ആയിരിക്കണം എന്നു നേരത്തെ ദൃഢ പ്രതിങ്ജ എടുത്തിരുന്ന പിണറായി ഉമ്മൻചാണ്ടി അധികാരത്തിൽ ഇരുന്ന അഞ്ചു വർഷതിനിടയിൽ ഉണ്ടായ സോളാർ വിവാദവും ബാർ കോഴയും ഊതി വീർപ്പിച്ചു ഉമ്മൻചാണ്ടിയെ പരമാവധി ദുർബലനാക്കാൻ പിന്നിൽ നിന്നു പ്രവർത്തിച്ചു

കുറ്റിപ്പുറത്തു കുഞ്ഞാലിക്കുട്ടിയെ അട്ടിമറിച്ച കെ ടി ജലീലിലൂടെ മുസ്ലിംലീഗിന് കനത്ത പ്രഹരം കൊടുത്ത പിണറായി അടുത്തതായി ലക്ഷ്യം ഇട്ടതു നിലമ്പൂർ മണ്ഡലം ആയിരുന്നു. കോൺഗ്രസിന്റെ മലബാർ ബ്രാൻഡ് ആര്യടാൻ മുഹമ്മദ് മുപ്പതു വർഷത്തിൽ ഏറെ കൈവശം വച്ചിരുന്ന നിലമ്പൂർ മണ്ഡലം അദ്ദേഹം രോഗവസ്ഥയിൽ ആയപ്പോൾ നടന്ന രണ്ടായിരത്തി പതിനാറിലെ തെരഞ്ഞെടുപ്പിൽ പകരം മത്സരിച്ച അദ്ദേഹത്തിന്റെ പൊന്നോമന പുത്രൻ ആര്യടാൻ ഷൗക്കത്തിനെ നേരിടാൻ പിണറായി മലപ്പുറത്ത് നിന്നും കണ്ടു പിടിച്ച കോൺഗ്രസുകാരനും അതി സമ്പന്നനുമായിരുന്നു സാക്ഷാൽ പി വി അൻവർ

ജീവിത ലക്ഷ്യത്തിലേക്കു അടുത്തു കൊണ്ടിരുന്ന പിണറായി രണ്ടായിരത്തി പതിനാറിലെ പൊതു തെരഞ്ഞെടുപ്പിൽ ധർമടം മണ്ഡലത്തിൽ നിന്നും മത്സരിച്ചു വൻ വിജയം നേടിയപ്പോൾ ഒപ്പം എൽ ഡി എഫ് ഉം നൂറു സീറ്റു നേടി അധികാരത്തിൽ എത്തി. വായോധികനായ അച്ചദാനന്ദൻ മലമ്പുഴയിൽ നിന്നും ജയിച്ചു വന്നെങ്കിലും നിയമസഭയുടെ മൂലയ്ക്ക് ഇരുത്തി പിണറായി മുഖ്യമന്ത്രി ആയി അധികാരം ഏറ്റു

തന്റെ ലക്ഷ്യ സാക്ഷാൽകാരത്തിനു കരുത്തു പകർന്നു കൊണ്ടു നിലമ്പൂരിൽ ആര്യാടൻ ഷൗക്കത്തിനു എതിരെ വൻ വിജയം നേടി നിയമസഭയിലേക്ക് നെഞ്ചു വിരിച്ചു കയറി വന്ന അൻവറിനെ പിണറായി ആലിംഗനം ചെയ്താണ് അന്ന് സ്വീകരിച്ചത്

അൻവറിന് മുൻപേ ഇടതുപക്ഷ സഹയാത്രികൻ ആയ കെ ടി ജലീൽ പാര ആയതുകൊണ്ടു അന്ന് മന്ത്രി സ്ഥാനം നഷ്ടപ്പെട്ട അൻവറിന് പക്ഷേ പിണറായി നിരാശനാക്കിയില്ല മലപ്പുറം ജില്ലയുടെ മുടിചൂടാമന്നൻ ആക്കി

അങ്ങനെ കഴിഞ്ഞ ഒൻപതു വർഷമായി മലപ്പുറത്തെ കിരീടം വയ്ക്കാത്ത രാജാവായി വാഴ്ന്ന അൻവറിന് പക്ഷേ പാര ആയതു എ ഡി ജി പി അജിത്കുമാർ ആണ്.

തുടരെ തുടരെ തനിക്കും കുടുംബത്തിനും എതിരെ ഉണ്ടാകുന്ന കേസുകൾ പ്രതിരോധിക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യമുള്ളതുകൊണ്ട് അതിന്റെ ഇടനിലക്കാരനായ അജിത്കുമാറിനെ പിണറായി മനസ്സാക്ഷി സൂക്ഷിപ്പുകാരൻ ആക്കിയപ്പോൾ അജിത് കുമാറുമായി പലവട്ടം ഇടഞ്ഞ അൻവർ പിണറായിയുടെ ലിസ്റ്റിൽ നിന്നും ഔട്ടായി

പിണറായിയെ വെല്ലുവിളിച്ചു യൂ ഡി എഫ് ക്യാമ്പിൽ സ്ഥിരമായി കയറി ഇറങ്ങിയ അൻവറിന് കൂട്ടത്തിൽ എടുക്കാൻ ഭൂരിപക്ഷ കോൺഗ്രസ് നേതാക്കളും മുസ്ലിം ലീഗ് ഉൾപ്പെടെ ഉള്ള യൂ ഡി എഫ് ലെ ഘടക കക്ഷികളും തയ്യാറായതാണ്

സി പി എം ന്റെ ഭീഷമചര്യന്മാർ ആയ ഇ എം എസ് നെയും നായനാരെയും അച്ചുതാനന്ദനെയും കോൺഗ്രസിന്റെ മഹാരഥന്മാർ ആയ കെ കരുണാകരനും എ കെ ആന്റണിയും ഉമ്മൻ ചാണ്ടിയും ആദർശ രാഷ്ട്രീയത്തിലൂടെ നേരിട്ട പോലെ ആധുനിക രാഷ്ട്രീയത്തിന്റെ വക്താവായ രാഷ്ട്രീയ ചാണകൃൻ പിണറായി വിജയനെ നേരിടാൻ വളരെ ജൂനിയർ ആയ പ്രതിപക്ഷ നേതാവ് വി ഡി സതീശന് കഴിയുന്നില്ലേ അതോ അൻവറിന്റെ കാര്യത്തിൽ സതീശന് മറ്റെന്തെങ്കിലും അജണ്ട ഉണ്ടോ.


HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Discover
a New You at
TOTAL MEDICAL 360 LLC.
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends advanced medical practices to reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902,** TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# ഫൊക്കാന മെഡിക്കൽ കാർഡ് നിലവിൽ വന്നു,ചിലകാര്യങ്ങൾ അറിയുവാൻ വേണ്ടി




**ശ്രീകുമാർ ഉണ്ണിത്താൻ**

**ഫൊക്കാന ജനറൽ സെക്രട്ടറി**

**ഏതെക്കെ ഹോസ്പിറ്റലുകളുമായാണ് ഫൊക്കാന മെഡിക്കൽ കാർഡ് അഫിലിയേഷൻ ഉള്ളത് ?**

കേരളത്തിലെ പ്രധാനപ്പെട്ട സിറ്റികളിലെ ആറു സുപ്രധന ഹോസ്പിറ്റലുകളെ ഉൾക്കോള്ളിച്ചുകൊണ്ടാണ് ഫൊക്കാന മെഡിക്കൽ കാർഡ് നിലവിൽ വന്നത്. കൊച്ചിൻ രാജഗിരി ഹോസ്പിറ്റൽ , പാല മെഡ്സിറ്റി ,തിരുവല്ല ബിലീവേഴ്സ് ഹോസ്പിറ്റൽ ,ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ കോഴിക്കോട് ,കിംസ് ഹോസ്പിറ്റൽ തിരുവനന്തപുരം , കാരിത്താസ് കോട്ടയം എന്നി കേരളത്തിലെ പ്രമുഖ ഹോസ്പിറ്റലുകളുമായാണ് ഫൊക്കാന ഹെൽത്ത് കാർഡ് അഫിലിയേറ്റ് ചെയ്തിരിക്കുന്നത്.

**ആരാണ് ഈ ഹെൽത്ത് കാർഡിന് അർഹർ ?**

ഫൊക്കാനയിൽ ഇന്ന് നൂറിലധികം അംഗ സഘടനകൾ ഉണ്ട്, ഫൊക്കാനയിലെ അംഗസംഘടനയിലെ എല്ലാ അംഗങ്ങൾക്കും അവരുടെ നാട്ടിലെ കുടുംബാംഗങ്ങൾക്കും ഇത് ഉപയോഗിക്കാം. ഒരു കുടുംബത്തിന് ഒരു കാർഡ് മാത്രം മതി. ഫാമിലി എന്ന് ഉദ്ദേശിക്കുന്നത് വീട്ടിൽ ഉള്ള അച്ഛനയും അമ്മയും മക്കളും മാതാപിതാക്കളും ആണ് , അടുത്ത ബന്ധുക്കൾക്ക് വേണമെങ്കിൽ അവരുടെ പേരിൽ വേറെ കാർഡ് എടുക്കാവുന്നതാണ്.

**ഈ കാർഡുകൊണ്ട് എന്താണ് പ്രയോജനം ?**

അഞ്ചു മുതൽ ഇരുപത് ശതമാനം വരെ ഡിസ്കൗണ്ട്കൾ ഓഫർ ചെയ്യുന്നു , ഓരോ ഹോസ്പിറ്റലുമായുള്ള കോൺട്രാക്ട് അനുസരിച്ചു ഡിസ്കൗണ്ടിൽ വ്യത്യസം ഉണ്ട്. ഈ കാർഡ് വഴി പ്രേത്യക ചികിത്സ ഏർപ്പാട് ചെയ്യാനും ,ഓൺലൈൻ ആയി അപ്പോയ്ന്റ്മെന്റ് എടുക്കുവാനും ഡോക്ടറെ കാണുവാനും ഉള്ള സംവിധാനവും ഈ ഹെൽത്ത് കാർഡ് വഴി ലഭിക്കുന്നുണ്ട്. വിവിധതരത്തിലുള്ള ഹെൽത്ത് ചെക്ക് അപ്പ് പാക്കേജുകളും ഈ ഹെൽത്ത് കാർഡിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കാർഡുമായി വരുന്നവരെ സഹായിക്കാവാനായി ഓരോ ഹോസ്പിറ്റലും ഓരോ കോർഡിനേറ്റേഴ്സിനെ ഏർപ്പെടുത്തിയിട്ടുമുണ്ട്.

**അമേരിക്കയിൽ ഇഷുറൻസ് ഉള്ളവർക്ക് ഈ കാർഡ് ഉപയോഗപ്പെടുമോ ?**

അമേരിക്കയിലെ ഹെൽത്ത് ഇഷുറൻസ് കാർഡുകൾ എമെർജൻസി ഒഴിച്ച് കേരളത്തിലെ മിക്ക ഹോസ്പിറ്റലുകളിലും ഉപയോഗിക്കുവാൻ അമേരിക്കയിലെ ഹെൽത്ത് പ്രൊവൈഡേഴ്സ് അനുവദിക്കത്തില്ല,

**നാട്ടിലെ ഹെൽത് ഇൻഷുറൻസ് ഉള്ളവർക്ക് ഈ കാർഡ് ഉപയോഗിക്കാൻ പറ്റുമോ ?**

മറ്റ് ഹെൽത്തുഇൻഷുറൻസ് പരിരക്ഷ ഉള്ളവർക്ക് ഡിസ്കൗണ്ടുകൾ ലഭിക്കുന്നത് അതാതു ഹോസ്പിറ്റലുകളുടെ പോളിസി അനുസരിച്ചു മാത്രമായിരിക്കും . ഡബിൾ ഡിസ്കൗണ്ടുകൾ മിക്ക ഹോസ്പിറ്റലുകളും അനുവദിക്കത്തില്ല.

**ഫൊക്കാനയുടെ അംഗങ്ങൾ അല്ലാത്തവർക്ക് ഈ കാർഡിന്റെ ബെനഫിറ്റ് കിട്ടുമോ ?**

ഫൊക്കാനയുടെ അംഗങ്ങൾ അല്ലാത്തവർക്ക് ഈ കാർഡിന്റെ ബെനഫിറ്റ് കിട്ടത്തില്ല പക്ഷേ അവർക്ക് ഫൊക്കാനയുടെ ഏതെങ്കിലും മെംബെർ സംഘടനകളിൽ അംഗങ്ങൾ ആകുന്നത് വഴിയോ അല്ലെങ്കിൽ അവർ പ്രതിനിധികരിക്കുന്ന സംഘടന ഫൊക്കാനയുടെ മെംബെർ ആകുന്നത് വഴി ഈ ബെനിഫിറ്റിന് അർഹരാവുന്നതാണ്.

**എന്താണ് ഫൊക്കാന മെഡിക്കൽ കാർഡിന്റെ ചരിത്രം ?**

2020 ജോർജി വർഗീസ് പ്രസിഡന്റും സജിമോൻ ആന്റണി സെക്രട്ടറി ആയിരുന്ന സമയത്തു രാജഗിരി ഹോസ്പിറ്റൽ കൊച്ചിയുമായി സഹകരിച്ചു തുടങ്ങിയ മെഡിക്കൽ കാർഡാണ് ഇത് , ആ കാലയളവിൽ 1000 ത്തിൽ അധികം ആളുകൾക്ക് പ്രയോജനം ലഭിച്ചിരുന്നു , എന്നാൽ ഇപ്പോൾ കേരളത്തിലെ ആറിൽ അധികം സൂപ്പർ സ്പെയേഷ്യലിറ്റി ഹോസ്പിറ്റലുകളുമായി സഹകരിച്ചാണ് ഇന്ന് ഈ കാർഡ് വിപുലീകരിച്ചിരിക്കുന്നത് , ഇത് മാറ്റ് ഒരു സംഘടനകൾക്കും അവകാശപ്പെടുവാൻ കഴിയാത്ത ഒരു കാര്യമാണ്.

**ഫൊക്കാന മെഡിക്കൽ കാർഡിന് എന്തെങ്കിലും ഫീസ് ചാർജ് ചെയ്യുന്നുണ്ടോ ?**

ഫൊക്കാനയുടെ സ്നേഹ സമ്മാനമായ ഈ കാർഡ് ഫ്രീ ആണ് , കാർഡ് പ്രിന്റിങ്ങും വിതരണവും ഉൾപ്പെടയുള്ള ലോജിസ്റ്റിക് ചെലവുകൾ ഫൊക്കാനയും, മെഡിക്കൽ ഡിസ്കൗണ്ടുകൾ അതാത് ഹോസ്പിറ്റലുകളുമാണ് നൽകുന്നത് . അഡ്മിഷൻ സമയത്തു ഹെൽത്ത് കാർഡ് ഹോൾഡർ ആണ് എന്ന് അറിയിക്കുക , ചില ഹോസ്പിറ്റൽസ് കാർഡ് കാണിക്കുവാൻ ആവിശ്യപ്പെട്ടേക്കാം.

**എങ്ങനെയാണ് ഈ മെഡിക്കൽ കാർഡ് കിട്ടുന്നത് ?**


താഴെ കാണുന്ന ലിങ്കിൽ പേര് രജിസ്റ്റർ ചെയ്താൽ ഒരു മാസത്തിനകം കാർഡ് മെയിലിൽ അയച്ചു തരുന്നതായിരിക്കും , അതോടൊപ്പം അതാതു റീജയണിലെ ഫൊക്കാന ഒഫീഷ്യൽസ് മുഖേനയും ഈ കാർഡ് ലഭ്യമാക്കുന്നതാണ് . Please Register in this link : https://medical.fokanaonline.org



The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# നാണക്കേടായിപ്പോയി രാഹുലേ... ഈ പാതിരാ നാടകം





**രാജു മൈലപ്രാ**

രാഹുൽ മാങ്കൂട്ടം എന്ന യുവ നേതാവ് കോൺഗ്രസിന്റെ ഒരു ഭാവി പ്രതീക്ഷയായിരുന്നു. യുവജനങ്ങളുടെ ഒരു ആവേശമായിരുന്നു. എന്നാൽ ഒരൊറ്റ തരംതാണ പ്രവൃത്തികൊണ്ട് അദ്ദേഹത്തിന്റെ 'ക്രെഡിബിലിറ്റി' നഷ്ടപ്പെട്ടിരിക്കുന്നു.

'കാര്യം കാണാൻ കഴുതക്കാല് പിടിക്കുന്ന' ഒരു ഊച്ചാളിയായി അയാൾ തരംതാണിരിക്കുന്നു.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന്റെ ഫലം എന്തുതന്നെ ആയാലും അത് ബഹുമാനപ്പെട്ട പിണറായി വിജയൻ നയിക്കുന്ന സർക്കാരിന് ഒരു ഭീഷണിയല്ല. വരുന്ന തെരഞ്ഞെടുപ്പുകളിലേക്കുള്ള ഒരു ചൂണ്ടുപലകയുമല്ല.

നാഴികയ്ക്ക് നാൽപ്പത് വട്ടം സ്വന്തം നിലപാടുകൾ മാറ്റിപ്പറയുന്ന അൻവർ സാഹിബുമായി ഇനി ഒരു ചർച്ചയ്ക്കില്ലെന്ന് മുന്നണി നേതൃത്വം ഒറ്റക്കെട്ടായി തീരുമാനം എടുത്തതിനു ശേഷമാണ്, താനൊരു വലിയ സംഭവം ആണെന്ന് വരുത്തി തീർക്കാൻ രാഹുൽ എന്ന പറക്കമുറ്റാത്ത യുവനേതാവ്, പാതിരാത്രിയിൽ അൻവറിക്കയുടെ കാല് പിടിക്കുവാൻ പോയത്.

ഒരൊറ്റ നേതാവും ഒരു ചർച്ചയ്ക്കും ഇനിമേൽ താനുമായി ഒരു കാരണവശാലും ബന്ധപ്പെടരുതെന്ന്, അൻവർ കർശനമായ താക്കീത് നൽകിയ ശേഷമാണ്, രാഹുലിന്റെ തലയിൽ മുണ്ടിട്ടുകൊണ്ടുള്ള ഈ പാതിരാ നാടകം അരങ്ങേറിയത്. നാണം കെട്ട് നാറാൻ ഇതിനപ്പുറം എന്തെങ്കിലും വേണോ?

പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പടുത്തുയർത്തിയ കോൺഗ്രസിന്റെ ഈ തെരഞ്ഞെടുപ്പിലെ ഉയർന്ന ഗ്രാഫ്, എത്ര അനായാസമാണ് ഈ പ്രവർത്തി മൂലം രാഹുൽ തകർത്തത്. വി.ഡി. സതീശന്റെ കരണത്തേറ്റ ഒരു ഒന്നൊന്നര അടിയായിപ്പോയി ഇത്.

തികച്ചും അപ്രസക്തമായിക്കൊണ്ടിരുന്ന അൻവറിന്റെ സ്റ്റോക്ക് മാർക്കറ്റ് വാല്യു വീണ്ടും കുതിച്ചുയർന്നു.

എതിരാളികൾക്ക് കോൺഗ്രസിനെ പരിഹസിക്കാനുള്ള ഒരു ഒന്നാന്തരം ആയുധമാണ് രാഹുൽ മാങ്കൂട്ടത്തിൽ അവർക്ക് മൂർച്ച മിനുക്കി കാഴ്ചവെച്ചത്.

അല്ലെങ്കിലും ഈ കോൺഗ്രസ് അങ്ങിനെയാണ്. എപ്പോഴെങ്കിലും വിജയസാദ്ധ്യത തെളിഞ്ഞുവന്നാൽ, തമ്മിൽത്തല്ലി, അതു തല്ലിക്കെടുത്തും.

'കോൺഗ്രസിന്റെ ശത്രുക്കൾ കോൺഗ്രസ് നേതാക്കന്മാർ തന്നെയാണെന്ന്' ആരോ പറഞ്ഞത് സത്യമാണ്.

'തലയിരിക്കുമ്പോൾ വാലാടരുത്' അമിതാവേശം ആപത്താണ് എന്ന കാര്യം രാഹുൽ എന്ന പയ്യൻസ് മറക്കാതിരുന്നാൽ അത് അയാൾക്ക് തന്നെ നല്ലത്.

'കുട്ടിക്കുരങ്ങിനെ കൊണ്ട് ചൂടു ചോറു വാരിക്കുന്ന' പരിപാടി ആരോ പിന്നിൽ നിന്നും കളിച്ചിട്ടുണ്ട്. ഇനി ആര്യാടൻ ഷൗക്കത്തിനെ തോൽപ്പിക്കുവാൻ എ.കെ.ജി സെന്ററിൽ നിന്നും നീലപ്പെട്ടിയിൽ രാഹുൽ പണം കൈപ്പറ്റിയിട്ടുണ്ടെന്ന് ആരെങ്കിലും ആരോപിച്ചാൽ തന്നെ അത്ഭുതപ്പെടാനില്ല.

വി.ഡി സതീശനെ ഒന്നിരുത്താൻ കിട്ടിയ സന്തോഷത്തിലാണ് കോൺഗ്രസിലെ മറ്റു മുഖ്യമന്ത്രിപദ മോഹികളിൽ പലരും. ആര്യാടന്റെ വിജയത്തേക്കാൾ, വി.ഡി. സതീശന്റെ പ്രതിഛായയ്ക്ക് മങ്ങലേപ്പിക്കുന്നതിലാണ് ഇവർക്ക് താത്പര്യം.


വെറുതേ മാളത്തിലിരുന്ന സ്വരാജിനെ പുച്ഛിച്ചും പരിഹസിച്ചും പുകച്ച് പുറത്തു ചാടിച്ച്, സ്വന്തം പാർട്ടി ചിഹ്നത്തിൽ മത്സരിക്കാനുള്ള കരുത്തും കളവും ഒരുക്കി കൊടുത്തതിലും രാഹുൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഏതായാലും ഒരു കാര്യം ഉറപ്പാണ്. പിണറായി വിജയൻ എന്ന ചാണക്യനോട് നേർക്കു നേർ മുട്ടണമെങ്കിൽ കേരളത്തിലെ കോൺഗ്രസുകാർ കുറച്ചുകൂടി മൂക്കണം.

മുഖ്യമന്ത്രി പിണറായി വിജയന്റെ 'തുടരും' ഭരണത്തിന് പാതയൊരുക്കുന്ന കോൺഗ്രസ് നേതാക്കന്മാർക്ക് ഒരു 'ബിഗ് റെഡ് സല്യൂട്ട്' !


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# എഴുത്തുകാരനും ചിന്തകനുമായ നൈനാൻ മാത്തുള്ളാക്ക് ഡോക്ടറേറ്റ്



എ.സി.ജോർജ്

ഹ്യൂസ്റ്റൻ: പ്രശസ്ത എഴുത്തുകാരനും ചിന്തകനുമായ നൈനാൻ മാത്തുള്ള സെൻഡ് ജെയിംസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ക്രിസ്ത്യൻ വേദശാസ്ത്ര പഠനമായ അപ്പോളജെറ്റിക്സ് (Apologetics) വിഷയത്തിൽ ഗവേഷണവും പഠനവും നടത്തി പ്രബന്ധം അവതരിപ്പിച്ചു PHD ബിരുദംനേടി. മെയ് 25നു വൈകുന്നേരം 6 മണിക്കു ഹൂസ്റ്റണിലെസ്റ്റാഫോർഡ്എഡ്വിൻനഴ്സിംഗ് കോളേജ് ഓഡിറ്റോറിയത്തിൽവച്ചു അനേകം രാഷ്ട്രീയസാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെസാന്നിധ്യത്തിൽ സെൻഡ് ജെയിംസ് യൂണിവേഴ്സിറ്റി പ്രിൻസിപ്പൽ ബിഷപ്പ് ഡെയ്ൽ ക്ലിമീ, നൈനാൻമാത്തുള്ളക്കു PHD സർട്ടിഫിക്കറ്റും ബഹുമതിപത്രവും നൽകി. കോൺവൊക്കേഷൻ ചടങ്ങിൽ റവ.എബ്രഹാം തോട്ടത്തിൽ അദ്ധ്യക്ഷനായിരുന്നു.



Saint James University

To all who may read these letters, Greetings:
Hereby it is certified that upon recommendation of
the Regents of The Saint James University have conferred upon

Ninan Mathullah

in recognition of the satisfactory fulfillment of the prescribed requirements
the degree of

Doctor of Philosophy
In Christian Apologetics

with all the rights, privileges and honors pertaining here and elsewhere.
Given at Sanford, Florida this Twenty-fifth day of May, Two Thousand and Twenty-five.

ഡോക്ടർ നൈനാൻ മാത്തുള്ള സ്വന്തം പഠനത്തെയും ഗവേഷണത്തെയും ആധാരമാക്കി ഗ്രാജുവേഷൻ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. യോഗത്തിന്റെ തുടക്കത്തിലും പരിപാടികളുടെ വിവിധ സമയങ്ങളിലുമായി പ്രാർത്ഥനാ ഗാനങ്ങളും ഭക്തിഗാനങ്ങളും പാസ്റ്റർ രാജുജോൺ, പാസ്റ്റർ സാബു ലൂയിസ്, പാസ്റ്റർ വി.എം.എബ്രഹാം, പാസ്റ്റർ ജോൺസൺ, ഹെക്സിബാ ജോൺസൺ, ആൻഡ്രൂസ്ജേക്കബ് തുടങ്ങിയവർ ആലപിച്ചു. പാസ്റ്റർ സാബു ലൂയിസ് ഭക്തി ഗാന സിഡി പ്രകാശനം നടത്തി. കുമാരി നെസ്റ്റാ ചാക്കോ, ക്രിസ്ത്യൻ ക്ലാസിക്കൽ ഭക്തി ഗാന അകമ്പടിയോടെ അവതരിപ്പിച്ച നൃത്തം അതിമനോഹരമായിരുന്നു.

ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി കെ.പി.ജോർജ്, ജഡ്ജി സുരേന്ദ്രൻ പട്ടേൽ, വേൾഡ് മലയാളി ചെയർവുമൺപൊന്നുപിള്ള, വിവിധ സാമൂഹ്യ സാംസ്കാരിക, സംഘടന, സാഹിത്യ പ്രവർത്തകരുമായ ഡോക്ടർ ജയരാമൻ, ഡോക്ടർ മനു ചാക്കോ, എ.സി. ജോർജ്, ഡോക്ടർ മാത്യു വൈരമൺ, അനിൽ ആറന്മുള, തോമസ് ചെറുകര, ജോയ് തുമ്പമൺ, ബേബി ഊരാളിൽ, ഫാൻസിമോൾ പള്ളാത്തുമഠം, ഈപ്പൻവർക്കി, ടി.ൻ.സാമുവൽ, പാസ്റ്റർ ജോൺസൻ തുടങ്ങിയവർ ഉന്നത ബിരുദധാരിക്ക് ആശംസ അർപ്പിച്ച് സംസാരിച്ചു.

മിസോറി സിറ്റി മേയർ റോബിൻ എലക്കാട്, ജഡ്ജി ജൂലി മാത്യു, ഡബ്ലിയു എം സിപ്രസിഡണ്ട് എസ്കെചെറിയാൻ, ജോർജ്പുത്തൻകുരിശ്, ജോർജ് മണ്ണിക്കരോട്ട് തുടങ്ങിയവർ ഡോക്ടർ നൈനാൻ മാത്തുള്ളയെ അഭിനന്ദിച്ചുകൊണ്ട് സന്ദേശം അയച്ചതു രേഖപ്പെടുത്തി.


ടി.എം.മത്തായി യോഗത്തിൽ സന്നിഹിതരായ ഏവർക്കും നന്ദി രേഖപ്പെടുത്തി സംസാരിച്ചു. വിഭവസമൃദ്ധമായ സദ്യയോടെയാണ് ഗ്രാജ്വേഷൻ കോൺവൊക്കേഷൻ യോഗം സമാപിച്ചത്.










In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി




**ഏലിയാമ്മ ജോർജ്**

ന്യൂയോർക്ക്:സ്റ്റാറ്റൻ ഐലന്റിലെ ആദ്യകാല മലയാളി കുടുംബങ്ങളിൽ ഒരാളായിരുന്ന തിരുവല്ല വളഞ്ഞവട്ടം ഇട്ടിയമ്പറമ്പിൽ പരേതനായ പി.കെ.ജോർജിന്റെ സഹധർമ്മിണി ഏലിയാമ്മ ജോർജ് (88) കേരളത്തിൽ അന്തരിച്ചു. പരേത ദീർഘകാലം സീവ്യൂ ഹോസ്പിറ്റൽ & ഹോമിൽ രജിസ്റ്റേർഡ് നഴ്സ് ആയി സേവനമനുഷ്ഠിച്ചിരുന്നു. സ്റ്റാറ്റൻഐലന്റ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയ ഇടവകാംഗമാണ്. പരേതരായ റ്റിപ്പി ജോർജ്, ടിജി ആൻഡ്രൂസ് എന്നിവർ മക്കളും അലക്സ് ആൻഡ്രൂസ് മരുമകനുമാണ്. ആരൺ ആൻഡ്രൂസ് കൊച്ചുമകനാണ്.

**ബൈജു**

വാഴൂർ:ഇളപ്പുങ്കൽ തകിടിയേൽ ബൈജു (46) അന്തരിച്ചു.



**ഫാ. വിൻ സെന്റ് വൈപ്പിശ്ശേരിൽ**

കണ്ണങ്കര: അമേരിക്കയിലെ ഗാൽ വെസ്റ്റേൺ രൂപതയിൽ ദീർഘകാലം വൈദികനായിരുന്ന ഫാ. വിൻസെന്റ് വൈപ്പിശ്ശേരിൽ (73) അന്തരിച്ചു. തണ്ണീർമുക്കം കണ്ണങ്കര വൈപ്പിശ്ശേരിൽ പരേതരായ ചാക്കോയുടെയും അന്നമ്മയുടെയും മകനാണ്. സഹോദരങ്ങൾ: ലില്ലി ജോസഫ്, ഫിലിപ്പ് സി. വൈപ്പിശ്ശേരിൽ, സിസ്റ്റർ ജ്യോതിസ് മരിയ, എൽസി തോമസ്, പരേതരായ ത്രേസ്യാമ്മ സൈമൺ, ജോസഫ് വൈപ്പിശ്ശേരിൽ, ബേബി ചാക്കോ വൈപ്പിശ്ശേരിൽ.

**നിബു**

ഇളങ്കാട്:മുക്കുളം താഴത്തങ്ങാടി പുളിമൂട്ടിൽ പി.പി.ഇസ്മായിലിന്റെയും സുബൈദയുടെയും മകൻ നിബു (52) അന്തരിച്ചു. ഭാര്യ: കാഞ്ഞിരപ്പള്ളി നെല്ലിമല പുതുപ്പറമ്പിൽ ബിൻസി.



**തോമസ് കൊച്ചുപറമ്പിൽ**

ന്യൂജേഴ്സി: മുളന്തുരുത്തി കൊച്ചു പറമ്പിൽ കുടുംബാംഗം തോമസ് കൊച്ചുപറമ്പിൽ(74) ന്യൂജേഴ്സിയിൽ അന്തരിച്ചു.പുതൃക്ക വേങ്ങശ്ശേരിമഠത്തിൽ കുടുംബാംഗം മേരിക്കുട്ടി തോമസ് ആണ് സഹധർമ്മിണി. മെവിൻ തോമസ്(ന്യൂജേഴ്സി ട്രാൻസിറ്റ് അതോറിറ്റി) ഏക പുത്രനും അഞ്ജലി മെവിൻ പുത്രഭാര്യയുമാണ്. ജെയ്മി കൊച്ചുമകളാണ്. ന്യൂജേഴ്സിയിലെ വാണാക്യൂ സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് ഇടവകയിലെ സജീവ അംഗമാണ്. ഇന്ത്യൻ അതിർത്തി സുരക്ഷാ സേനയിൽ 15 വർഷത്തെ സ്തുത്യർഹ സേവനത്തിനു ശേഷം അമേരിക്കയിൽ എത്തിയ തോമസ് ന്യൂജേഴ്സിയിലെ റസ്റ്റോറന്റുകളായ പാഴ്സിപ്പനിയി ലെ മെർക്ക് മെഡ്ക്കോ എന്നി വിടങ്ങളിൽ ഉദ്യോഗസ്ഥനായിരുന്നു.



**ജെയിൻ ടി കല്ലറക്കൽ**

ഫിലഡൽഫിയ: കഴിഞ്ഞ നാല് ദശാബ്ദത്തിലധികമായി ഫിലഡൽഫിയയിൽ താമസിക്കുന്ന ജെയിൻ ടി കല്ലറക്കൽ (69) അന്തരിച്ചു. നസ്രേത്ത് ആശുപത്രിയിൽ റെസ്പിറ്ററി തെറാപ്പിസ്റ്റായി 35 വർഷത്തിലേറെ പ്രവർത്തിച്ചു. ഫിലാഡൽഫിയ സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് ചർച്ചിലെ സജീവ അംഗമായിരുന്നു. പള്ളി സെക്രട്ടറി, ട്രഷറർ തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ചു. ന്യൂ യോർക്കിൽ മാവേലി സ്റ്റോർ നടത്തുകയും ടൈംസ് ഓഫ് ഇന്ത്യയിൽ പ്രവർത്തിക്കുകയും ചെയ്ത മൂത്ത സഹോദരൻ ജോൺ മോഹൻ കല്ലറക്കൽ നേരത്തെ അന്തരിച്ചു. ഭാര്യ ആൻഡ്രിയ. മക്കൾ: അജിത് ജെയിൻ (കാമിൽ), അനിത ജെയിൻ, അനീഷലിയാണ്. കൊച്ചുമകൾ: സോഫിയ ജെയിൻ.



**എം.ഡി. തോമസ്**

അയർക്കുന്നം: ഫോമാ കൾച്ചറൽ ഫോറം ചെയർ ഡാനിഷ് തോമസിന്റെ പിതാവ് എം.ഡി. തോമസ് അന്തരിച്ചു. ഫോമാ മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ് വസതിയിലെത്തി ആദരാഞ്ജലി അർപ്പിച്ചു. ഫോമാ പുഷ്പചക്രം അർപ്പിച്ചു.

**രാധ നായർ**

ചങ്ങനാശേരി:വാഴപ്പള്ളി കീഴൂർ രാധ നായർ (81) മകൻ ഡോ. രാജേഷ് നായരുടെ അങ്കമാലി മുക്കന്നൂർ നാലുകെട്ട് വസതിയിൽ അന്തരിച്ചു. ഭർത്താവ്: പരേതനായ കൃഷ്ണൻകുട്ടി നായർ (റിട്ട.ഓണററി ഫ്ളൈറ്റ് ലഫ്റ്റനന്റ്. മകൾ: മീര നായർ. മരുമക്കൾ: ഡോ. ബിജി യു.നായർ, ടി.സി. വിജയചന്ദ്രൻ താഴത്തുപുരക്കൽ കോട്ടയം (ശബരിമല അയ്യപ്പ സേവാസമാജം കോട്ടയം ജില്ലാ സെക്രട്ടറി).



**ആനിയമ്മ വർക്കി**

സൗത്ത്ഫ്ളോറിഡ: കോട്ടയം ആർപ്പൂക്കര ചെറുവള്ളിപറമ്പിൽ പരേതനായ വർക്കിയുടെ ഭാര്യ ആനിയമ്മ വർക്കി (90) അന്തരിച്ചു. പരേത മോഴൂർ മാലുപറയിൽ കുടുംബാംഗമാണ്. മക്കൾ: സജിമോൻ (കോട്ടയം), ജിജിമോൾ (കുവൈറ്റ്), സുനുമോൾ (ഫ്ളോറിഡ, യു എസ് എ) സോജി മോൻ (കുവൈറ്റ്).മരുമക്കൾ: ലിസി സജിമോൻ, വിനോദ് ഉമ്മൻ, മത്തായി മാത്യു, സിന്ധു സോജിമോൻ.

**പി.സി.ജേക്കബ്**

എസ്എച്ച് മൗണ്ട്:ചക്കുപുരയ്ക്കൽ പി.സി.ജേക്കബ് (അനിയൻ81) അന്തരിച്ചു. ഭാര്യ: കാവാലം തൊട്ടുകടവിൽ ത്രേസ്യാമ്മ ജേക്കബ്. മകൾ: ഡോ. മായ ജേക്കബ്. മരുമകൻ: ഡോ. വരുൺ ജോയ് മന്നയ്ക്കനാട് തെന്നാട്ട്.



**ഡെയ്സി എബ്രഹാം**

സിഡ്നി: ഡെയ്സി എബ്രഹാം (46 വയസ്സ്) ഓസ്ട്രേലിയയിലെ സിഡ്നിയിൽ അന്തരിച്ചു കാൻബറ പെന്തക്കോസ്റ്റൽ ചർച്ച് സഭയിലെ അംഗമാണ്. തിരുവനന്തപുരം പട്ടം സ്വദേശിനിയും പട്ടം ചർച്ച് ഓഫ് ഗോഡ് സഭയിലെ അംഗവുമായ ഡെയ്സി എബ്രഹാം ചില നാളുകളായി ക്യാൻസർ ബാധിച്ച് ചികിത്സയിലായിരുന്നു.ഏക മകൻ ഓസ്ട്രേലിയയിലാണ്.

**ജോസഫ് പുതിയേടൻ**

പഴയ പാമ്പനാർ:പുതിയിടത്ത് ജോസഫ് പുതിയേടൻ (79) അന്തരിച്ചു. ഭാര്യ: കൂത്രപ്പള്ളി വയലുങ്കൽ വൽസ പുതിയേടൻ. മക്കൾ: ഡോ.സുജിൻ റെജിന പുതിയേടൻ (പൂണെ). മരുമകൻ: മാവേലിക്കര കുരിശുംമൂട്ടിൽ രവി വില്യം (മധുര).




**ഡോ.അറക്കൽ ചുമ്മാർ ജോസഫ്**

കൊച്ചി : അമേരിക്കയിൽ പ്രൊഫസറായിരുന്ന പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണൻ ഡോ അറക്കൽ ചുമ്മാർ ജോസഫ് (എ.സി. ജോസഫ്) കൊച്ചിയിൽ അന്തരിച്ചു. മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ഗ്രാജുവേറ്റ് അസിസ്റ്റന്റായി ആരംഭിച്ച അദ്ദേഹം, മിഷിഗണിലെ അഡ്രിയൻ കോളേജിൽ (1970 1972) മാർക്കറ്റിംഗ് അസിസ്റ്റന്റ് പ്രൊഫസറായി ഭാര്യ ലീല ചിരപ്പണത്ത് കടുകുറ്റി.മക്കൾ: സൈമൺ, ജോർ ജ്ജ്. മരുമക്കൾ: ഷീല, സ്വപ് ന. പേരക്കുട്ടികൾ : ക്രിസ്റ്റീന, കരോലിൻ, കാത്തി

**ഗ്രേസി ജോസഫ്**

ചങ്ങനാശേരി:ആലപ്പുഴ കട്ടികാട് അഗസ്റ്റിൻ ജോസഫിന്റെ ഭാര്യ ഗ്രേസി ജോസഫ് (69) അന്തരിച്ചു.



**ടി.സി. ജേക്കബ്**

കോട്ടയം: മണർകാട് തെങ്ങുംതുരുത്തേൽ ടി.സി. ജേക്കബ് (മോൻ–82) ജർമനിയിൽ അന്തരിച്ചു. മൂവാറ്റുപുഴ മുൻ രൂപതാഅദ്ധ്യക്ഷൻ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്തായുടെ സഹോദരി ഭർത്താവാണ്. ഭാര്യ: വത്സമ്മ, മക്കൾ: ജെസി, ജെയ്സി. മരുമക്കൾ: സാറ, സെബാസ്റ്റ്യൻ.

**അന്നമ്മ ജോസഫ്**

പൂവൻതുരുത്ത്കുന്നത്തുമുറ്റം അന്നമ്മ ജോസഫ് (61) അന്തരിച്ചു. ഭർത്താവ്: ജോസഫ് മത്തായി. മക്കൾ: മഞ്ജു, മനു. മരുമക്കൾ: ശ്യാം , അനു.

**സതീന്ദ്രനാഥ്**

പായിപ്പാട്:വേങ്ങമഠത്തിൽ സതീന്ദ്രനാഥ് (80) അന്തരിച്ചു. രാധാമണി. മക്കൾ: ലീന പ്രേംനാഥ്, രാകേഷ്. മരുമക്കൾ: പ്രേംനാഥ് , ശ്രീജ



**പെണ്ണമ്മ കുര്യാള**

എസ്.എച്ച്.മൗണ്ട്: തുരുത്തികാട്ട് പരേതനായ റ്റി.സി. കുര്യാളയുടെ ഭാര്യ പെണ്ണമ്മ കുര്യാള (93) അന്തരിച്ചു. പരേത എസ്.എച്ച്. മൗണ്ട് പൗവ്വത്ത് കുടുംബാംഗമാണ്. മക്കൾ: ഗ്രേസി, തങ്കമ്മ, സി. സുജ (വിസിറ്റേഷൻ കോൺവെന്റ് ആർപ്പൂക്കര), ജെസ്സി, സജി, റെജി, വിജയൻ, ജിജി. മരുമക്കൾ: ജോസ് നായ്ക്കലാത്ത് തെള്ളകം, ജോയി കൊച്ചുപറമ്പിൽ മള്ളുശ്ശേരി, റ്റോമിച്ചൻ ചെറുപറമ്പിൽ പാച്ചിറ, ഷാന്റി സജി മാമ്പഴപറമ്പിൽ എസ്.എച്ച്. മൗണ്ട്, ഷൈനി മുഴിച്ചാൽ കോലാനി, സിജി വെളിമറ്റത്തിൽ കാനംവയൽ, ജോസ് അയ്ലേടം കരിങ്കുന്നം.

**തങ്കച്ചൻ**

ചങ്ങനാശേരി:കിളിമല ചിറയിൽ പുതുപ്പറമ്പിൽ തങ്കച്ചൻ (78) അന്തരിച്ചു.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയ്‌ലി
ന്യൂസ് ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News